241059

241059

# സേവാശ്രമം

A. 890.

വിദ്വാൻ, എ. എൻ. രാഘവൻ നായർ

24/059

# സേവാശ്രമം.


ഗ്രന്ഥകൎത്താ,

വിദ്വാൻ, കുമാരനല്ലൂർ, എ. എൻ. രാഘവൻ നായർ,

രാഷ്ട്രഭാഷാ വിശാരദ്, ഹിന്ദിപ്രചാരക്.



പ്രസാധകന്മാർ,

പി. കെ. ബ്രദേഴ്സ്, കോഴിക്കോട്ട്.


(Copyright to Publishers)


First Edition—1000 Copies.

1947 ] [ വില ക. 1 ണ. 4

894.83
KUN

# അവതാരിക

ജീവിതവും സാഹിത്യവും പാലും വെള്ളവുംപോലെ പൊരുത്തമുള്ളതാണ്. ജീവിതത്തിൻെറ സുന്ദരവശങ്ങൾ സാഹിത്യത്തിൻെറ സുന്ദരവശങ്ങളെ സ്സശിക്കുന്നതുപോലെ അസുന്ദരങ്ങളായ അന്തരീക്ഷങ്ങളും സാഹിത്യത്തെ സാരമായി ബാധിക്കുന്നുണ്ട്. സംതൃപ്തിയിൽനിന്ന് നിത്യാനന്ദവും, അസംതൃപ്തിയിൽനിന്ന് നിത്യദുരിതവും ഉണ്ടാകുന്നു എന്ന തത്വവും മനുഷ്യജീവിതത്തിൽ സവ്വസാധാരണമായി കാണുന്നുണ്ട്. സംസ്കൃതചിത്തനായ ഒരു സാഹിത്യകാരൻ ജീവിതരഹസ്യങ്ങളെ ചിത്രീകരിക്കാൻ ഒരുമ്പെടുമ്പോൾ യഥാർത്ഥമായി നിവ്വഹിക്കുന്നത് ഇവയുടെ സമന്വയമാണ്. അവരുടെ വിജയവും അതിലാണ് സ്ഥിതിചെയ്യുന്നത്. "കാവ്യം യശസേ, അർത്ഥകൃതേ, വ്യവഹാരവിദേ, ശിവേതരക്ഷതയേ" എന്ന തത്വം അനുസരിച്ച് കാവ്യനിമ്മിതിക്ക് ഒരുങ്ങിയിട്ടുള്ള നമ്മുടെ പൂവ്വാചാര്യന്മാർ അസംതൃപ്തിയിൽ നിന്നും ചില സുന്ദരവശങ്ങളെ നമുക്ക് കാട്ടിത്തന്നിട്ടുണ്ട്. ചുററുപാടുമുള്ള മലിനതയിൽ മനസ്സുമങ്ങി, അവരുടെ മനോമുകുരത്തിൽ പ്രതിഫലിക്കുന്ന ആശയങ്ങൾ സംസ്കാരസമ്പത്തോട് ചേത്ത് ആവിഷ്കരിക്കാനുള്ള വ്യഗ്രതയിൽ സ്ഥിതി മറന്ന് ഭാവനാലോകത്തിലേക്ക് ഉയരുന്നു. ഇത്തരം സന്ദർഭങ്ങളിലാണ് ആലോചനാമൃതങ്ങളായ കാവ്യതല്ലജങ്ങൾ ബഹിർഭൂതമാകുന്നത്. ഇത്തരം ആചാര്യന്മാരുടെ പാവനപാദങ്ങളെ പിൻതുടന്ന് കാവ്യകലയെയാരുങ്ങുന്ന ഒരാളിന് മാലിന്യത്തിനിടയിലും മനോഹരവസ്തുക്കളെ ദശിക്കാൻ

കഴിയും. ഇങ്ങനെയാണ് യഥാർത്ഥമായ— അനുഗൃഹീതമായ കലാസൃഷ്ടി.

യുവസഹജമായ ചാപല്യവും, തദനുഗുണമായ പരിതഃസ്ഥിതിയും, ധനസമ്പത്തുംകൊണ്ട് ഒ ാകരേയും തന്നേയും വഴിപിഴപ്പിക്കുന്ന ഒരു രാമനാഥനേയും, ഒരു ഭക്തനാമധാരിയേയും സൂത്രമായി സ്വീകരിച്ചുകൊണ്ട്, അവർ കാണിക്കുന്ന വികൃതികളും, അനന്തരഫലങ്ങളും, അവയുടെ സംഘട്ടനം മൂലം അനുഭവിക്കുന്ന ദുരിതങ്ങളും അവസാനമുണ്ടാകുന്ന മാനസാന്തരവുമാണ് പ്രസ്തുത ഗ്രന്ഥത്തിലെ കഥാബീജം. ഇവരുടെ പ്രവർത്തനങ്ങൾക്ക് അനുകൂലമായി അവതരിപ്പിച്ചിട്ടുള്ള മനോരമ, സുലോചന, എന്നീ രണ്ടു നായികമാരേയും കഥാഘടനയ്ക്കു് മാററുകൂട്ടുന്ന വിധത്തിലാണ് ചിത്രീകരിച്ചിട്ടുള്ളത്. ഒരു മാതൃകാജീവിതത്തിൻെറ യഥാർത്ഥനില കർമ്മജ്ഞാനയോഗങ്ങളുടെ സമന്വയമാണ് എന്ന ഗീതാതത്വം അനുസരിച്ച് കർമ്മനിരതരായി കഴിയുന്ന ഈ കഥാപാത്രങ്ങളുടെ സാധുജനസംരക്ഷണവും, സൌജന്യപരമായ വിദ്യാപ്രചരണവും, ഭക്തിസമ്പാദകമായ ആശ്രമവാസവും, സ്വാഭാവികമായ രീതിയിൽ വർണ്ണിക്കുന്നതിൽ ഗ്രന്ഥകാരൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട് എന്നുള്ളതിൽ പക്ഷാന്തരമില്ല. നീതിന്യായപരിപാലനത്തിൽ സദാചാരനിഷ്ഠരെന്ന് അഭിമാനിക്കുന്ന ചില പോലീസ് അധികൃതന്മാർ കാട്ടിക്കൂട്ടുന്ന നിഷ്ഠുരകൃത്യങ്ങളും, അവർ അനുഭവിക്കുന്ന ദുരിതങ്ങളും ഔചിതപൂർവം കഥയിൽ സന്നിവേശിപ്പിക്കുന്നതിൽ ഗ്രന്ഥകാരൻ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

ശ്രീമാൻ എ. എൻ. രാഘവൻനായരുടെ സാന്മാർഗ്ഗികബോധവും, സംസ്കാരസമ്പത്തും എനിക്ക് അദ്ദേഹവുമായി

ഒരു വ്യാഴവട്ടത്തിൽ കുറയാതെയുള്ള പരിചയംകൊണ്ടു് നേരിട്ടറിയാവുന്നതാണു്. അദ്ദേഹം ഒരു ഹിന്ദിപണ്ഡിതൻ കൂടെ ആണെന്നുള്ളതു് ആലോചിക്കുമ്പോൾ, ഹിന്ദിഭാഷയിൽ അടിയുറച്ചുകിടപ്പുള്ള ഭാരതീയസംസ്കാരസമ്പത്തു് അദ്ദേഹത്തിന്റെ തൂലികാഗ്രത്തിൽകൂടി അങ്ങിങ്ങായി പ്രതിഫലിച്ചു കാണുന്നതിൽ അത്ഭുതത്തിനവകാശമില്ല. "കമലകുമാരി, പാവനകുസുമം, സരയൂബാല, പ്രേമപ്രസാദനം, പ്രേമാദർശം" എന്നീ ഗ്രന്ഥങ്ങൾ മാതൃഭാഷയ്ക്കു് ഉപഹാരങ്ങളായി സമർപ്പിച്ചു് ഇതിനകം പ്രശസ്തി നേടിയിട്ടുള്ള പ്രസ്തുതഗ്രന്ഥകാരന്റെ ആറാമത്തെ കൃതിയായ "സേവാശ്രമം" എന്ന ഈ ഗ്രന്ഥത്തെ ഞാൻ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

Trivandrum
1—5—47

B. Padmanabha Pillay M. A.
University of Travancore.

# സേവാശ്രമം.

## അദ്ധ്യായം ൧.

ഭാരതഭൂമി വാസ്തവത്തിൽ സൌന്ദൎയ്യദേവതയുടെ നൃത്തരംഗം തന്നെയാണ്. വനങ്ങൾ, പൎവ്വതങ്ങൾ, സാനുപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ഋഷിശ്രേഷ്ഠന്മാരുടെ ആശ്രമങ്ങൾ, മനോഹരങ്ങളായ നദീതടാകങ്ങൾ, വിഭിന്നവൎണ്ണങ്ങളിലുള്ള പക്ഷികളുടെ കളകളശബ്ദങ്ങൾ എന്നിവ ഭാരതഭൂമിയുടെ പ്രകൃതിസൌന്ദൎയ്യത്തെ വൎദ്ധിപ്പിക്കുന്നവതന്നെയാണ്. ഇന്നത്തെ പരിഷ്കൃതജനങ്ങളെന്ന് അഭിമാനം കൊള്ളുന്ന പാശ്ചാത്യർപോലും അജ്ഞാനാന്ധകാരത്തിൽ മുഴുകി, മൃഗീയമായ ജീവിതം നയിച്ചിരുന്ന ഒരു കാലത്ത്, ഗംഗാ, യമുനാ മുതലായ നദീതടങ്ങളിലും, ഉന്നതങ്ങളായ ഗിരിഗഹ്വരങ്ങളിലും വസിച്ചിരുന്ന ഋഷീശ്വരന്മാർ ഭാരതത്തിൽ വിദ്യാപ്രചാരം മഹനീയമാംവണ്ണം അനുഷ്ഠിച്ചുപോന്നു. കുബേരകുചേലഭേദമെന്യെ പ്രതിഫലേച്ഛകൂടാതെയാണ് അവർ വിദ്യാപ്രചരണം നടത്തിവന്നതു്. ജ്ഞാനസൂൎയ്യന്റെ ഉദയം ആദ്യമായുണ്ടായതും ഈ ഭാരതവസുന്ധരയിൽതന്നെയാണ്. എന്നാൽ ആധുനികവിദ്യാഭ്യാസസമ്പ്രദായം എത്ര യുവഹൃദയങ്ങളെയാണ് നൈരാശ്യഗൎത്തത്തിൽ നിപതിപ്പിച്ചിട്ടുള്ളതു്. നിൎദ്ധനനായ ഒരുവനു് വിദ്യാഭ്യസനം ഇന്നു് ഭാരതഭൂമിയിൽ സുകരമല്ല. അതിന്റെ മാഹാത്മ്യവും ഇന്നു് അജ്ഞാതമാണ്. വിദ്യാൎത്ഥി താൻ പ്രതിമാസം നല്കിവരുന്ന ഫീസിലും, അദ്ധ്യാപകൻ തനിക്കു ലഭിക്കുന്ന വേതനത്തിലും

മാത്രമാണ് ഇന്നത്തെ ഗുരുശിഷ്യബന്ധം പുഷ്ടത്തിപ്പോരുന്നതു്. പാശ്ചാത്യഭരണസമ്പ്രദായം പവിത്രഭാരതഭൂമിയിൽ നടപ്പിലായതിന്റെ ദുരന്തഫലങ്ങൾ മാത്രമാണിതു്.

കാൺപുരംകാളേജിൽ വാർഷികപരീക്ഷ നടന്നുകൊണ്ടിരിക്കുകയാണു്. വിദ്യാർത്ഥികൾ ഓരോരുത്തരും എഴുതികൊണ്ടിരിക്കുന്നു. ഇതിനിടയിൽ കറുത്ത സൂട്ടു് ധരിച്ച ദീർഘകായനായ ഒരാൾ വിശാലമായ ആ പരീക്ഷാഹാളിൽ പ്രവേശിച്ചു ചുററുപാടും ഒന്നു കണ്ണോടിച്ചശേഷം യതീന്ദ്രനാഥ്, അസ്സീസ്, രാമനാഥ് എന്ന മൂന്നു കുട്ടികളുടെ പേരുവിളിച്ചു. വിദ്യാർത്ഥികൾ മൂന്നുപേരും എഴുന്നേററുനിന്നു. ആ ആൾ കാളേജിലെ പ്രധാന അദ്ധ്യാപകനാണെന്നു തോന്നുന്നു. അവരുടെ അടുത്തുചെന്നു് "നിങ്ങൾ മൂന്നുപേരും മാർച്ച് മാസത്തിലെ ഫീസ് കൊടുക്കാത്തതുകൊണ്ടു് പരീക്ഷയ്ക്കു് എഴുതുവാൻ അനുവാദമില്ല." ഇത്രയും കേട്ടയുടൻ യതീന്ദ്രനാഥനും അസ്സീസും രൂപ എടുത്തു് അദ്ധ്യാപകനെ ഏല്പിച്ചശേഷം എഴുതാൻ തുടങ്ങി. രാമനാഥനോടു് "ഫീസ് കൊണ്ടുവന്നിട്ടുണ്ടോ" എന്നു് അദ്ധ്യാപകൻ ചോദിച്ച ചോദ്യത്തിനു് "ഇല്ല" എന്നു് ആ യുവാവു് വിനീതസ്വരത്തിൽ മറുപടി പറഞ്ഞു. "ഫീസുകൊണ്ടുവരാതെ പരീക്ഷയ്ക്കു് വന്നിരിക്കുവാൻ തന്നോടാരു പറഞ്ഞു? ഇറങ്ങു് പുറത്തു്" ഈ ഗർജ്ജനംകേട്ടു് "സർ! ഇന്നെഴുതട്ടെ, നാളെ ഫീസു കൊണ്ടുവരാം" എന്നു് രാമനാഥൻ വണക്കത്തോടുകൂടി പറഞ്ഞു. എന്നാൽ അവന്റെ ഈ പ്രാർത്ഥന അദ്ധ്യാപകൻ ചെവിക്കൊണ്ടില്ല. എഴുതിക്കൊണ്ടിരുന്ന കടലാസ് പിടിച്ചെടുത്തു് കീറിയശേഷം പരീക്ഷാഹാളിൽനിന്നും പുറത്താക്കി. അശ്രുകലുഷിതമായ നയന

ങ്ങളോടുകൂടി രാമനാഥൻ പരീക്ഷാഹാൾ വിട്ടു. ആ യുവാവിനോടുള്ള സഹതാപം പ്രകടിപ്പിക്കുമാറു് ആ ഹാളിലുണ്ടായിരുന്ന എല്ലാ വിദ്യാർത്ഥികളും അഞ്ചുമിനിട്ടുനേരം വരെ എഴുത്തു് നിർത്തി അയാളെത്തന്നെ നിർന്നിമേഷരായി നോക്കിക്കൊണ്ടിരുന്നു. നിരാശനും തപ്തഹൃദയനുമായ രാമനാഥൻ സ്വഗൃഹത്തിലെത്തി ആരോടും ഒന്നുംതന്നെ സംസാരിക്കാതെ ശയ്യയെ അഭയം പ്രാപിച്ചു. അയാളുടെ മാതാവു് രണ്ടുമൂന്നു പ്രാവശ്യം ആഹാരത്തിനു് ക്ഷണിച്ചപ്പോൾ, സുഖമില്ലാത്തതുകൊണ്ടു് തല്ക്കാലം ആഹാരം വേണ്ടെന്നു പറഞ്ഞു പലതും ചിന്തിച്ചും, തൻെറ വിഷമസ്ഥിതിയിൽ അധികം ഖേദിച്ചും അയാൾ കുറെ അധികനേരം കിടക്കയിൽതന്നെ കിടന്നു. ഏതാണ്ടു് സായാഹ്നമായപ്പോൾ അയാൾ അവിടെനിന്നും എഴുന്നേററു് പുറത്തേക്കു പോയി.

കാൺപുരംമുൻസിഫ് കോടതിയിലെ ഒരു ക്ലാർക്കായ അമരനാഥൻെറ പ്രഥമസന്താനമാണു് രാമനാഥൻ. രാമനാഥനെക്കൂടാതെ അമരനാഥനു് വേറെയും മൂന്നു സന്താനങ്ങളുണ്ടു്. കാൺപുരംപട്ടണത്തിൽനിന്നും ഏകദേശം മുപ്പതു മൈൽ ദൂരെയുള്ള ഒരു ഗ്രാമപ്രദേശമാണു് അദ്ദേഹത്തിൻെറ ജന്മഭൂമി. പൈതൃകസ്വത്തായി ഒരു ചെറിയ ഭവനവും, അതു് സ്ഥിതിചെയ്യുന്ന പറമ്പും മാത്രമാണു് അമരനാഥനു് ലഭിച്ചിട്ടുള്ളതു് പട്ടണവാസമാരംഭിച്ചതോടുകൂടി കേവലം 50-ക പ്രതിമാസം വരവുള്ള അയാൾ 10-ക വാടകയുള്ള ഒരു ചെറിയ ഗൃഹത്തെയാണു് തൻെറ വാസത്തിനു് ഉപയോഗിച്ചതു്. വാടക കഴിച്ചു് ബാക്കിയുള്ള തുകകൊണ്ടു് ഒരു കുടുംബത്തിനെ മുഴുവൻ സംരക്ഷിക്കേണ്ട ഭാരമുണ്ടായിരു

നാളുനിമിത്തം അമരനാഥനു് തൻെറ പുത്രനു് കാലാകാലങ്ങളിൽ ഫീസു കൊടുക്കുന്നതിനു് സാധിച്ചിരുന്നില്ല. ഹൈസ്ക്കൂൾവിദ്യാഭ്യാസം പൂർത്തിയായതോടുകൂടി ഉപരിപഠനത്തിനു പോകേണ്ട എന്നു് പിതാവു് പുത്രനെ വളരെ നിർബന്ധിച്ചു എങ്കിലും, ഒരു ക്ലാസ്സിലും തോല്ക്കാതെയും, ഹൈസ്കൂളിൽ നിന്നു് 'സ്കാളർഷിപ്പ്'കൂടി ജയിക്കുകയും ചെയ്തതിനാൽ അമരനാഥൻ പുത്രൻെറ ആഗ്രഹത്തിനു് വിധേയനായിത്തീരുകയാണു് ചെയ്തതു്. സാധാരണ കോടതികളിലും മററും ജോലിചെയ്യുന്ന ക്ലാർക്കന്മാർ സൌകര്യം കിട്ടുമ്പോൾ കേസ്സു സംബന്ധമായി അവരെ സമീപിക്കുന്ന ജനങ്ങളെ ചൂഷണം ചെയ്യുന്ന പതിവുണ്ടു്. എന്നാൽ അമരനാഥൻ ഇക്കൂട്ടത്തിൽപ്പെട്ട ഒരാളായിരുന്നില്ല. ദൃഢമായ ധാർമ്മികബോധവും അചഞ്ചലമായ ഈശ്വരഭക്തിയും ഉണ്ടായിരുന്ന ഇദ്ദേഹം അന്യരുടെ ഐശ്വര്യത്തിൽ അസൂയപ്പെടുകയോ, ഏതുവിധേനയെങ്കിലും ഒരു ധനികനായിത്തീരണമെന്നുള്ള അത്യാഗ്രഹത്തോടുകൂടി സാധുജനങ്ങളെ ചൂഷണം ചെയ്യുന്നതിനൊരുമ്പെടുകയോ ചെയ്യാതെ തനിക്കു് പ്രതിമാസം ലഭിച്ചുവന്നിരുന്ന ശമ്പളംകൊണ്ടു് തൃപ്തിപ്പെട്ടു് സന്തോഷപ്രദമായ ഒരു ഗാർഹസ്ഥ്യജീവിതമാണു് നയിച്ചുവന്നതു്. ഇതിനും പുറമെ ദീനദയാലുത്വം, പരോപകാരതല്പരത എന്നീ പ്രത്യേകഗുണങ്ങൾ അദ്ദേഹത്തിൻെറ ജീവിതത്തെ ഭാസുരവും ആനന്ദപ്രദവുമാക്കിക്കൊണ്ടിരുന്നു. കുട്ടികൾക്കു് സാമാന്യമായ വിദ്യാഭ്യാസം നല്കണമെന്നല്ലാതെ, അവരെ ബിരുദധാരികളാക്കിത്തീർക്കണമെന്നു് അദ്ദേഹം അല്പംപോലും ആഗ്രഹിച്ചിരുന്നില്ല. ആധുനികപരിഷ്കാരത്തേയും, വിദ്യാഭ്യാസരീതിയേയും അവജ്ഞാപൂർവ്വം വീക്ഷിക്കുന്ന ഒരാളായിരുന്നു അമ

രനാഥൻ. ഐഹികസുഖങ്ങളിൽ വിഭ്രമം ജനിപ്പിക്കുന്ന യൌവ്വനാരംഭത്തോടുകൂടി, കാളേജ് വിദ്യാഭ്യാസത്തിനായി, പ്രത്യേകിച്ചും പാശ്ചാത്യസാഹിത്യാദ്ധ്യയനത്തിനായി കാളേജുകളിൽ എത്തിച്ചേരുന്ന അദ്ധ്യേതാക്കൾ ചില അപഥമാർഗ്ഗങ്ങളിൽക്കൂടെ സഞ്ചാരം ചെയ്യുന്നെങ്കിൽ, അതു് അവരുടെ ദോഷമല്ലെന്നും, രക്ഷിതാക്കളുടെ ധാർമ്മികബോധത്തിന്റെ കുറവാണെന്നും ദൃഢമായി വിശ്വസിച്ചിരുന്ന കൂട്ടത്തിലാണ ദ്ദേഹം. ഈവക വിചാരങ്ങളുടേയും വിശ്വാസത്തിന്റെയും ഫലമായിട്ടാണു് രാമനാഥനെ കാളേജ് വിദ്യാഭ്യാസത്തിൽനിന്നും പിൻതിരിപ്പിക്കുവാൻ പിതാവു് വളരെ ശ്രമങ്ങൾ നടത്തിയതു്. തന്റെ ഉപദേശങ്ങൾ ഫലിക്കുകയില്ലെന്നും സാമ്പത്തികമായ വിഷമം നേരിടുമ്പോൾ തന്നത്താൻ പിൻതിരിഞ്ഞുകൊള്ളുമെന്നുമുള്ള വിചാരത്താലായിരുന്നു അവസാനം പിതാവു് വിദ്യാസക്തനായ പുത്രന്റെ ഹിതാനുവർത്തിയായിത്തീർന്നതു്.

രാമനാഥനു് കാളേജ് വിദ്യാഭ്യാസമാരംഭിച്ചതോടുകൂടി പല വിഷമങ്ങളും നേരിടാനിടയായിട്ടുണ്ടു്. എന്നാൽ ആ അവസരങ്ങളിലെല്ലാം ചില സഹപാഠികളിൽനിന്നുമുണ്ടായിട്ടുള്ള സഹായസഹകരണങ്ങളാൽ വിഷമഘട്ടങ്ങൾ തരണം ചെയ്യുവാൻ പലപ്പോഴും സാധിച്ചിട്ടുണ്ടു്. കാളേജ് വിദ്യാഭ്യാസമാരംഭിച്ച കൊല്ലത്തിൽതന്നെ അവസാനമാസത്തെ ഫീസു കൊടുക്കുവാൻ നിവൃത്തിയില്ലാതെ ക്ലാസ്സിൽനിന്നു പുറത്തിറങ്ങി പോരേണ്ടിവന്ന രാമനാഥനു് താല്ക്കാലികമായി ദുസ്സഹമായ അവമാനവും ഹൃദയവേദനയും ഉണ്ടായി. എന്നാൽ ഗൃഹത്തിലെത്തിയതിനുശേഷം ക്ഷുല്ലകം

ഷമായി പര്യാലോചന നടത്തിയ യുവാവിനു്, പിതാവിൻെറ ഓരോ വാക്കുകളും യഥാൎത്ഥമാണെന്നു തോന്നി. തൽഫലമായി ആധുനിക വിദ്യാഭ്യാസസമ്പ്രദായത്തോടു് അയാൾക്കു് വെറുപ്പു തോന്നുകയും പിതാവിനെ സമീപിച്ചു് ഉണ്ടായ സംഭവങ്ങളെല്ലാം സവിസ്തരം പറഞ്ഞു കേൾപ്പിക്കുകയും ചെയ്തു. പിതാവു് പുത്രനെ മാറോടണച്ചു് ആശ്ലേഷിച്ചു് അനുഗ്രഹിക്കുകയും ജീവിതം വിജയപ്രദമാക്കിത്തീക്കുന്നതിനു വേണ്ട മററു മാൎഗ്ഗങ്ങൾ നിൎദ്ദേശിക്കുകയുംചെയ്തു. വാൎദ്ധക്യാവസ്ഥയെ സമീപിച്ചിട്ടുള്ള മാതാപിതാക്കന്മാരെ ഏതുവിധേനയും സഹായിച്ചു് അവൎക്കു് സന്തോഷവും സമാധാനവും ഉണ്ടാക്കിക്കൊടുക്കേണ്ടതാണു് തൻെറ പ്രഥമകൎത്തവ്യമെന്നു് ആ യുവാവു് നിശ്ചയിച്ചു അതോടുകൂടി ഇന്നത്തെ വിദ്യാഭ്യാസപദ്ധതികൾക്കു് വിഭിന്നമായ ഒരു രീതിയിൽ ഒരു മാതൃകാവിദ്യാലയം സ്ഥാപിക്കണമെന്നും, ഇത്തരം ഒരു മാതൃകാസ്ഥാപനത്തിൽ അദ്ധ്യയനം ചെയ്യുന്നവൎക്കു് ദാരിദ്ര്യശമനത്തിനു് പരിഹാരം നല്കുന്ന മാൎഗ്ഗോപദേശങ്ങൾ നല്കണമെന്നും സങ്കല്പിച്ചു അയാളുടെ പല സ്നേഹിതന്മാരും സഹപാഠികളും ഈ ഉദ്യമത്തിൽ മനഃപൂൎവ്വം സഹായിക്കാമെന്നു് ഉറപ്പു നല്കി. സാമാന്യം ധനസ്ഥിതിയുള്ള ഒരിടപ്രഭുവിൻെറ പുത്രനും രാമനാഥൻെറ ആത്മസുഹൃത്തുമായ ജഗദീശ് എന്ന ഒരു യുവാവു് അയാളുടെ ഈ സദുദ്യമത്തിൽ കൂടുതൽ പ്രോത്സാഹിപ്പിച്ചു.

---

## അദ്ധ്യായം ൨.

---

രാമനാഥൻെറ വിദ്യാൎത്ഥിജീവിതം അവസാനിച്ചതിനു ശേഷവും വിദ്യാൎത്ഥികളുമായുള്ള സാഹചൎയ്യം തുടൎന്നുവന്നിരുന്നു. കാൺപൂരിലെ വൎത്തകപ്രമാണികളുടേയും, പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരുടേയും പുത്രന്മാരാണു് രാമനാഥൻെറ പ്രധാനസ്നേഹിതന്മാർ. പഠിത്തത്തിലെന്നപോലെ ഫുട്ട്ബാൾ, ചതുരംഗം എന്നീ കളികളിലും നമ്മുടെ യുവാവു് തൽപരനായിരുന്നു. രാമനാഥൻെറ അഭാവം പലപ്പോഴും കൂട്ടുകാൎക്കു് ഉത്സാഹഭംഗത്തിനു കാരണമായിരുന്നു. പ്രകൃത്യാ സുന്ദരനും, ദൃഢഗാത്രനുമായിരുന്ന രാമനാഥൻെറ മധുരഭാഷണം അവരെ കൂടുതൽ ആകൎഷിച്ചിരുന്നു. വിദ്യാഭ്യാസം അവസാനിപ്പിച്ചതിനുശേഷം തല്ക്കാലമുണ്ടായ അസ്വാസ്ഥത മാററുന്നതിനു് ഏതാനും ദിവസങ്ങൾ രാമനാഥൻ സ്നേഹിതന്മാരുമായി വിനോദങ്ങളിലേൎപ്പെട്ടു കഴിഞ്ഞുവന്നിരുന്നു. സ്വപുത്രൻെറ സദാചാരനിഷ്ഠയിൽ വിശ്വാസമുണ്ടായിരുന്ന പിതാവിനു്, എല്ലാസമയവും ഒരുപോലെ ഗൃഹത്തിനു വെളിയിൽ സഞ്ചരിച്ചും, ധനികന്മാരുടെ മക്കളുമായി സഹകരിച്ചു, കഴിയുന്നതു് തൃപ്തികരമായിരുന്നില്ല. ഇങ്ങനെയുള്ള സാഹചൎയ്യംനിമിത്തം പുത്രൻ വല്ല കുമാൎഗ്ഗങ്ങളിലും പ്രവേശിക്കുകയില്ലേ എന്നുള്ള ആശങ്ക അമരനാഥനു് തോന്നാതിരുന്നില്ല. പുത്രൻെറ ജീവിതത്തിലുള്ള ഈ വ്യതിയാനത്തിൽ വാത്സല്യനിധിയായ പിതാവിനു് അവനെ ഉപദേശിച്ചു് അതിൽനിന്നും പിൻതിരിപ്പിക്കുന്നതിനുള്ള ധൈൎയ്യവും ഉണ്ടായിരുന്നില്ല. ശുചിയായ വസ്ത്രങ്ങളും ധരിച്ചു്

സുന്ദരനായ യുവാവു് കൂട്ടുകാരുമായി പട്ടണത്തിൽ അങ്ങു മിങ്ങും അലഞ്ഞുനടക്കുന്നതു കാണുമ്പോൾ അതിൻെറ ഭാവി ഫലമോത്തു് അമരനാഥൻ ദുഃഖിക്കാതിരുന്നില്ല. ഇതിൽ നിന്നും അയാളെ വിരമിപ്പിക്കുവാനുള്ള ഒരു മാർഗ്ഗം ഏതെങ്കിലും ജോലിയിൽ ഏപ്പെടുത്തുക എന്നുള്ളതായിരുന്നു. കോടതി സമയമാകുമ്പോൾ അവിടെ പോകുക, അവിടെനിന്നും മടങ്ങിയാൽ സ്വഗൃഹത്തിൽ വന്നുചേരുക എന്നല്ലാതെ ഉയന്ന ഉദ്യോഗസ്ഥന്മാരോ, പ്രമുഖരായ വണിക്കുകളോ ആയുള്ള സാഹചര്യത്തിനു് അമരനാഥനു് കൂടുതൽ സൌകര്യം ഉണ്ടായിരുന്നില്ല. അതിനാൽ സ്വപുത്രനെ ഏതെങ്കിലും ജോലിയിൽ പ്രവേശിപ്പിക്കുന്നതിനും ആ പിതാവു് അശക്തനായിരുന്നു. രാമനാഥൻെറ പുതിയ ജീവിതരീതിയോടു് അമരനാഥനു് ദ്വേഷവും നാൾക്കുനാൾ വദ്ധിച്ചുതുടങ്ങി. ഒരു ദിവസം രാത്രിയിൽ സമയം വളരെ അതിക്രമിച്ചിട്ടും രാമനാഥനെ കാണാതിരുന്നതുനിമിത്തം പിതാവു് മാതാവിനോടു് അവനെ ഉപദേശിക്കേണ്ട ആവശ്യകതയെപ്പററി പറഞ്ഞു. പിറേറദിവസം ഉച്ചയ്ക്കു് രാമനാഥൻ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ മാതാവു് പറഞ്ഞു "കുഞ്ഞേ! നിൻെറ പ്രവൃത്തികളൊന്നും അച്ഛനു് ഇഷ്ടമാകുന്നില്ല. അച്ഛൻെറ കാലശേഷം ഈ കുടുംബത്തെ രക്ഷിക്കേണ്ട ചുമതല നിനക്കാണുള്ളതു്. അതുകൊണ്ടു് ഇങ്ങനെ അലഞ്ഞുതിരിഞ്ഞുനടക്കാതെ വല്ല ജോലിയിലും ഏപ്പെടാൻ ശ്രമിക്കുകയല്ലേ വേണ്ടതു്?"

രാമ:—ഞാനും അതിനെപ്പററി ആലോചിക്കാതെയിരുന്നിട്ടില്ല. ഇതുവരെയും അത്ര കാര്യമായിട്ടു് ഉത്സാഹിച്ചില്ലെന്നേയുള്ളു. ഇനി അതിനുത്സാഹിക്കാം.

മാതാ:—അച്ഛന്റെ പെൻഷന് ഇനി ഒരു കൊല്ലമേയുള്ളൂ. മുഴുവൻ ശമ്പളം കിട്ടിയിട്ടുപോലും ഇവിടുത്തെ ആവശ്യങ്ങൾ ഒന്നും നേരേ നടക്കുന്നില്ല. അപ്പോൾ പെൻഷനായാലത്തെ കഥ പറയാനുണ്ടോ? നിന്റെ ഒരു സഹായമല്ലാതെ ഞാൻ വേറെ ഒന്നും കാണുന്നില്ല.

രാമ:—അമ്മ വെറുതെ ദുഃഖിക്കാതിരിക്കൂ. ഞാൻ കഴിയുന്നതും വേഗത്തിൽ ഏതെങ്കിലും ജോലിയിൽ പ്രവേശിക്കും. ഇനി അതു കഴിഞ്ഞല്ലാതെ മറ്റൊരു കാര്യമില്ല.

രാമനാഥൻ ഭക്ഷണവും വിശ്രമവും കഴിഞ്ഞ് വൈകുന്നേരമായപ്പോൾ നടക്കാനിറങ്ങി. എന്നാൽ ഇന്ന് ആ യുവാവ് പതിവായുള്ള യാത്രാമാർഗ്ഗം വിട്ട് വേറൊരു വഴിയേനടന്നു. കുറേദൂരം നടന്ന് ആദായനികുതി ആഫീസിൽ ഒരു ക്ലാർക്കായ മോഹൻദാസിന്റെ വീട്ടിൽ എത്തി. അദ്ദേഹം ചതുരംഗം കളിയിൽ വളരെ ഭ്രമമുള്ള ഒരാളായിരുന്നു. ഏതാനും നാളുകളായി കാണാതിരുന്ന രാമനാഥനെ കണ്ടയുടൻ സന്തോഷഭരിതനായ മോഹൻദാസ് പറഞ്ഞു "രാമനാഥൻ! ഈയിടെ ഇതിലെ വരാറില്ലല്ലോ. എത്ര ദിവസമായി ഒന്നു കണ്ടിട്ട്. ഇന്നു് ഒന്ന് കളിച്ചുകളയാം എന്താ?

രാമ:—ഞാൻ അതിനല്ല ഇപ്പോൾ ഇങ്ങോട്ടു വന്നത്. എനിക്കു നിങ്ങളുമായി ചില അത്യാവശ്യകാര്യങ്ങൾ സംസാരിക്കാനുണ്ട്.

മോ:—അതിനെന്താവിരോധം, പറഞ്ഞുകൊള്ളൂ.

രാമ:—ഞാൻ പഠിത്തം അവസാനിപ്പിച്ച സംഗതി ഇതിനു മുൻപ് ഒരിക്കൽ പറഞ്ഞിട്ടുണ്ടല്ലോ. അച്ഛന്റെ പെൻ

ഷന്ന് കാലം അടുത്തിരിക്കുകയാണ്. അതിനുമുമ്പ് ഏതെങ്കിലും ജോലിയിൽ ഏർപ്പെട്ടില്ലെങ്കിൽ മാതാപിതാക്കന്മാർക്ക് ഏററവും ദുഃഖകരമായിത്തീരും. നിങ്ങളുടെ ശ്രമത്താൽ എനിക്ക് ഏതെങ്കിലും ഒരു ജോലി ഉണ്ടാക്കിത്തരണം.

മോഹ:—ഇതിനെപ്പററി ഞാനും ചിന്തിക്കാതെയിരുന്നിട്ടില്ല. രാമനാഥനെ പലപ്പോഴും കൂട്ടുകാരുമൊരുമിച്ചു കാണുമ്പോൾ ഞാൻ മനസ്താപിക്കാറുണ്ട്. അവരെല്ലാം ധനവാന്മാരുടെ മക്കളാണ്. അവക്ക് എങ്ങിനേയും നടക്കാം. രാമനാഥൻെറ സ്ഥിതി അതല്ല. ഈ കൂട്ടുകെട്ടിൽനിന്നും മുക്തിനേടുന്നതിനുതന്നെ ഏതെങ്കിലും ജോലിയിൽ പ്രവേശിക്കേണ്ടതത്യാവശ്യമാണ്. ഞങ്ങളുടെ ആഫീസിൽ ഇപ്പോൾ ഒരു വേക്കൻസിയുണ്ട്. അതിന്ന് ആരേയും നിയമിച്ചിട്ടില്ലെങ്കിൽ രാമനാഥനെ നിയമിക്കുവാൻ ഞാൻ കമ്മീഷണരോട് ശുപാശ ചെയ്യാം. അദ്ദേഹത്തിന്ന് എന്നെക്കുറിച്ച് പൊതുവെ ഒരു നല്ല അഭിപ്രായമാണുള്ളത്. അത് സാധിക്കാതെവരുന്നപക്ഷം ഒരാഴ്ചയ്ക്കുള്ളിൽ വല്ല കമ്പനികളിലെങ്കിലും ഞാൻ രാമനാഥന്ന് ഒരു ജോലി വാങ്ങിത്തരുന്നുണ്ട്. ഏതായാലും നാളെ പതിനൊന്നു മണിക്ക് ആഫീസിൽ വരു.

രാമ:—ഇങ്ങനെ ഒരു സഹായം ചെയ്താൽ വലിയ ഉപകാരമായിരിക്കും. ഇതിനുവേണ്ടിത്തന്നെയാണ് ഇന്നിങ്ങോട്ടു പുറപ്പെട്ടത്.

മോ:—അ കാര്യം ഞാനേററു. ഏതായാലും ഇപ്പോൾ നമു ക്കൊന്നു കളിക്കാം

രാമ:—ഇഷ്ടംപോലെയാകട്ടെ.

രണ്ടുപേരും ചതുരംഗം കളിയിൽ ഏല്പെട്ടു. ഇരുവരും അത്യന്തം വാശിയോടുകൂടി കളിച്ച കളി രാത്രിയിൽ പന്ത്രണ്ടു മണിവരെ നീണ്ടുനിന്നു. രാമനാഥൻ സ്വഗൃഹത്തിലെത്തി യപ്പോൾ പുറത്തെങ്ങും വെളിച്ചം കാണാതിരുന്നതിനാൽ മാ താവു് ഉറങ്ങിയിരിക്കുമെന്നു തീച്ചയാക്കി. അവരെ ബുദ്ധിമു ട്ടിപ്പിക്കേണ്ട എന്നുള്ള ഉദ്ദേശത്തോടുകൂടി ആ യുവാവു് അഹാരമൊന്നും കഴിക്കാതെതന്നെ മുറിക്കകത്തു് പ്രവേ ശിച്ചു് ഉറങ്ങാൻ തുടങ്ങി തലേദിവസത്തെ പട്ടിണികൊണ്ടു പിറേറദിവസം രാവിലെ എഴുന്നേററപ്പോൾ രാമനാഥനു് ക്രമാതീതമായ ക്ഷീണമുണ്ടായിരുന്നു. മോഹൻദാസിൻെറ നിർദ്ദേശമനുസരിച്ചു് ആദായനികുതിആഫീസിൽ പോ കേണ്ട ആവശ്യമുണ്ടായിരുന്നതുനിമിത്തം പെട്ടെന്നു് കുളിയും കഴിഞ്ഞു് അഹാരം കഴിക്കാതെതന്നെ മോഹൻദാസിൻെറ അഫീസിലേക്കു പോയി. അവിടെ എത്തി കമ്മീഷണരെ കണ്ടു് സംസാരിച്ചപ്പോൾ ജോലി ഉദ്ദേശിച്ചതുപോലെ ഉടൻ സാദ്ധ്യമല്ലെന്നും, അതിനു് കുറഞ്ഞതപക്ഷം ഒരു മാസത്തെ താമസമെങ്കിലും വേണ്ടിവരുമെന്നും മനസ്സിലായി. മോഹൻ ദാസിൻെറ അഭിപ്രായമനുസരിച്ചു് അവിടെവച്ചുതന്നെ ഒര പേക്ഷ എഴുതി രാമനാഥൻ കമ്മീഷണരെ ഏല്പിച്ചിട്ടു് സ്വ വസതിയിലേക്കു മടങ്ങി. തലേദിവസം രാത്രിയിൽ ഗൃഹ ത്തിലെത്താൻ താമസിച്ചതിൻെറ കാരണവും, കമ്മീഷണരെ ക്കണ്ടു് അപേക്ഷ കൊടുത്ത കാര്യവും യുവാവു് മാതാവിനെ

സവിസ്തരം പറഞ്ഞു കേൾപ്പിച്ചു. ഇതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ രാമനാഥൻ ഉദ്യോഗസംബന്ധമായി വേറെയും അന്വേഷണങ്ങൾ നടത്താതിരുന്നില്ല. ദിവസവും രാവിലെ ആഹാരവും കഴിഞ്ഞു് ഉദ്യോഗാന്വേഷണാർത്ഥം പട്ടണം മുഴുവൻ ചുററിനടക്കുന്ന രാമനാഥൻ സന്ധ്യാസമയത്താണു് ഭവനത്തിൽ മടങ്ങി എത്തുന്നതു്. എന്നാൽ നമ്മുടെ യുവാവു് ചെല്ലുന്ന സ്ഥലത്തെല്ലാം നിരാശാജനകമായ അനുഭവമാണു് അയാൾക്കുണ്ടായിക്കൊണ്ടിരുന്നതു്. കടുംവെയിലത്തു ടാറിട്ട റോഡിൽകൂടെ കാലിൽ ചെരുപ്പില്ലാതേയും, കയ്യിൽ കുടയില്ലാതേയും ഏതാനും ദിവസം സഞ്ചരിച്ചിരുന്ന യുവാവിൻെറ ശരീരത്തിനും മനസ്സിനും സാരമായ ക്ഷീണം സംഭവിച്ചു. ജീവിതക്ലേശങ്ങളുമായി പരിചയമില്ലാതിരുന്ന രാമനാഥനു പെട്ടെന്നു ചില അസ്വാസ്ഥ്യങ്ങൾ ഉണ്ടായെങ്കിലും, ഈവക വിഷമതകളെ എതിർത്തു് കാര്യലാഭം ഉണ്ടാക്കുകതന്നെയാണു തൻെറ കർത്തവ്യമെന്നും അയാൾ നിശ്ചയിച്ചു. കൂടെക്കൂടെ മോഹൻദാസിനെ സന്ദർശിച്ചു് ആദായനികുതി അഫീസിലെ കാര്യങ്ങളും അന്വേഷിച്ചുകൊണ്ടിരുന്നു. നിരന്തരമായ പരിശ്രമത്തിൻെറ ഫലമായി രണ്ടുമാസം കഴിഞ്ഞപ്പോൾ ആദായനികുതി അഫീസിൽത്തന്നെ പ്രതിമാസം നാല്പതുറുപ്പിക ശമ്പളത്തിൽ Collector എന്ന ഉദ്യോഗസ്ഥനായി രാമനാഥൻ നിയമിക്കപ്പെട്ടു. പുതിയ ഉദ്യോഗലബ്ധിയോടുകൂടി മോഹൻദാസും രാമനാഥനുമായുള്ള മൈത്രീബന്ധം നാൾക്കുനാൾ വർദ്ധിക്കാൻ തുടങ്ങി. കാൺപുരത്തെ ആദായനികുതി അഫീസ് ഒന്നാംതരത്തിൽ പെട്ട ഒന്നാണു്. വ്യാപാരികളിൽ നിന്നുതന്നെ ഒരു വലിയ സംഖ്യ നികുതിഇനത്തിൽ കിട്ടിക്കൊണ്ടിരുന്നു. കച്ചവടക്കാരോടു് സ്നേഹമായും വിനയ

മായും പെരുമാററിവന്നിരുന്നതിനാലും, മുൻകാലംമുതൽ അവിടെ ഒരു രീതി നടപ്പിലിരുന്നിരുന്നതിനാലും ദിവസേന ഗൃഹത്തിലേക്ക് മടങ്ങുമ്പോൾ രാമനാഥന്റെ കയ്യിൽ അനായാസമായി നാലഞ്ചു ഉറുപ്പിക വന്നുകൊണ്ടിരുന്നു. പുത്രന്റെ ഉദ്യോഗലബ്ധിയാലും, പെരുമാററവിശേഷത്തിലും മാതാപിതാക്കന്മാർ അത്യന്തം സന്തോഷത്തെ അടഞ്ഞു.

രാമനാഥൻ പതിവായി രാവിലെ പത്തുമണിക്ക് ആഫീസിൽ പോയാൽ 6 മണിക്കു മാത്രമേ അവിടെനിന്നും മടങ്ങിയിരുന്നുള്ളു. ചില അവസരങ്ങളിൽ മോഹൻദാസിന്റെ നിർബന്ധംനിമിത്തം ചതുരംഗംകളിയിൽ ഏർപ്പെട്ടെന്നുവരാം. ചതുരംഗത്തിൽ ഏർപ്പെടുന്ന ദിവസം രാത്രി 12 മണിയാകാതെ അവിടെനിന്നു തിരിക്കുക പതിവില്ല അപ്രകാരമുള്ള ദിവസങ്ങളിൽ മാതാവിനെ വിഷമിപ്പിക്കേണ്ട എന്നോർത്ത് രാത്രിയിൽ പട്ടിണികിടക്കുന്നതിനും ഇടയാകാറുണ്ട്. മററു ചില ദിവസങ്ങളിൽ സ്നേഹിതന്മാരുമായി സംഭാഷണങ്ങളിൽ ഏർപ്പെട്ടും, ചലച്ചിത്രശാലകൾ സന്ദർശിച്ചും സമയം കഴിക്കും. ഏതായാലും രാത്രിയിൽ 12 മണി കഴിയാതെ ഗൃഹത്തിൽ എത്തിച്ചേരുക എന്നുള്ളത് അപൂർവസംഭവമായിത്തീർന്നു. വാത്സല്യനിധിയായ മാതാവ് പുത്രനുവേണ്ടി പല രാത്രികളും കാത്തിരിക്കും. ആ മാതാവ് ഉറങ്ങിപ്പോകുന്ന ദിവസം രാമനാഥൻ പട്ടിണിയായും കഴിയും. ഈ രീതി കണ്ടിട്ട് നേരത്തേവന്ന് ആഹാരം കഴിച്ചിട്ടു എവിടെയാണെന്നുവച്ചാൽ പോകണം എന്ന് അമരനാഥൻ വളരെ വിഷമപ്പെട്ട് ഒന്നു രണ്ടു പ്രാവശ്യം പുത്രനോട് പറയേണ്ടിവന്നു. പുത്രന്റെ ജീവിതത്തിൽ പുതിയതായുണ്ടായ ഈ പരി

വത്തനംകണ്ടു് അമരനാഥൻ വ്യാകുലനായിത്തീൎന്നു. ശമ്പളം വാങ്ങുന്നതു മുഴുവൻ മാതാവിനെ ഏല്പിക്കുന്നുണ്ടു്. ആഡംബരപ്രിയനായ പുത്രൻ കൂടെക്കൂടെ വിശേഷരീതിയിലുള്ളവയും വിലയേറിയവയുമായ വസ്ത്രങ്ങൾ വാങ്ങുന്നതും ധരിക്കുന്നതും കണ്ടിട്ടു് പിതാവിനു് പല സംശയങ്ങളും ജനിക്കുവാൻ തുടങ്ങി. അന്യായമായ വിധത്തിൽ പണമാൎജ്ജിച്ചു് സ്വപുത്രൻ പാപം സമ്പാദിക്കുന്നില്ലയോ എന്നായിരുന്നു അദ്ദേഹത്തിന്റെ ബലമായ സംശയം. താൻ ഇരുപത്തിനാലുവൎഷം ഉദ്യോഗത്തിലിരുന്നിട്ടും ഒരു പൈ പോലും അന്യരെ വഞ്ചിച്ചോ കൈക്കൂലി വാങ്ങിച്ചോ ഉണ്ടാക്കീയിട്ടില്ല. ആ രീതി അവലംബിച്ചതുകൊണ്ടാണു് ഗൃഹം ദാരിദ്ര്യദേവതയുടെ വിലാസരംഗമായിത്തീൎന്നതു്. ധനദേവതയുടെ പ്രസാദം തനിക്കു് ലഭിക്കുന്നില്ലെങ്കിലും ശാന്തിയും സമാധാനവും ഈ കുചേലജീവിതത്തിലും ലഭ്യമാകുന്നുണ്ടു്. ഇപ്രകാരമുള്ള ചിന്താശകലങ്ങൾ അടിക്കടി ആ ധൎമ്മാത്മാവിന്റെ ഹൃദയമുകുരത്തിൽ പ്രതിഫലിച്ചുകൊണ്ടിരുന്നു. ഇതിനും പുറമെ പുത്രൻ അൎദ്ധരാത്രിയാകാതെ വീട്ടിനുള്ളിൽ വന്നുചേരായ്കകൊണ്ടും ആ വൃദ്ധപിതാവിൽ ചില ആശങ്കകൾ ഉണ്ടാകാതിരുന്നില്ല. "ഏതൊരു പാപപ്രവൃത്തിയിലേക്കും മനുഷ്യനെ ആകൎഷിക്കുന്നതിനുള്ള ശക്തി ധനത്തിനുണ്ടു്. പ്രത്യേകിച്ചും യൌവ്വനകാലത്തെ കഥ പിന്നെ പറയുവാനുണ്ടോ! യൌവ്വനവും ധനവുംകൂടി ചേൎന്നാൽ ഏതുതരം ആപത്തുകളാണു് സൃഷ്ടിക്കാത്തതു്. കാഴ്ചയിൽ കോമളനും, വിദ്യാസമ്പന്നനുമായ യുവാവിനു് യഥേഷ്ടം ചെലവഴിക്കാൻ ധനാഗമനമാൎഗ്ഗംകൂടെ ഉണ്ടായിരുന്നാൽ അവൻ കുമാൎഗ്ഗങ്ങളിൽകൂടെ സഞ്ചരിക്കുന്നെങ്കിൽ അതിൽ അത്ഭുതത്തിനവകാശമി

ല്ലല്ലോ. രക്ഷകർത്താക്കന്മാരുടെ നിയന്ത്രണമുണ്ടായിരുന്നാൽ തന്നെയും ഈ യൌവ്വനകാലം നിരങ്കുശമായ ജീവിതരീതിയിലേക്കാകർഷിക്കുകയാണു് പതിവു്. ഏതിനും ഇതിനെപ്പററി രാമനാഥനോടു് ഒരു പ്രാവശ്യം പറയുന്നതുകൂടാതെ പുത്രനെ സൽപഥത്തിലേക്കു് നയിപ്പിക്കുവാനുള്ള ഒരു ഉപായംകൂടെ കണ്ടുപിടിക്കേണ്ടതാണെന്നും അമരനാഥൻ നിശ്ചയിച്ചു.

---

## അദ്ധ്യായം ൪.

---

രാമനാഥനു് ഇപ്പോൾ കഷ്ടിച്ചു് ഇരുപതു വയസ്സു് പ്രായം വരും. ബാല്യംമുതൽതന്നെ വ്യായാമത്തിൽ ഏർപ്പെട്ടിരുന്ന യുവാവിൻെറ ശരീരം സുന്ദരവും ബലിഷ്ഠവുമായിരുന്നു. മന്ദസ്മിതം തൂകുന്ന മുഖകമലം, ഉന്നതമായ ലലാടദേശം, ദീർഘസുന്ദരങ്ങളായ നയനങ്ങൾ, വിരിഞ്ഞ മാവിടം, ആജാനുലംബികളായ ബാഹുക്കൾ എന്നിവ ആരേയും ഹഠാദാകർഷിച്ചിരുന്നു. ചുരുണ്ട തലമുടി കലാപരമായി കോതി മിനുക്കി വയ്ക്കുന്നതിലുള്ള സാമർത്ഥ്യം രാമനാഥനു് ഒന്നു പ്രത്യേകംതന്നെയായിരുന്നു. ഏതൊരു സമയത്തും ശുഭ്രവസ്ത്രം ധരിക്കുന്നതിൽ അയാൾ അല്പംപോലും ഉപേക്ഷ കാണിച്ചിരുന്നില്ല. ശുഭ്രവസ്ത്രാലങ്കാരത്തിലും സിനിമയിലും രാമനാഥനു് ഭ്രമമുണ്ടായിരുന്നു-എന്നല്ലാതെ അയാൾ മറെറാരു ദുർവ്വാസനകളിലും ഏർപ്പെട്ടിരുന്നില്ല. കളക്ടറെറയാണു് ആദായനികുതി അഫീസിൽ നികുതി ഏല്പിക്കേണ്ടതു്. നികുതി അടക്കേണ്ടവരിൽ അധികഭാഗവും കച്ചവടക്കാരാണു്. അവ

രുടെ ഓരോ നിമിഷവും വിലയേറിയതാണു്. ആഫീസിൽനിന്നും വേഗത്തിൽ പോകാൻവേണ്ടി ഉറുപ്പികയ്ക്കു് 4 ണ-പ്രകാരം കച്ചവടക്കാർ കളക്ടർക്കു് കൈക്കൂലി എന്ന രീതിയിൽ കൊടുത്തുവന്നിരുന്നതു് കാൺപൂരം ആദായനികുതി ആഫീസിലെ ഒരു പതിവായിരുന്നു. രാമനാഥൻ ആദ്യകാലങ്ങളിൽ കൈക്കൂലി വാങ്ങുവാൻ വളരെ ഭയപ്പെട്ടുകയും പലരോടും നിരസിക്കുകയും ചെയ്തിരുന്നു. എന്നാൽ ആഫീസിലുള്ള ശിപായിമാക്കും, മററു ക്ലാക്കന്മാക്കും രാമനാഥൻെറ ഈ രീതി തീരെ ഇഷ്ടപ്പെട്ടില്ല. "ഇതു് ഇവിടെ ഈ ആഫീസ്സ് ആരംഭിച്ച കാലംമുതൽതന്നെ നടന്നുവരുന്ന ഒരു രീതിയാണു്. നിങ്ങൾക്കു് ആവശ്യമില്ലെങ്കിൽ നിങ്ങൾ എടുക്കേണ്ട. പക്ഷെ, നിങ്ങൾ ഈ സമ്പ്രദായം നിറുത്തൽ ചെയ്താൽ ഇനി നിങ്ങളുടെ സ്ഥാനത്തുവരുന്ന മററൊരാളിനു് വലിയ ബുദ്ധിമുട്ടുണ്ടാകും. തന്നെയല്ല, കമ്മീഷണർവരെ അറിയാവുന്ന ഒരു കാൎയ്യമാണിതു്. ഈ സംഖ്യ ഒരാൾ മാത്രമായിട്ടു് എടുക്കുന്ന പതിവുമില്ല. അതിന്നെല്ലാവക്കും ഒരു വീതമുണ്ടു്. ഇപ്രകാരമുള്ള അഭിപ്രായം മററുള്ളവരിൽനിന്നു് ഉണ്ടായപ്പോൾ രാമനാഥൻ യാതൊരു സങ്കോചവും കൂടാതെയും, ആരോടും ആവശ്യപ്പെടാതേയും അവർ കൊടുക്കുന്ന തുക വാങ്ങിവന്നിരുന്നു. ആ തുക ആഫീസു് പിരിഞ്ഞുപോകുന്നതിനു് മുമ്പു് എല്ലാവക്കും അവരവരുടെ കണക്കനുസരിച്ചു് വീതിച്ചും കൊടുത്തുവന്നിരുന്നു. രാമനാഥൻെറ പെരുമാററവിശേഷംകൊണ്ടു് അധിക കാലതാമസം കൂടാതെതന്നെ ആഫീസിലുള്ള ചെറുതും വലുതുമായ എല്ലാ ഉദ്യോഗസ്ഥന്മാരുടേയും പ്രീതി അയാൾ ഒരുപോലെ സമ്പാദിച്ചു. ആഫീസിൽ ഏതൊരു കാൎയ്യവും അനായാസേന സാധിക്കുന്നതിനു

അയാൾക്ക് യാതൊരു വിഷമവും ഉണ്ടായിരുന്നില്ല. യഥേഷ്ടം ചെലവുചെയ്യുന്നതിന്നു ധാരാളം പണം ലഭിച്ചുകൊണ്ടിരുന്നെങ്കിലും സാധാരണ യുവാക്കന്മാൎക്കുണ്ടാകാവുന്ന യാതൊരു സ്വഭാവദൂഷ്യങ്ങളും അയാളെ തീണ്ടുകപോലും ചെയ്തിരുന്നില്ല. സ്നേഹിതന്മാരുടെ നിർബന്ധംകൊണ്ട് അവരുമായി സംഭാഷണം ചെയ്യും, വിനോദങ്ങളിലേൎപ്പെട്ടും സമയം ചെലവഴിച്ചിരുന്നു എന്നല്ലാതെ അമരനാഥൻ ശങ്കിക്കുന്നതുപോലെയുള്ള യാതൊരു ദുഷ്പ്രവൃത്തികളിലും നമ്മുടെ യുവാവ് ഏൎപ്പെട്ടിരുന്നില്ല.

രാമനാഥൻ ഗൃഹത്തിൽ, താമസിച്ചു വരുന്നതു കണ്ട് അയാളുടെ പിതാവായ അമരനാഥന് പല ആശങ്കകളും ഉണ്ടായിക്കൊണ്ടിരുന്ന വിവരം മുൻപു പ്രസ്താവിക്കുകയുണ്ടായല്ലൊ. പുത്രനെ സൽപഥത്തിലേക്ക് ആനയിക്കുന്നതിന്ന് അദ്ദേഹം കണ്ടുപിടിച്ച മാൎഗ്ഗം രാമനാഥനെക്കൊണ്ട് കഴിയുന്നതുംവേഗത്തിൽ വിവാഹം ചെയ്യിക്കുക എന്നുള്ളതായിരുന്നു. ഇതിനെപ്പററി ഒരു ദിവസം രാത്രിയിൽ ആഹാരവും കഴിഞ്ഞു് പുത്രനെ പ്രതീക്ഷിച്ചുകൊണ്ടിരുന്ന മാതാപിതാക്കന്മാർ തമ്മിൽ ഇപ്രകാരമൊരു സംഭാഷണം നടന്നു.

പിതാ:—രാമനാഥൻ പതിവായി ഇത്രയധികംനേരം വൈകിവരുന്നതുകൊണ്ട് എനിക്കു പല ആശങ്കകളും തോന്നുന്നുണ്ട്. കൂടാതെ ദിവസവും ഉറക്കമിളയ്ക്കുന്നതുകൊണ്ട് അവൻെറ ശരീരവും ക്ഷീണിച്ചാണു് വരുന്നതു്.

മാതാ:—ചെറുപ്പമല്ലേ? കൂട്ടുകാരുംകൂടി വല്ലതുമൊക്കെ പറഞ്ഞു് രസിച്ചുനടക്കും. തന്നെയല്ല, ആ മോഹൻദാസ്

ചില ദിവസങ്ങളിൽ അവനെ ചതുരംഗം കളിക്കാൻ പിടിച്ചുകൊണ്ടുപോകും. ചെറുപ്പത്തിൽ എല്ലാവരും ഇങ്ങിനെയൊക്കെത്തന്നെയാണ്. അല്ലാതെ അവന് വേറെ ദുഷ്യമൊന്നുമില്ല. വെറുതെ അവനെപ്പററി ശങ്കിച്ചിട്ടു കാര്യമൊന്നുമില്ല.

പിതാ:—അതു് അവന് ഇപ്പോൾ ചുമതലയൊന്നുമില്ലാത്തതുകൊണ്ടാണ് ഇങ്ങനെ അവിടെയും ഇവിടെയുമായി നടക്കുന്നതു്. അവനെക്കൊണ്ടു് നേരത്തെതന്നെ വിവാഹംകഴിപ്പിച്ചാൽ പണം ദുർവ്യയംചെയ്യാതെയും, സമയത്തിനു വീട്ടിൽ എത്തുകയും ചെയ്യും. ഇക്കാര്യത്തിൽ നിൻെറ അഭിപ്രായമെന്താണ്?

മാതാ:—ഇക്കാര്യം ഏതാനും നാളുകളായി എൻെറയും ചിന്തയിൽപെട്ടിട്ടുള്ളതാണ്. നാലുമക്കളെ ഈശ്വരൻ തന്നിട്ടുണ്ടെങ്കിലും പെൺകുട്ടികൾ ഒന്നുമില്ലാത്തതുനിമിത്തം എനിക്ക് വളരെ സങ്കടമുണ്ടു്. ഇപ്പോൾ വീട്ടുജോലികൾ ചെയ്യുവാൻ എന്നെ ഒന്നു സഹായിക്കുവാൻ ആരുംതന്നെ ഇല്ല. ഞാൻ ഒരുദിവസം സുഖമില്ലാതെ കിടന്നാൽ അന്നു് ഇവിടെ എല്ലാവരും പട്ടിണി. ഇന്നാളൊരുദിവസം തലവേദനകൊണ്ടു് ഞാൻ കിടന്നപ്പോൾതന്നെ കണ്ടില്ലേ? രാമനാഥൻെറ വിവാഹക്കാര്യം ഞാൻ ഇവിടുത്തെ ഭയന്നു പറയാത്തതാണ്. ഏതായാലും അവനെക്കൊണ്ടു് വേഗത്തിൽ വിവാഹം കഴിപ്പിക്കുന്നതാണ് നന്നു്. എനിക്കും പ്രായം കൂടിയല്ലേ വരുന്നതു്.

പിതാ:—എന്റെ ആലോചനയും അതുതന്നെയാണ്. രാമനാഥന്റെ വിവാഹംകൊണ്ട് അവൻ നന്നാകുന്നതിനും പുറമേ, വീട്ടിൽ സഹായത്തിനൊരാളുമായല്ലോ. മാതാപിതാക്കന്മാർ അവസരം അറിഞ്ഞു് പ്രവർത്തിക്കായ്ക നിമിത്തമാണ് സന്താനങ്ങൾ ദുഷിച്ചുപോകുന്നത്.

മാതാ:—വല്ലയിടത്തും ഉദ്ദേശിച്ചിട്ടുണ്ടോ? അതോ വെറുതേ പറഞ്ഞു എന്നു മാത്രമേയുള്ളോ?

പിതാ:—എങ്ങും പ്രത്യേകമായി ഉദ്ദേശിച്ചിട്ടില്ല. ഞങ്ങളുടെ കോടതിയിൽതന്നെ ഒരു ക്ലാർക്കുണ്ട് അയാളുടെ പുത്രി വിവാഹത്തിന് പ്രായമായിരിക്കുകയാണ്. പക്ഷേ പട്ടണത്തിലുള്ള കുട്ടികളെ എനിക്കത്ര ഇഷ്ടമില്ല. അവർ മിക്കവാറും ബാല്യംമുതൽതന്നെ പല ദുശ്ശീലങ്ങളും പരിചയിച്ചിട്ടുള്ളവരാണ്. അവർക്ക് പൌഡർ വേണം, സിനിമയ്ക്കു പോകണം. ഇതെല്ലാം നമ്മളെക്കൊണ്ടു് സാദ്ധ്യമല്ല വീട്ടുജോലികളും ഭർത്തൃശുശ്രൂഷയും ചെയ്യുവാൻ അറിയുന്ന ഗ്രാമപ്രദേശത്തുള്ള വല്ല കുട്ടികളും ആയിരിക്കണമെന്നാണ് എന്റെ ആഗ്രഹം.

മാതാ:—നമ്മുടെ നാട്ടിൽതന്നെ ധാരാളം കുട്ടികൾ കാണുമല്ലോ.

പിതാ:—ഉണ്ടു്. എന്റെതന്നെ അകന്ന ബന്ധത്തിലുള്ളവനും, ആ നാട്ടിലെ കക്ഷികപ്രമാണിയുമായ ഒരു ശങ്കരനെശദത്തുണ്ടു്. അയാൾക്ക് ഒരു മകളുണ്ടു്. കഴിഞ്ഞ അവസരത്തിൽ ഞാൻ അവിടെ പോയിരുന്നു

പ്പോൾ കുട്ടിയെ കാണുകയുമുണ്ടായി. അന്നു് പത്തുവയസ്സിൽ കൂടുതൽ പ്രായമില്ല. ഇപ്പോൾ ഏകദേശം പ്രായപൂർത്തിയായിട്ടുണ്ടു്. ഏതിനും ഗണേശദത്തുമായി ഒന്നാലോചിക്കട്ടെ. അതായാൽ എല്ലാവിധത്തിലും നന്നായിത്തന്നെയിരിക്കും.

മാതാ:—ഈ വേനൽക്കാലത്തുതന്നെ വിവാഹം നടക്കത്തക്ക ഏർപ്പാടുചെയ്യണം. തനിച്ചു ജോലിചെയ്തു് ഞാനും തളർന്നു.

പിതാ:—ഞാൻ അടുത്ത ഞായറാഴ്ചതന്നെ ഗണേശദത്തിനെ കാണണമെന്നാണാഗ്രഹിക്കുന്നതു്. അതിനുശേഷം എല്ലാം തീർച്ചയാക്കാം.

കാൺപുരംപട്ടണത്തിൽനിന്നും ഏകദേശം മുപ്പതു മൈൽ ദൂരത്താണു് ഗൌരീപുരംഗ്രാമം സ്ഥിതിചെയ്യുന്നതു് അമരനാഥൻെറ ജന്മഭൂമിയും പൈതൃകമായി ലഭിച്ചിട്ടുള്ള ഒരു ഗൃഹവും ഇവിടെ ഉണ്ടു്. അമരനാഥനു് സാമ്പത്തികമായ വലിയ അഭിവൃദ്ധിയൊന്നുമില്ലെങ്കിലും പുരാതനമായ ഒരു കുലമഹിമയുണ്ടു്. ഗണേശദത്തു് ഗൌരീപുരംഗ്രാമത്തിലെ കർഷക പ്രമാണിയും, ഈശ്വരഭക്തനും പൊതുജനസമ്മതനുമാണു്. സാമാന്യമായ ഒരു സ്വത്തു് പൈതൃകമായി ഈ കർഷകപ്രമാണിക്കു് ലഭിച്ചിരുന്നു. സ്വപ്രയത്നംകൊണ്ടു് ഇദ്ദേഹം ഇപ്പോൾ നല്ല ഒരു സമ്പത്തു സമ്പാദിച്ചിട്ടുമുണ്ടു്. കർഷകരെ ചൂഷണംചെയ്തു് ധനം സമ്പാദിച്ചിട്ടുള്ളവരും, സമ്പാദിച്ചുവരുന്നവരുമായ അനേകം ആളുകൾ ഗൌരീപുരത്തും അയൽഗ്രാമങ്ങളിലുമുണ്ടു്. എന്നാൽ കർഷകരാണു്

യഥാത്ഥ ദേശഭക്തരും, സത്യസന്ധരും, ത്യാഗികളുമെന്ന് ദൃഢമായി വിശ്വസിച്ചുവരുന്നവരിലൊരാളാണ് ഗണേശദത്തു്. തന്നിമിത്തം പരോപകാരികളും പൊതുജനദാസന്മാരുമായ അവരെ ചൂഷണംചെയ്യാതെ അവൎക്ക് കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതു് മനുഷ്യസമുദായത്തിന്റെ കത്തവ്യമാണെന്നു ധരിച്ചു്, അവരുടെ ഉന്നമനത്തിനുവേണ്ടി പലതും പ്രവൎത്തിച്ചുവന്നിരുന്ന ഒരു ധൎമ്മാത്മാവുകൂടിയാണീദ്ദേഹം. ഗൌരീപുരത്തു് ഗണേശദത്തിനെക്കാൾ കൂടുതൽ ധനസമ്പത്തുള്ള അനേകമാളുകൾ ഉണ്ടു്. എന്നാൽ അദ്ദേഹത്തിനെപ്പോലെയുള്ള ജനസ്വാധീനത മററാൎക്കുംതന്നെ ഉണ്ടായിരുന്നില്ല. കർഷകരേയും, മററു സാധുജനങ്ങളേയും ചൂഷണം ചെയ്യേണ്ടതു് തങ്ങളുടെ ജന്മസിദ്ധമായ അധികാരമാണെന്നു കരുതി ജീവിതം നയിച്ചുവരുന്ന ഗൌരീപുരത്തെ വങ്കപ്രഭുക്കൾക്കു് ഗണേശദത്തിനോടു് ഈൎഷ്യയും അമിതമായ വെറുപ്പും ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പെരുമാററവിശേഷത്താലും, സ്വാധീനശക്തിയേയും ഭയന്നു് ഇക്കൂട്ടൎക്കു് ദീനദയാലുവായ ഇദ്ദേഹത്തോടു് ഒന്നും തന്നെ ചെയ്യുവാൻ കഴിഞ്ഞിരുന്നില്ല. തന്റെ ജീവിതോദ്ദേശം പരോപകാരം ചെയ്യുകയാണെന്നുള്ളതും ആ ദേശഭക്തൻ പലപ്പോഴും പ്രത്യക്ഷമാക്കിയിട്ടുണ്ടു്.

അമരനാഥനും ഗണേശദത്തും ബാല്യസുഹൃത്തുക്കളും സമവയസ്കരുമാണു്. ചിലപ്പോഴെല്ലാം കേസ്സുസംബന്ധമായി ഗണേശദത്തു് കാൺപുരത്തിൽ വരുന്ന അവസരങ്ങളിൽ അമരനാഥന്റെ ഗൃഹത്തിലാണു് താമസിക്കാറുള്ളതു്. രാമനാഥനു് ജോലികിട്ടിയ സന്തോഷവാൎത്ത അമരനാഥൻ

കത്തുമൂലമായി തന്റെ സ്നേഹിതനെ അറിയിച്ചിരുന്നു. ഈ
വാർത്താലബ്ധിയോടുകൂടി ഗണേശദത്തിന്റെ ഹൃദയാകാശ
ത്തിൽ ചില ആശാതാരങ്ങൾ ഉദയം ചെയ്തിരുന്നു. അമരനാ
ഥനുമായുള്ള മൈത്രീബന്ധം സുദൃഢവും സുസ്ഥിരവുമാക്കി
ത്തീർത്താൽ കൊള്ളാമെന്നുള്ള ചിന്തയും ഗണേശദത്തിൽ അ
ങ്കുരിച്ചു. ഗണേശദത്തിനു് പെൺസന്താനങ്ങളായിട്ടു് മനോ
രമ എന്ന ഒരു കുട്ടിമാത്രമേയുണ്ടായിരുന്നുള്ളു. അമരനാഥ
ന്റെ ഗൃഹം സന്ദർശിച്ചിരുന്ന അവസരങ്ങളിൽ രാമനാഥനു
മായി പരിചയപ്പെടുന്നതിനും അയാളുടെ ആകാരസൌഷ്ഠവ
ത്തിലും വാഗ്വിലാസത്തിലും ആകൃഷ്ടനാകുന്നതിനും അദ്ദേ
ഹത്തിനു് സാധിച്ചിട്ടുണ്ടു്. മനോരമ യൌവ്വനയുക്തയാ
യതോടുകൂടി അവളെ രാമനാഥനെക്കൊണ്ടു് വിവാഹം കഴി
പ്പിച്ചാൽകൊള്ളാമെന്നുള്ള ആശയോടുകൂടി ഗണേശദത്തിരി
ക്കുമ്പോഴാണു് രാമനാഥൻ ജോലിയിൽ പ്രവേശിച്ചു എന്നു
ള്ള ശുഭവാർത്ത അറിയുന്നതിനിടയായതു്. തന്റെ ഉദ്ദേശ
സാദ്ധ്യത്തിനായി അമരനാഥനെ ഉടൻതന്നെ സമീപിക്കണ
മെന്നു് തീർച്ചയാക്കി, താൻ അടുത്ത ഞായറാഴ്ച കാൺപൂരത്തു്
വരുന്നതാണെന്നു കാണിച്ചുകൊണ്ടു് ഗണേശദത്തു് ഉടൻ
തന്നെ അമരനാഥനു് ഒരു കത്തെഴുതി തപാലിൽ ഇട്ടു.

ഗണേശദത്തിന്റെ കത്തു് അമരനാഥനു് കിട്ടിയ
പ്പോൾ "തേടിയ വള്ളി കാലിൽ ചുററിയതു"പോലെയുള്ള
ഒരു സന്തോഷം അദ്ദേഹത്തിനുണ്ടായി. അദ്ദേഹം ഈ വി
വരം രാമനാഥന്റെ മാതാവായ കൌസല്യയേയും അറിയിച്ചു.
ഞായറാഴ്ചദിവസം കോടതി ഇല്ലാതിരുന്നതുകൊണ്ടു് അമര
നാഥൻ രാവിലെ എഴുന്നേററു കുളിയും ലഘുഭക്ഷണവും കഴി
ച്ചിട്ടു് തന്റെ സുഹൃത്തിന്റെ വരവു പ്രതീക്ഷിച്ചിരുന്നു. ഏ

കദേശം പത്തുമണി ആയപ്പോൾ ഗണേശദത്തു് അമരനാഥൻെറ ഗൃഹത്തിൽ ആഗതനായി. അമരനാഥൻ സുഹൃത്തിനെ സ്നേഹാദരപൂർവ്വം സ്വീകരിച്ചു് അല്പസമയത്തിനുള്ളിൽ അദ്ദേഹത്തിനു ലഘുഭക്ഷണങ്ങൾ നല്കി സല്ക്കരിച്ചു. രണ്ടു സുഹൃത്തുക്കളും പരസ്പരം കുശലപ്രശ്നങ്ങൾ നടത്തിയതിനുശേഷം, ഗൌരീപുരത്തെക്കുറിച്ചും, അവിടുത്തെ കൃഷികാര്യങ്ങളെപ്പററിയും അമരനാഥൻ ചോദിച്ച ചോദ്യങ്ങൾക്കു മറുപടിയായി ഗണേശദത്ത് ഇപ്രകാരം പറഞ്ഞു. ഗവൺമെൻറിൻെറയും, ജന്മിമാരുടേയും നിഷ്ഠുരമായ മർദ്ദനങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരായി കഴിയുന്ന കർഷകരുടെ സ്ഥിതി അത്യന്തം ദയനീയമാണു്. ഗൌരീപുരത്തെ ജനതമിക്കവാറും അസ്ഥിചർമ്മമാത്രരായിരിക്കുകയാണു്. യഥാർത്ഥദേശഭക്തന്മാരും, പൊതുജന ദാസന്മാരും കർഷകരാണു്. ഉന്നതങ്ങളും വിശാലങ്ങളുമായ മണിമേടകളുടെ മുകളിൽ മദമത്തന്മാരായി ഞെളിഞ്ഞിരിക്കുന്ന വങ്കപ്രഭുക്കന്മാൎക്കു് ഈ സാധുക്കളുടെ സഹായം അപരിഹാര്യമായിട്ടുള്ളതാണു്. എന്നാൽ ഇക്കൂട്ടർ, സത്യസന്ധന്മാരും നിഷ്കളങ്കരുമായ കർഷകലോകത്തോടു് ഏററവും വലിയ കൃതഘ്നതയാണു് കാണിക്കുന്നതു്. പ്രകൃതിയും കർഷകനനുകൂലമല്ല. അതിവൃഷ്ടികൊണ്ടും, അനാവൃഷ്ടികൊണ്ടും ഈയിടെ കൃഷിയും പിഴച്ചാണു വരുന്നതു്. ഈവക വിഷമതകളോടു് സധീരം പോരാടിവരുന്ന അവൎക്കു് അവസാനം പട്ടിണിയും ദാരിദ്ര്യവും മാത്രമാണു് ബാക്കിവരുന്നതു്. ഗൌരീപുരത്തെ സ്ഥിതികൾ ദിവസേന കണ്ടുവരുന്ന എൻെറ ഹൃദയം തകരുകയാണു് ചെയ്യുന്നതു്. എല്ലാസംഗതികളും ഈശ്വരനിൽ അർപ്പിച്ചു് ഞാൻ കഴിഞ്ഞുവരികയാണു്.

ഇപ്രകാരം ചുരുങ്ങിയ രൂപത്തിൽ ഗൌരീപുരത്തെ സ്ഥിതിഗതികൾ ഗണേശഭട്ടു് പറഞ്ഞതിനുശേഷം രണ്ടുപേരും തമ്മിൽ വീണ്ടും സംഭാഷണം തുടൎന്നു.

അമ:—ഇന്നു് ഞായറാഴ്ചയായതുകൊണ്ടു് കോടതിക്കാൎയ്യമായിട്ടു വന്നതല്ലെന്നു് വിചാരിക്കുന്നു. എന്താ, പ്രത്യേകിച്ചു് സംഗതികൾ വല്ലതുമുണ്ടോ?

ഗണേ:—നമ്മൾ ബാല്യകാലം മുതൽ സുഹൃത്തുക്കളാണു്. നമ്മുടെ ഈ സ്നേഹബന്ധം നാൾക്കുനാൾ സുസ്ഥിരമായും, സുദൃഢമായും നിലനിന്നാൽ കൊള്ളാമെന്നു് എനിക്കതിയായ ആഗ്രഹം ഉണ്ടു്. രാമനാഥൻ എവിടെപ്പോയി? ഇവിടെ എങ്ങും കണ്ടില്ലല്ലോ.

അമ:—ഈ സ്ഥലത്തുള്ളവരെല്ലാം അവൻെറ സ്നേഹിതന്മാരാണു്. അതുകൊണ്ടു് അവനെ ഇവിടെ ഒരിക്കലും കാണുകയില്ല. സ്നേഹിതന്മാർ ആരെങ്കിലും വന്നാൽ ഇരിക്കാനും മററും ഇവിടെയാണെങ്കിൽ സൌകൎയ്യവുമില്ല. പ്രത്യേകിച്ചു് നിങ്ങൾ വന്ന വിവരം അവനു് അറിയുകയുമില്ല.

ഗണേ:—രാമനാഥൻെറ വിവാഹത്തെപ്പററി വല്ല ആലോചനകളും ഉണ്ടോ?

അമ:—ആലോചനകളൊന്നുമില്ല. അവൻെറ അമ്മ കൂടെക്കൂടെ അതിനെപ്പററി പറയാറുണ്ടു്. ഇവിടെ ഒരു സഹായത്തിനും ആരുമില്ല.

ഗണേ:—എൻെറ മകൾ മനോരമയ്ക്കു 16 വയസ്സു കഴിഞ്ഞു. രാമനാഥനെക്കൊണ്ടു് അവളെ വിവാഹം കഴിപ്പി

ച്ചാൽകൊള്ളാമെന്നാണ് എൻെറ ആഗ്രഹം. എനിക്ക് പെൺകുട്ടിയായിട്ട് അവളൊന്നുമാത്രമേയുള്ളു. കുലമഹത്വവും ആത്മാഭിമാനവും ഉള്ള ഒരാൾക്കുമാത്രമേ ഞാൻ അവളെ വിവാഹം ചെയ്യിപ്പിച്ചുകൊടുക്കയുള്ളു എന്നാണ് എൻെറ നിശ്ചയം. ധനത്തിനെപ്പററി എനിക്ക് അല്പംപോലും ശ്രദ്ധയില്ല. നമ്മൾ തമ്മിലാകുമ്പോൾ പരസ്പരം പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യമില്ലല്ലോ. ഇതിൽ നിങ്ങൾക്കും പ്രത്യേകിച്ച് വിരോധത്തിനൊന്നും വഴിയില്ലല്ലൊ.

അമ:—നിങ്ങളുടെ പുത്രിയെ രാമനാഥനെക്കൊണ്ട് വിവാഹം കഴിപ്പിക്കുന്നതിൽ കവിഞ്ഞു് എനിക്ക് അവനെക്കൊണ്ട് മറെറാരു വിവാഹം കഴിപ്പിക്കുന്നതിൽ സന്തോഷമില്ല. എന്നാൽ എൻെറ ഇപ്പോഴത്തെ സ്ഥിതി വളരെ മോശമാണ്. കിട്ടുന്ന ശമ്പളം വാടകയ്ക്കും ചെലവിന്നുംകൂടെ മതിയാകുന്നില്ല. അതുകൊണ്ടാണ് രാമനാഥനെ കൂടുതൽ പഠിപ്പിക്കുന്നതിനുപോലും സാധിക്കാതെവന്നതു്.

ഗണേ:—അതെല്ലാം എനിക്കറിയാൻ പാടില്ലാത്തതല്ലല്ലോ. ഞാൻ വേണ്ടുന്നതുപോലെ പ്രവൎത്തിച്ചുകൊള്ളാം. നിങ്ങൾക്ക് യാതൊരു സംഗതിയിലും ബുദ്ധിമുട്ടുണ്ടാകയില്ല

അമ:—നിങ്ങളെ ഞാനൊന്നും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. എല്ലാം നിങ്ങൾതന്നെ നിശ്ചയിച്ച് ദിവസം എന്നെ അറിയിച്ചാൽ മതി. എന്നാൽ രാമനാഥൻെറ അഭിപ്രായംകൂടെ ഒന്നറിയണമല്ലോ. അവന് കുട്ടി ഇഷ്ടമാകുമോ എന്നൊക്കെ അറിയേണ്ടതല്ലേ?

ഗണേ:—ഞാൻ ഇന്നുതന്നെ രാമനാഥനെക്കൂടെ എന്റെ കൂടെ കൊണ്ടുപോകാം. കുട്ടിയെ അവന്നു് ഇഷ്ടപ്പെടാതെ വരികയില്ല. കാൎയ്യങ്ങളും ഞാൻ അവനെ പറഞ്ഞു മനസ്സിലാക്കാം.

അമ:—എന്നാൽ അങ്ങിനെതന്നെ. ഞാൻ അവന്റെ അമ്മയെക്കൂടെ വിവരങ്ങൾ ധരിപ്പിക്കാം.

---

## അദ്ധ്യായം ൪.

---

മുൻനിശ്ചയമനുസരിച്ചു് രാമനാഥൻ ഗണേശദത്തിനോടുകൂടി ഗൌരീപുരത്തിലെത്തി. തന്റെ കൃഷിസ്ഥലങ്ങളും ഗൃഹവുമെല്ലാം ഗണേശദത്തു് രാമനാഥന്നു് പരിചയപ്പെടുത്തിക്കൊടുത്തു. ഇതിന്നിടയിൽ കിണററിൽനിന്നും വെള്ളവും കോരിക്കൊണ്ടു് മന്ദാക്ഷവിലസിതമായ മുഖഭാവത്തോടുകൂടി മന്ദഗമനംചെയ്തിരുന്ന മനോരമയെ ഒരുനോക്കു കാണുന്നതിനുള്ള സൌകൎയ്യവും രാമനാഥന്നു ലഭിച്ചു. രണ്ടുപേരുടെയും നയനങ്ങൾ തമ്മിൽ ഇടഞ്ഞു. അവൾ ദൃഷ്ടിപഥത്തിൽനിന്നും മറയുന്നതുവരെ യുവാവു് അവളെത്തന്നെ നോക്കിക്കൊണ്ടുനിന്നു. മനോരമയുടെ സൌന്ദൎയ്യസമ്പത്തു് രാമനാഥനെ പെട്ടെന്നാകൎഷിച്ചു. തന്റെ ഭാൎയ്യാപദം അലങ്കരിക്കുവാൻ സൎവ്വഥാ യോഗ്യതയുള്ള ഒരു കുട്ടിയാണവൾ എന്നു് ആ യുവാവിന്നു് ബോദ്ധ്യമായി. ഗ്രാമപ്രദേശങ്ങളിൽ ഇങ്ങിനെയുള്ള സൌന്ദൎയ്യധാമങ്ങൾ ഉണ്ടാകുകയില്ലെന്നാണു് മനോരമയെ കാണുന്നതുവരെ രാമനാഥൻ ധരിച്ചി

രുന്നതു്. എന്നാൽ അകൃത്രിമമായ സൌന്ദര്യസമ്പത്തു് വഹിച്ചുകൊണ്ടിരിക്കുന്ന ലലനാമണികൾ പട്ടണത്തിലല്ല, ഗ്രാമത്തിൽതന്നെയാണുള്ളതെന്നു് ഇന്നു് ആ യുവാവിന്നു് അനുഭവപ്പെട്ടു ഇവൾ ഇങ്ങനെ ഒരു വനകുസുമമായിത്തീരാതെ കഴിയുന്നതും വേഗത്തിൽ തന്റെ പത്നിയാക്കിത്തീക്കണമെന്നു രാമനാഥൻ നിശ്ചയിച്ചു അവളുടെ ഓരോ അംഗങ്ങളെക്കുറിച്ചും പ്രത്യേകം പ്രത്യേകം ചിന്തിച്ച യുവാവിന്നു് അവളെക്കൂടാതെയുള്ള ജീവിതംതന്നെ വിരസവും ശുഷ്കവുമാണെന്നു തോന്നി. രാമനാഥൻ മനസ്സുകൊണ്ടു് മനോരമയുടെ മനോഹരമായ രൂപലാവണ്യത്തെ പ്രശംസിച്ചുകൊണ്ടു് ഗണേശദത്തിനോടു് യാത്രയുംപറഞ്ഞു് കാൺപൂരിലേക്കു മടങ്ങി.

അധികംനാൾ കഴിയുന്നതിന്നു മുമ്പുതന്നെ രാമനാഥനും മനോരമയുമായുള്ള വിവാഹം ആഘോഷപൂർവ്വം നടന്നു. ഗണേശദത്തു് ഗൌരീപുരം ഗ്രാമത്തിലെ കർഷകപ്രമാണിയും ജനസ്വാധീനവുമുള്ള ആളായിരുന്നതുകൊണ്ടു് തന്റെ ഏകപുത്രിയുടെ വിവാഹാഘോഷം അത്യന്തം ആഡംബരത്തോടുകൂടെത്തന്നെയാണു് നടത്തിയതു്. വരനെ സ്വീകരിക്കുവാൻവേണ്ടി സ്വഗൃഹത്തിൽനിന്നു ഏകദേശം ഒരു മൈൽ ദൂരെ നിന്നുതന്നെ നാദസ്വരം, ബാൻറു തുടങ്ങിയ മേളങ്ങളോടും ഉത്സാഹശാലികളായ യുവാക്കളുടെ ഹർഷാരവങ്ങളോടും, അനുനിമിഷം മുഴങ്ങിക്കൊണ്ടിരുന്ന കതിനാവെടികളോടും കൂടി പുരോഗമിച്ച ഘോഷയാത്ര കണ്ടാൽ സുന്ദരമായ ഒരു ശബ്ദവാഹിനി ഒഴുകിപ്പോകുന്നതുപോലെ തോന്നുമായിരുന്നു മാർഗ്ഗത്തിന്റെ ഇരുവശങ്ങളിലും വരനെ കാണാനുള്ള ഉല്കണ്ഠയോടുകൂടി ഗ്രാമവാസികൾ ആബാലവൃദ്ധം തിങ്ങിക്കൂടി

യിരുന്നു. ശുഭ്രമായ പട്ടുവസ്ത്രങ്ങളും ധരിച്ച്, ഭാരമേറിയ ഒരു ഹാരവുമണിഞ്ഞു്, കയ്യിൽ മനോഹരമായ ഒരു ജണ്ടുമായി ജനസഞ്ചയത്തിന്റെ മദ്ധ്യത്തിൽക്കൂടി അല്പമായുണ്ടായ സങ്കോചഭാവത്തെ മറച്ചുകൊണ്ടു് നടന്നുപോയ വരനെ കണ്ടപ്പോൾ വിവാഹത്തിനു് പ്രായമായ പുത്രികളുള്ള മാതാക്കളുടെ ഹൃദയത്തിലുണ്ടായ വികാരപാരവശ്യം ചിന്തനീയമാണു്. ഇങ്ങനെ ആഡംബരപൂർവ്വം പുരോഗമനം ചെയ്ത ആ ഘോഷയാത്ര ഇന്ദിരാമന്ദിരംപോലെ അലംകൃതമായ ഒരു പന്തലിൽ പ്രവേശിച്ചു. ആ വിവാഹശാലയുടെ മദ്ധ്യത്തിലായി അലങ്കരിച്ചിരുന്ന കമനീയമണ്ഡപത്തിന്റെ പാർശ്വങ്ങളിൽ മാന്യന്മാരായ അതിഥികളെ ഗണേശദത്തു് പ്രത്യേകം സല്ക്കരിച്ചിരുത്തി. പന്തലിന്റെ ഒരു ഭാഗത്തു് സ്ത്രീകൾക്കു് ഇരിക്കുവാൻ വേണ്ടി പ്രത്യേകം സജ്ജീകരിച്ചിരുന്ന സ്ഥലത്തു് വിവിധവർണ്ണങ്ങളിലുള്ള സാരികളും, വിലയേറിയ രാജ ഭൂഷണങ്ങളും ധരിച്ച അനവധി മഹിളാമണികൾ സന്നിഹിതരായിരുന്നു. ഉൽക്കണ്ഠാഭരിതരായി ജനങ്ങൾ കാത്തുകൊണ്ടിരിക്കുന്ന അവസരത്തിൽ അവരുടെ ക്ഷമയെ പരീക്ഷിക്കാതെതന്നെ വരൻ മണ്ഡപത്തിൽ ആസന്നസ്ഥനായി. അനന്തരം ലജ്ജാവനതമുഖിയായി ബന്ധുജനങ്ങളാൽ അനുഗതയായി, സർവ്വാലങ്കാരവിഭൂഷിതയായ ഒരു കന്യകാരത്നം മണ്ഡപത്തിലേക്കു് ആനയിക്കപ്പെട്ടു. അനന്തരം പതിവനുസരിച്ചുള്ള ചടങ്ങുകളോടുകൂടി വിവാഹകർമ്മങ്ങളെല്ലാം നടത്തി വധുവും വരനും ഗൃഹത്തിലേക്കു പ്രവേശിച്ചു

വിവാഹം കഴിഞ്ഞു് മനോരമ കാൺപൂരുപട്ടണത്തിൽ ഭർത്താവിനോടുകൂടി താമസമായതു് അവളുടെ മാതാ

പിതാക്കന്മാക്ക് ഏററവും സന്തോഷപ്രദമായിരുന്നു എങ്കിലും ഗൌരിപുരത്തിലെ രസികന്മാരായ പല യുവാക്കന്മാരേയും നൈരാശ്യഗത്തത്തിലേക്ക് അധഃപതിപ്പിച്ച ഒരു കാൎയ്യമായിരുന്നു ഇതു്. ആ ഗ്രാമത്തിലെ ചില യുവാക്കന്മാരുടെ ദൃഷ്ടിയിൽ മനോരമയെ ഭാൎയ്യയായി സ്വീകരിക്കത്തക്കവണ്ണം അവൾക്ക് ധനസമൃദ്ധിയില്ലായിരുന്നു എങ്കിലും അവളുടെ സൌന്ദൎയ്യസമ്പത്തിൽ അവൎക്കുണ്ടായിരുന്ന അഭിനിവേശം അന്യാദൃശമായിരുന്നു. മനോരമയും അവളുടെ ഇളയ സഹോദരനുംകൂടെ പഠിക്കുവാനായി വിദ്യാലയത്തിലേക്കു പോകുമ്പോഴും, തിരിച്ചു ഗൃഹത്തിലേക്കു മടങ്ങുമ്പോഴും, നിശ്ചിതസ്ഥലങ്ങളിൽ ചില യുവരസികന്മാർ അവളുടെ ദർശനസുഖത്തിനുവേണ്ടി കാത്തുനില്ക്കുക പതിവായിരുന്നു. ഗൌരവൎണ്ണത്തിലുള്ള അവളുടെ ശരീരവും, ചന്ദ്രനെപ്പോലും അതിശയിക്കുന്ന മുഖപത്മവും, സ്നിഗ്ദ്ധകോമളമായ കേശപാശം പുറകിലേക്ക് കെട്ടിയിട്ടു്, അതിൽ ചില പൂക്കൾ ചൂടിയും, ഇരുവശങ്ങളിലേക്കും അനവരതം ചലിച്ചുകൊണ്ടിരിക്കുന്ന ദീൎഘനയനങ്ങളോടും കൂടിയ അവളുടെ മന്ദഗമനം ആരേയും ആകൎഷിക്കുന്ന ഒന്നുതന്നെയായിരുന്നു.

പിതൃഗൃഹത്തിൽ വിഭവസമൃദ്ധമായ ഒരു ജീവിതരീതിയായിരുന്നു മനോരമ അഭ്യസിച്ചിരുന്നതു്. വിശാലമായ ഒരു ഭവനത്തെ വിട്ടു്, കാററും വെളിച്ചവും ശരിക്ക് കിട്ടാത്ത പട്ടണത്തിലെ ഒരു ചെറുഗേഹത്തിൽ വാസമാരംഭിച്ചപ്പോൾ ശ്വാസം മുട്ടുന്നതുപോലെ അവൾക്ക് തോന്നിത്തുടങ്ങി. സ്വഗൃഹത്തിൽ താമസിച്ചിരുന്നപ്പോൾ മാതാപിതാക്കൾ അത്യന്തം വാത്സല്യത്തോടെ വളൎത്തിയിരുന്നതിനാൽ അടുക്കളജോ

ഷിയിൽ ഏൎപ്പെടുന്നതിനോ, മററു ഗൃഹകൃത്യങ്ങൾ ചെയ്യുന്നതിനോ അവൾക്കു് അവസരം ലഭിച്ചിരുന്നില്ല. വിജയപ്രദമായ ഒരു ഗൃഹജീവിതത്തിൽ അവശ്യം അറിഞ്ഞിരിക്കേണ്ട കാൎയ്യങ്ങൾ ഒന്നുംതന്നെ അവൾക്കു് വശമുണ്ടായിരുന്നില്ല. ഭൎത്തൃഗൃഹത്തിൽ വന്നു്, ആദ്യത്തെ മൂന്നാലു ദിവസങ്ങൾ, നവവധു എന്ന നിലയിൽ രാമനാഥൻെറ അമ്മയും മനോരമയെ ഒന്നിനും ക്ഷണിക്കാതെ അവർതന്നെ ഗൃഹകാൎയ്യങ്ങൾ എല്ലാം നടത്തി വന്നിരുന്നു. സൌന്ദൎയ്യസമ്പന്നമായ ശരീരത്തെ കൂടുതൽ അലങ്കരിച്ചു് ഭംഗിപിടിപ്പിക്കുന്നതിലായിരുന്നു മനോരമയുടെ ശ്രദ്ധ അധികം പതിഞ്ഞിരുന്നതു്. കല്യാണിച്ചു് ഒരാഴ്ച കഴിഞ്ഞതോടുകൂടി ഗൃഹജോലികളെല്ലാം അമ്മാവിഅമ്മ മരുമകളെത്തന്നെ ഏല്പിച്ചു. പാത്രങ്ങൾ തേച്ചു് കയ്യിൽ കരി പററുമ്പോഴും, പുക ഏററു് കണ്ണിൽനിന്നും അശ്രു പൊഴിയുമ്പോഴും ആദ്യമാദ്യം അവൾ തൻെറ ദൌർഭാഗ്യത്തെ ഓൎത്തു ദുഃഖിച്ചു. എന്നാൽ ചില അമ്മാവിഅമ്മമാൎക്കു് മരുമക്കളോടു് അസൂയയും കോപവും ഉണ്ടാകുക സാധാരണയാണല്ലൊ. എന്നാൽ രാമനാഥൻെറ മാതാവായ കൌസല്യാദേവി ആ കൂട്ടത്തിൽപ്പെട്ട ഒരുവളായിരുന്നില്ല. അവർ മരുമകളോടു് സ്നേഹമസൃണമായിട്ടാണു് പെരുമാറിവന്നതു്. മനോരമയ്ക്കു് തനിയെ ചെയ്യുവാൻ വിഷമമുള്ള കാൎയ്യങ്ങളിൽ അവളെ സഹായിച്ചും, അവൾക്കു വേണ്ട നിർദ്ദേശങ്ങൾ നല്കിയും അവളെ ഒരുത്തമ ഗൃഹിണിയാക്കിത്തീൎത്തു. രാമനാഥനാണെങ്കിൽ തൻെറ ഭാൎയ്യയെ ഒരു ഇഷ്ടദേവതയെപ്പോലെ സ്നേഹിച്ചും ആരാധിച്ചും വന്നിരുന്നു. സ്ത്രീയ്ക്കു് എന്തെല്ലാം കഷ്ടതകൾ സഹിക്കുവാൻ ഇടയായാലും അവൾ ആഗ്രഹിക്കുന്നതു് ഭൎത്താവിൻെറ നിൎമ്മലപ്രേമ

മാണല്ലോ. ഈ വിഷയത്തിൽ മനോരമയ്ക്കു് ചാരിതാൎത്ഥ്യത്തിനേ അവകാശമുള്ളു. അവളുടെ ഭൎത്താവു് അവളെ സിനിമയ്ക്കു് കൊണ്ടുപോകുക, പൌഡർ, മററു സുഗന്ധദ്രവ്യങ്ങൾ മുതലായവ സമ്മാനിച്ചു് അവളെ ഏററവും സന്തുഷ്ടയാക്കാൻ എല്ലായ്പോഴും ശ്രമിച്ചുകൊണ്ടും ഇരുന്നു. ഗൃഹത്തിലാണെങ്കിലും അവളുടെ ഹിതത്തിനു് വിപരീതമായി പ്രവൎത്തിക്കുന്നവർ ആരുംതന്നെയില്ല. വലിയ ധനാഢ്യൻെറ ഭാൎയ്യയല്ലെന്നല്ലാതെ, മനോരമയ്ക്കു് ദാമ്പത്യജീവിതത്തിൽ യാതൊരുവിധ ക്ലേശങ്ങളും ഉണ്ടായിരുന്നില്ല. ഭൎത്താവു് അവളുടെ പ്രേമദാസൻ മാത്രമാണു്. ഇങ്ങനെയാണെങ്കിലും മനോരമയുടെ പ്രഫുല്ലമായ മുഖകമലം അല്പമൊന്നു് വാടിയാണു് കാണപ്പെട്ടതു്. ഇതിൻെറ കാരണമറിയുവാനുള്ള ഉൽക്കണ്ഠ രാമനാഥനുമുണ്ടു്. തൻെറ പ്രേയസിയുടെ സന്തോഷാമൃതത്തെ യഥേഷ്ടം പാനംചെയ്യണമെന്നുള്ള വിചാരത്തോടുകൂടി ഇങ്ങോട്ടൊന്നും ആവശ്യപ്പെടാതെ അയാൾ അവളുടെ ആവശ്യങ്ങൾ അറിഞ്ഞു പ്രവൎത്തിച്ചുവരികയാണു്. സ്വന്തം ഗൃഹം ഉപേക്ഷിച്ചു്, ഭൎത്തൃഗൃഹത്തിൽ താമസമാരംഭിച്ചതുകൊണ്ടുള്ള താല്ക്കാലികമായുണ്ടായ അസ്വസ്ഥതയാണെന്നു് രാമനാഥൻ ആദ്യം വിചാരിച്ചു. മാസങ്ങൾ നാലഞ്ചു കഴിഞ്ഞിട്ടും, അവളുടെ ഈ പ്രകൃതത്തിനു് വ്യത്യാസമൊന്നും കാണാതിരുന്നതുനിമിത്തം അവളോടു അതിനുള്ള കാരണം നേരിട്ടു് ചോദിച്ചറിയുകതന്നെ എന്നു് ശ്രദ്ധാമാനസനായ യുവാവു് നിശ്ചയിച്ചു. ഒരുദിവസം രാത്രിഭക്ഷണവും കഴിഞ്ഞു്, ദമ്പതികൾ ശയനഗൃഹത്തിൽ പ്രവേശിച്ചു് മനോരമ സ്വഭൎത്താവിനു് വെററില തേച്ചുതെറുത്തുകൊണ്ടിരുന്ന അവസരത്തിൽ രാമനാഥൻ സംഭാഷണം ആരംഭിച്ചു.

രാമ:—പ്രിയെ! ഇവിടെ വന്നതിനുശേഷം നിന്നെ പൂണ്ണസന്തുഷ്ടയായിട്ടു് ഞാൻ ഒരിക്കലും കാണുന്നില്ല. ഇതിൻെറ കാരണമെന്താണു്? ഇവിടെ നിനക്കു വല്ല അസുഖങ്ങളും ഉണ്ടോ? തന്നെയല്ല, നീ ആഭരണങ്ങൾ ഒന്നും അണിഞ്ഞു കാണുന്നുമില്ലല്ലോ.

മനോ:—എനിക്കു സന്തോഷത്തിനു് കുറവൊന്നുമില്ല. എന്നോടുള്ള സ്നേഹക്കൂടുതൽകൊണ്ടു് അങ്ങേയ്ക്കു് തോന്നുകയാണു്. വീട്ടിൽ ഇരിക്കുമ്പോൾ ആഭരണങ്ങളെല്ലാം ധരിക്കേണ്ട എന്നു വിചാരിച്ചു സൂക്ഷിച്ചു വച്ചിരിക്കുകയാണു്.

രാമ:—അല്ല, നീ എന്നെ എന്തോ ഒളിക്കാൻ ഉദ്ദേശിക്കുന്നു. അതു് എനിക്കു് ഏററവും ദുസ്സഹമാണു്. നിനക്കുവേണ്ടി ഏതു ത്യാഗവും ചെയ്വാൻ ഒരുക്കമുള്ളവനാണു് ഞാൻ അതുകൊണ്ടു് യഥാൎത്ഥാവസ്ഥ നീ എന്നോടു പറയണം. ഹൃദയം തുറന്നു കാൎയ്യങ്ങൾ പറയാതിരുന്നാൽ ദാമ്പത്യജീവിതം സുഖകരമായിത്തീരുകയില്ല.

മനോ:—എൻെറ മനസ്സിൽ കുറെനാളായി ഒരു വിചാരം ഇല്ലാതില്ല. അതു് അങ്ങയോടു പറയണമെന്നു് ഞാൻ ആഗ്രഹിച്ചിരുന്നില്ല. അവിടുന്നു് നിർബന്ധിക്കുന്നതുകൊണ്ടു് പറയാതിരിക്കുന്നതും ശരിയല്ലല്ലോ.

രാമ:—ഏതായാലും തുറന്നുപറയുക. അതുകൊണ്ടു് എനിക്കു് സന്തോഷമെയുള്ളൂ.

മനോ:—നമ്മുടെ വിവാഹം ആ നാട്ടിലെ രീതി അനുസരിച്ചു ഏററവും ഉയൎന്ന തോതിലും ആഡംബരപൂൎവ്വവും നടത്തപ്പെട്ടു എന്നാണു് അവിടങ്ങളിലെ അഭിപ്രായം.

രാമ:—അതിൽ ഇവിടെയും അക്കും അഭിപ്രായവ്യത്യാസമൊന്നമില്ല. വിവാഹം അത്യന്തം മോടിയിലും ധാടിയിലും ആഘോഷിക്കപ്പെട്ടു എന്നാണ് എൻെറ സ്നേഹിതന്മാരും പറയാറുള്ളത്.

മനോ:—ആ പ്രദേശങ്ങളിൽ സാധാരണ വിവാഹസമയത്തു് വരൻ വധുവിനെ ഒരു 'ചന്ദ്രഹാരം' അണിയിക്കാറുണ്ട്. ഇവിടെനിന്നും പരിഷ്കൃതരീതിയിലുള്ളവയും വിലയേറിയവയുമായ ആഭരണങ്ങൾ എനിക്ക് സമ്മാനിച്ചു എന്നുവരികിലും, ചന്ദ്രഹാരമില്ലാതിരുന്നതുകൊണ്ടു് ആ നാട്ടിലുള്ള സ്ത്രീകൾ പലരും എന്നെ അപഹസിക്കുകയുണ്ടായി. ഇനി ഒരു ചന്ദ്രഹാരം കൂടെ ഉണ്ടായതിനുശേഷം മററു് ആഭരണങ്ങളുമെല്ലാം ധരിച്ചു് അങ്ങോട്ടൊന്നു പോകണമെന്നാണ് എൻെറ ആഗ്രഹം.

രാമ:—ഇതിൽ ഇത്ര മനഃസ്താപത്തിനു കാരണമെന്താണ്! അക്കാര്യം നിനക്കു നേരത്തെതന്നെ എന്നെ അറിയിക്കാമായിരുന്നല്ലോ. അച്ഛൻ ഒരു പഴയ സമ്പ്രദായക്കാരനാണ്. അദ്ദേഹത്തിനു് ഇതിലൊന്നും പരിചയമില്ല. പട്ടണത്തിൽ വളൎന്ന എൻെറ കഥ പിന്നെ പറയണമോ? അച്ഛൻെറ അഭിപ്രായമനുസരിച്ചുള്ള ആഭരണങ്ങളെല്ലാമാണ് വാങ്ങിയതു്. കൂടാതെ വസ്ത്രങ്ങൾക്കും ആഭരണങ്ങൾക്കുമായി അധികം പണം ചെലവഴിക്കുന്നതും അദ്ദേഹത്തിനിഷ്ടമല്ല. അമ്മയെത്തന്നെ കാണുന്നില്ലേ? വല്ല ആഭരണങ്ങളുമുണ്ടോ? പണ

മില്ലാഞ്ഞിട്ടല്ല, അച്ഛനു് നല്ല സമ്പാദ്യം ബാങ്കിലും മററുമായി ഉണ്ടു്. പക്ഷെ, നിനക്കു ഇഷ്ടമുള്ള ആഭരണങ്ങൾ ഉണ്ടാക്കുന്നതിനു് അച്ഛൻെറ പണമൊന്നും വേണ്ട. അതു് ഞാൻതന്നെ ഉണ്ടാക്കിച്ചുതരാം. നീ അല്പം ക്ഷമിച്ചു സന്തോഷമായിരിക്കു്. നിൻെറ സന്തോഷം മാത്രമാണു് ഞാൻ അഭിലഷിക്കുന്നതു്. നിൻെറ ഈ മുഖകമലം വാട്ടുന്നതു കാണുവാനുള്ള ധൈൎയ്യമോ ശക്തിയോ എനിക്കില്ല.

മനോ:—അങ്ങയെ ഭൎത്താവായി ലഭിച്ചതുതന്നെ എൻെറ പൂൎവ്വജന്മസുകൃതമാണു്. ഞാൻ വളരെ ഭയന്നാണു് ഈ കാൎയ്യം അങ്ങയോടു പറഞ്ഞതു്. എന്നാൽ ആ ഭയം അടിസ്ഥാനരഹിതവും അൎത്ഥശൂന്യവുമാണെന്നു് എനിക്കിപ്പോൾ മനസ്സിലായി. അങ്ങയുടെ പ്രേമം ഒന്നുമാത്രം കാംക്ഷിക്കുന്ന ഒരു എളിയ ദാസിയാണു് ഞാൻ. അതു് എനിക്കു് പരിപൂൎണ്ണമായി ലഭിക്കുന്നുമുണ്ടു്.

രാമ:—നേരമേറിച്ചാണു്. ഓമനേ! നിന്നെ വിട്ടുപിരിയുന്നതുതന്നെ എനിക്കു് അത്യന്തം ദുസ്സഹമാണു്. നിൻെറ പ്രേമമധു ആസ്വദിക്കുവാൻവേണ്ടി ഏതൊരു ത്യാഗവും ചെയ്യാൻ ഞാനൊരുക്കമാണു്. നിന്നെ ഭാൎയ്യയായി ലഭിച്ചതുതന്നെ എൻെറ മഹാഭാഗ്യമാണു്. നമ്മളുടെ പ്രേമസൂനം യാതൊരു വാട്ടവും കൂടാതെ നാൾക്കുനാൾ പൂൎവ്വാധികം പ്രഫുല്ലമാകുമാൻ ഈശ്വരൻ നമ്മളെ അനുഗ്രഹിക്കട്ടെ

രാമനാഥന്റെ വാക്കുകൾ കേട്ടു മനോരമ സമാശ്വസിച്ചു. അവൾക്കു ജ്യേഷ്ഠാവിനോടുള്ള സ്നേഹവും ഭക്തിയും അന്നുമുതൽ ശതഗുണീഭവിച്ചു. അവൾ ഹൃദയംകൊണ്ടു് അദ്ദേഹത്തെ ആരാധിച്ചും തന്റെ ഈ അപൂർവ്വഭാഗ്യലബ്ധിയിൽ അഹങ്കരിച്ചും ദിവസങ്ങൾ കഴിക്കുവാൻ തുടങ്ങി

---

## അദ്ധ്യായം ൬.

സ്വപുത്രന്റെ വിവാഹത്തോടുകൂടി അമരനാഥന്നു് അയാളെ സംബന്ധിച്ചുള്ള ആശങ്ക നിശ്ശേഷം നശിച്ചു. ഇപ്പോൾ രാമനാഥൻ രാവിലെ ആഫീസിൽ പോയാൽ ജോലികഴിഞ്ഞു് നേരെ ഗൃഹത്തിലേക്കുതന്നെ മടങ്ങും. കൂട്ടുകാരുമായി അങ്ങിങ്ങു് ചുററി നടന്നു് നേരം രാത്രിയാകുന്നതുവരെ താമസിക്കാറു പതിവൊന്നുമില്ല. എന്നാൽ വിവാഹം കഴിഞ്ഞതിന്നുശേഷം അമരനാഥന്നു ഇതുവരെയും മനഃസുഖമുണ്ടായിട്ടില്ല ഗണേശദത്തുമായി ബാല്യകാലംമുതൽതന്നെ പരിചയമുണ്ടായിരുന്നതിനാലും, അയാൾക്കു് തന്റെ സ്ഥിതിഗതികൾ എല്ലാം നല്ലതുപോലെ അറിയാമായിരുന്നതുകൊണ്ടും സ്ത്രീധനത്തെപ്പററിയോ മററു സംഗതികളെപ്പററിയോ അമരനാഥൻ അയാളോടു് വിവാഹത്തിനുമുമ്പു് ഒന്നുംതന്നെ സംസാരിച്ചിരുന്നില്ല. ഗണേശദത്തിനു് ധനത്തിനു കുറവൊന്നുമില്ലാതിരുന്നതുകൊണ്ടു് നാലയ്യായിരം രൂപയിൽ കുറയാത്ത ഒരു തുക സ്ത്രീധനമായി കിട്ടുമെന്നായി

രുന്നു അമരനാഥൻെറ പ്രതീക്ഷ. അതുകൊണ്ടു് അയാളുടെ സ്ഥിതിക്കും അന്തസ്സിനും അനുകൂലമായ രീതിയിൽതന്നെ വിവാഹം നടത്തണമെന്നുള്ള വിചാരത്തോടുകൂടി അമരനാഥൻ വധുവിനു് രണ്ടായിരം രൂപാ ആഭരണങ്ങൾക്കും ആയിരം രൂപാ മററു ആവശ്യങ്ങൾക്കുമായി ചെലവാക്കി. എന്നാൽ ഗണേശദത്തു് സ്ത്രീധനമായി രണ്ടായിരം രൂപാ മാത്രമേ കൊടുത്തുള്ളു. ഈ മൂവായിരം രൂപയും വിവാഹം കഴിഞ്ഞ ഉടൻതന്നെ കൊടുത്തുകൊള്ളാമെന്നുള്ള കരാറിൽ അമരനാഥൻ കടംവാങ്ങിയതായിരുന്നു. വിവാഹംകഴിഞ്ഞു് സ്വഗൃഹത്തിൽ വന്നതോടുകൂടി അമരനാഥൻ ചിന്താധീനനായിത്തീർന്നു. ആരോടും അതുവരെ ഒരു പൈപോലും കടം വാങ്ങുന്ന സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഉള്ളതിനെക്കൊണ്ടു് തൃപ്തിപ്പെടുകയല്ലാതെ കടംവാങ്ങി ചെലവുചെയ്യുന്ന സമ്പ്രദായം ആ ആത്മാഭിമാനിക്കുണ്ടായിരുന്നില്ല. ഗണേശദത്തിൽനിന്നും കിട്ടിയ രണ്ടായിരം രൂപയും ഉടൻതന്നെ കടം വീട്ടി. ബാക്കിയുള്ള ആയിരം രൂപാ കൊടുത്തുതീക്കാൻ വഴിയില്ലാതെ വിഷമത്തിലുമായി. കൊടുക്കാമെന്നു് പറഞ്ഞിരുന്ന അവധി കഴിഞ്ഞിട്ടും, പണം കിട്ടായ്കനിമിത്തം ഉത്തമർണ്ണൻ ഒന്നു രണ്ടു പ്രാവശ്യം അദ്ദേഹത്തിനെ അന്വേഷിച്ചു് ഗൃഹത്തിൽ വരികകൂടെ ചെയ്തപ്പോൾ ആ സാധു വലിയ പരുങ്ങലിലായി. താൻ നോക്കിയിട്ടു് യാതൊരു മാർഗ്ഗവും കാണായ്കനിമിത്തം, പുത്രനെ വസ്തുതകൾ ധരിപ്പിക്കണമെന്നുതന്നെ അമരനാഥൻ തീച്ചയാക്കി. ഇങ്ങനെയിരിക്കുന്ന ഒരവസരത്തിൽ രാത്രിയിൽ ആഹാരവും കഴിഞ്ഞു് അമരനാഥൻ വിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ രാമനാഥൻ ആഫീസിൽനിന്നും മടങ്ങിഎത്തി. സ്വപുത്ര

നെ കണ്ടയുടൻ പിതാവു് ഇപ്രകാരം പറഞ്ഞു. "നീ ആഹാരംകഴിഞ്ഞിട്ടു് ഇങ്ങോട്ടൊന്നു വരണം, എനിക്കു് നിന്നോടു ചില കാൎയ്യങ്ങൾ പറയുവാനുണ്ടു്." രാമനാഥൻ കുളിയും ആഹാരവും കഴിഞ്ഞു് പിതാവിന്റെ ആജ്ഞാനുസരണം അദ്ദേഹത്തിന്റെ മുമ്പിൽ സന്നിഹിതനായി. അപ്പോൾ അവർ തമ്മിൽ ഇപ്രകാരമൊരു സംഭാഷണം നടന്നു.

അമ:—നിന്റെ വിവാഹം സംബന്ധിച്ചു് മൂവായിരം രൂപ ആകെപ്പാടെ ചെലവുണ്ടു്. ഗണേശദത്തു് കുറഞ്ഞതു് ഒരു നാലായിരമെങ്കിലും തരുമെന്നാണു് ഞാൻ പ്രതീക്ഷിച്ചിരുന്നതു്. എന്നാൽ അയാൾ രണ്ടായിരം മാത്രമേ തന്നിട്ടുള്ളു എന്ന പരമാൎത്ഥം നിനക്കും അറിവുള്ളതാണല്ലോ. ആയിരം രൂപാ ഇപ്പോൾ കടത്തിലാണു്. ബാങ്കർ മഹേന്ദ്രചാലിനോടാണു് കടംവാങ്ങിയിരുന്നതു് അയാൾ ഇപ്പോൾ രണ്ടുതവണ ആളു പറഞ്ഞയച്ചു അയാളെക്കൊണ്ടു് ചോദിപ്പിക്കുന്നതിൽ എനിക്കും അഭിമാനത്തിനു് കുറവായിട്ടു് തോന്നുന്നുണ്ടു്. ഞാൻ നോക്കിയിട്ടു് കടം വീട്ടാൻ യാതൊരു മാൎഗ്ഗവും കാണുന്നില്ല. നീ വിചാരിച്ചാൽ വല്ല ഉപായവുമുണ്ടോ?

രാമ:—അച്ഛനു് അറിയാൻ പാടില്ലാത്ത വരവുകൾ ഒന്നും എനിക്കില്ലല്ലോ. ഞാൻ എന്തുപറയട്ടെ!

അമ:—കടംവീട്ടാതെ നിവൃത്തിയില്ല. ഞാൻ നോക്കിയിട്ടു് ഒരു മാർഗ്ഗമെ കാണുന്നുള്ളു. നീ മനോരമയുടെ ചില

ആഭരണങ്ങൾ വാങ്ങിച്ചുകൊണ്ടുവരണം. അതിനെ വിററ് അയാളുടെ കടംവീട്ടാം.

രാമ:—എനിക്ക് അവളോട്ട് ആഭരണം ചോദിക്കാൻ സാധിക്കയില്ല. ആഭരണം വില്ക്കാനാണെന്നു പറഞ്ഞാൽ അവളെന്തു വിചാരിക്കും.

അമ:—യഥാർത്ഥസ്ഥിതി അവളെ ധരിപ്പിക്കണം അവളും നമ്മുടെ കുടുംബത്തിലെ ഒരംഗമല്ലേ? വാസ്തവം അറിയുമ്പോൾ അവൾക്ക് വിസമ്മതം ഉണ്ടാകുകയില്ല. പിന്നീട്ട് വല്ല സൗകര്യവും ഉണ്ടാകുന്ന അവസരത്തിൽ ഉണ്ടാക്കിച്ചുകൊടുക്കാം.

രാമ:—എന്നാൽ അമ്മയോ മററാ അവളോട്ട് സൗകര്യം പോലെ പറഞ്ഞു വാങ്ങിക്കൊള്ളട്ടെ. എനിക്ക് അതു വലിയ വിഷമമാണ്.

അമ:—വേറെ എതെങ്കിലും ഉപായമുണ്ടായിരുന്നെങ്കിൽ അഭിമാനമില്ലാത്ത ഈ പ്രവൃത്തിക്ക് ഞാൻ നിന്നോട്ട് പറയുകയില്ലായിരുന്നു. എൻെറ സ്വഭാവം നിനക്ക ഏറെക്കുറെ പരിചയമുള്ളതല്ലേ? കടം വാങ്ങിയതു കൊടുക്കാതിരുന്നാൽ ജനങ്ങൾ എന്തു ധരിക്കും. ആ അവമാനത്തിനെക്കാൾ വലുതാണോ വീട്ടിലുള്ളവരോട്ട് യഥാർത്ഥസ്ഥിതി പറയുന്നതു!

രാമനാഥൻ പിന്നീട്ട് യാതൊന്നുംതന്നെ പറയാതെ നേരെ ശയനമുറിയിലേക്കുപോയി. ആ യുവാവ് അവിടെ എത്തിയപ്പോഴേക്കും മനോരമ നിദ്രയിൽ ലയിച്ചുകഴിഞ്ഞിരുന്നു. രാമനാഥനു് ഉറക്കം വരുന്നില്ല. അയാളുടെ ഹൃദ

യത്തിൽ ചിന്താതരംഗങ്ങൾ അലതല്ലുവാൻ തുടങ്ങി. 'ചന്ദ്രഹാരം' ഇല്ലായ്ക നിമിത്തമാണു് മനോരമ മററു ആഭരണങ്ങൾ പോലും ധരിക്കാതിരിക്കുന്നതു്. ആഭരണങ്ങളോടു് അവൾക്കു് വളരെ പ്രിയവുമാണു്. ആ സ്ഥിതിക്കു അവളോടെങ്ങിനെയാണു് ഈ കാര്യം പറയേണ്ടതു്? ഇതിനുംപുറമെ, ഭാര്യയുടെ മുമ്പിൽ താൻ എളിയവനല്ലെന്നറിയിക്കുവാൻ വേണ്ടി, അച്ഛൻ ബാങ്കിൽ നല്ല ഒരു തുക നിക്ഷേപിച്ചിട്ടുണ്ടെന്നും, ചില വസ്തുവകകൾ എല്ലാം സമ്പാദിച്ചിട്ടുണ്ടെന്നും രാമനാഥൻ സ്വഭാര്യയെ പറഞ്ഞു ധരിപ്പിച്ചിട്ടുണ്ടായിരുന്നു. ആ സ്ഥിതിക്കു് വില്ക്കാനോ പണയം വയ്ക്കാനോ വേണ്ടി ആഭരണങ്ങൾ എങ്ങിനെ ആവശ്യപ്പെട്ടും? ഏതെങ്കിലും പ്രകാരത്തിൽ ഒരു ചന്ദ്രഹാരം വാങ്ങി തൻെറ പ്രേയസിക്കു കൊടുത്തു് അവളുടെ പ്രേമമധു ആസ്വദിക്കുന്നതിനുവേണ്ടി യുവാവു് അനവരതം ശ്രമിച്ചുവരികയാണു്. ആഫീസ്സിൽ നികുതി അടയ്ക്കാൻ വരുന്നവർ കൊടുക്കുന്ന ചെറിയ സംഖ്യ, മനോരമയുടെ ആഗമനത്തോടുകൂടി രാമനാഥൻ അവളെയാണു് ഏല്പിച്ചുവരുന്നതു്. ഇങ്ങനെ ഒരു ഇരുനൂറു ഉറുപ്പികയോളം ഇപ്പോൾ സമ്പാദ്യമായിട്ടുണ്ടു്. ഈ സന്ദർഭത്തിലാണു് അവളോടു ആഭരണങ്ങൾ ആവശ്യപ്പെടേണ്ടിയിരിക്കുന്നതു്. ജീവിതം ഏററവും ആനന്ദപ്രദമാണെന്നും, പ്രത്യേകിച്ചും മനസ്സിനിണങ്ങിയ ഒരു ഭാര്യയുമായിട്ടുള്ള ദാമ്പത്യജീവിതം പരമാനന്ദം തന്നെയാണെന്നു് വിശ്വസിച്ചും ജീവിതസുഖം അനുഭവിച്ചുവരികയാണു് രാമനാഥൻ. ഇതിനു മുമ്പു് ജീവിതക്ലേശമെന്താണെന്നു് നമ്മുടെ യുവാവു് അറിയുകതന്നെ ചെയ്തിരുന്നില്ല. ഈ കാണുന്നതൊന്നും ശാശ്വതമല്ലെന്നും, മനുഷ്യജീവിതം ദുഃഖഭൂയിഷ്ഠമാണെന്നുമുള്ള പരമാ

ത്ഥബോധം രാമനാഥനിപ്പോഴാണുണ്ടായതു്. അഭിമാനിയായ പിതാവിനെ രക്ഷിക്കേണ്ട ധർമ്മം ഒരു വശത്തു്, പ്രിയപത്നിയുടെ വിശിഷ്ടപ്രേമം സമ്പാദിക്കേണ്ടതു് മറെറാരുവശത്തു്. ഈ ധർമ്മസങ്കടത്തിൽ അകപ്പെട്ടു വലയുന്ന രാമനാഥനു് ജീവിതം സൈ്വരമില്ലാതെയായി. പുത്രൻെറ വിവാഹത്തിനുവേണ്ടി കടം വാങ്ങിയ മുതൽ തിരിച്ചുകൊടുക്കാതെ ലോകനിന്ദയ്ക്കു് പാത്രീഭൂതനാകുകയാണെങ്കിൽ, ആ അവമാനാഗ്നിയിൽ അദ്ദേഹം വെന്തുമരിക്കും. ഇങ്ങനെ പലതും ചിന്തിച്ചുകൊണ്ടിരുന്ന യുവാവിനു് പെട്ടെന്നു് ഒരു യുക്തി തോന്നി. മനോരമ സുഖനിദ്രയിൽ ലയിച്ചിരിക്കുകയാണു്. അവൾ അറിയാതെ ആഭരണങ്ങൾ എടുത്തു് അച്ഛനെ ഏല്പിച്ചിട്ടു് ആഭരണങ്ങൾ മോഷണം പോയി എന്നു് പറഞ്ഞാലെന്താ? അങ്ങിനെയാണെങ്കിൽ താൻ അവളോടു പറഞ്ഞിട്ടുള്ള സംഗതികൾ കളവാണെന്നു് അവൾക്കു തോന്നുകയുമില്ല. അവളോടു് ആഭരണങ്ങൾ ചോദിച്ചു് യഥാൎത്ഥകാൎയ്യം പറയുമ്പോൾ ബാങ്കിൽനിന്നും രൂപ എടുക്കരുതോ എന്നു് അവൾ ചോദിക്കുകയാണെങ്കിൽ മറുപടി ഇല്ലാതെയാകും. ഇങ്ങനെ ചെയ്യുകയാണെങ്കിൽ പിതാവിനെ ഋണമുക്തനാക്കുകയും ചെയ്യാം. താൻ മനോരമയെ ധരിപ്പിച്ചിട്ടുള്ള സംഗതികൾ കളവാണെന്നു് അവൾക്കു് തോന്നുകയുമില്ല. ഇതല്ലാതെ വേറെ ഉപായം ഇല്ലെന്നു് ചിന്തിച്ചുറച്ച യുവാവു് പതുക്കെ ഇരുന്നിടത്തുനിന്നു എഴുന്നേററു് മനോരമയുടെ തലയ്ക്കലുള്ള തലയിണയുടെ അടിയിൽനിന്നും താക്കോൽ എടുത്തു. രാമനാഥൻെറ ശരീരം ആസകലം വിറച്ചുതുടങ്ങി. ശരീരത്തിനു് ഒരു തളച്ച ബാധിച്ചതുപോലെ ആ യുവാവിനു് തോന്നി. അയാൾ വീണ്ടും കുറേനേരം കസാലയിൽ ഇരുന്നു.

നെററിയിൽ പൊടിഞ്ഞുകൊണ്ടിരുന്ന സ്വേദബിന്ദുക്കൾ തുടച്ച് അല്പം ആശ്വസിച്ചതിനുശേഷം വീണ്ടും പതുക്കെ എഴുന്നേററ് പെട്ടി തുറന്നു. പെട്ടിക്കകത്ത് ഒരു തുണിക്കഷണത്തിനുള്ളിൽ പൊതിഞ്ഞുകെട്ടി സൂക്ഷിച്ചിരുന്ന ആഭരണങ്ങൾ എടുത്തുകൊണ്ട് രാമനാഥൻ പതുക്കെ പിതാവിനെ സമീപിച്ചു. അദ്ദേഹവും ചിന്താധീനനായി ഉറങ്ങാതെതന്നെ കിടക്കുകയായിരുന്നു അദ്ദേഹത്തിനെ വിളിച്ച് ആഭരണങ്ങൾ ഏല്പിച്ചതിനുശേഷം രാമനാഥൻ ഇപ്രകാരം പറഞ്ഞു "ഞാൻ മനോരമയോടു ഒന്നും പറഞ്ഞില്ല. പെട്ടിയിൽനിന്നും എടുത്തുകൊണ്ടുവരികയാണു ചെയ്തതു. നേരം വെളുത്താൽ മോഷണം പോയതാണെന്നു ഞാൻ പറയും. യഥാർത്ഥ സംഗതി പറയുവാൻ എന്റെ അഭിമാനം സമ്മതിക്കുന്നില്ല. ആവശ്യത്തിനുള്ളതെടുത്തിട്ട് ബാക്കിയുള്ളതിനെ അച്ഛൻതന്നെ വച്ചുകൊള്ളുക. സൌകര്യംപോലെ അവൾക്ക് വല്ലതും ഉണ്ടാക്കിച്ചുകൊടുക്കാം" ഇത്രയും പറഞ്ഞിട്ട് രാമനാഥൻ വീണ്ടും തന്റെ മുറിയിലേക്കു പോയി.

ഹാ! ദുരഭിമാനമേ! നീ എന്തൊരനർത്ഥത്തെയാണുണ്ടാക്കുന്നതു്. ഭർത്താവ് ഭാര്യയോടു് തന്റെ യഥാർത്ഥസ്ഥിതികൾ പറയാൻ മടിക്കുന്നു ഭാര്യയുടെ ദൃഷ്ടിയിൽ താൻ വലിയവനാണെന്നു കാണിക്കാൻവേണ്ടി കപടനാടകം നടിക്കുന്നു. ശാന്തവും സുന്ദരവുമായ ദാമ്പത്യജീവിതം ആനന്ദപ്രദമാക്കിത്തീർക്കേണ്ടതിനുപകരം ലോകത്തിൽ നരകം സൃഷ്ടിക്കുന്നു. ഇതുപോലെയുള്ള ദുരഭിമാനംനിമിത്തം പാവനകളായ എത്രയോ അബലാരത്നങ്ങൾക്കാണു് ദാമ്പത്യജീവിതം തിക്തകകഷായംപോലെ കയ്പുള്ളതായിത്തീർന്നിട്ടുള്ളതു്.

പിറേറന്നു് നേരം പുലൎന്നു. മനോരമ എഴുന്നേററു് ഗൃഹകൃത്യങ്ങളിൽ ഏൎപ്പെട്ടു. മണി എട്ടടിച്ചു. എന്നിട്ടും സ്വഭൎത്താവിനെ പുറത്തെങ്ങും കാണായ്കനിമിത്തം അദ്ദേഹത്തെ ഉറക്കത്തിൽനിന്നും ഉണൎത്താമെന്നുള്ള ഉദ്ദേശത്തോടുകൂടി അവൾ മുറിക്കുള്ളിൽ എത്തി. രാമനാഥൻ ആ അവസരത്തിലും ഗാഢനിദ്രയിൽ ലയിച്ചിരിക്കുകയായിരുന്നു. സുഖമായി നിദ്ര ചെയ്യുന്ന ഭൎത്താവിനെ ഉണൎത്തുവാൻ അവൾക്കു് ധൈൎയ്യമുണ്ടായില്ല. അവൾ മുറിയിൽ അങ്ങുമിങ്ങും ദൃഷ്ടികളെ പ്രസരിപ്പിച്ചുകൊണ്ടിരുന്നു. ഇതിന്നിടയിൽ തുറന്നു കിടക്കുന്ന പെട്ടി അവൾക്കു് കാണ്മാനിടയായി. അവൾ പരിഭ്രമത്തോടുകൂടി പെട്ടിക്കു് സമീപമെത്തി. പെട്ടിക്കകം നല്ലതുപോലെ പരിശോധിച്ചപ്പോൾ, താൻ തുണിയിൽ കെട്ടി ഭദ്രമായി സൂക്ഷിച്ചുവച്ചിരുന്ന ആഭരണങ്ങൾ കാണായ്കനിമിത്തം അവൾ പരിഭ്രാന്തചിത്തയായി. ഏതിന്നും ഭൎത്താവിനെ വിവരം അറിയിക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടി അവൾ രാമനാഥനെ വിളിച്ചുണൎത്തി. രാമനാഥൻ എഴുന്നേററു് കട്ടിലിൽത്തന്നെ ഇരുന്നു. ആഭരണങ്ങൾ കാണ്മാനില്ലെന്നുള്ള വിവരം മനോരമ ഭൎത്താവിനെ അറിയിച്ചു. രാമനാഥനും ഉടൻതന്നെ കട്ടിലിൽനിന്നും എഴുന്നേററു് ഒരു പരിഭ്രമാഭിനയത്തോടുകൂടി അവിടെയെല്ലാം നോക്കി. മനോരമ ഏങ്ങി ഏങ്ങി കരഞ്ഞുകൊണ്ടിരുന്നു. "ഉള്ളതിനെ ധരിക്കാതെ, ചന്ദ്രഹാരംകൂടെ ഉണ്ടായതിനുശേഷമെ ആഭരണങ്ങൾ ധരിക്കുകയുള്ളു എന്നു് ശാഠ്യം പിടിക്കുന്നവൎക്കു് ദൈവം നല്കിയ ശിക്ഷയാണിതു്. രണ്ടായിരം ഉറുപ്പികയുടെ ആഭരണങ്ങൾ വിവാഹാവസരത്തിൽ അച്ഛൻതന്നെ വിലയ്ക്കു വാങ്ങിയിരുന്നു. ചന്ദ്രഹാരം കാലക്രമംകൊണ്ടുണ്ടാക്കിത്തരാം, ഇപ്പോൾ ഉള്ളതിനെ ധ

രിക്ക് എന്നു് ഞാൻ പലപ്രാവശ്യവും പറഞ്ഞിരുന്നു. അത നുസരിക്കാത്തതിൻെറ ഫലമാണിതു്. ഇപ്പോൾ കരഞ്ഞു് മുഖം ചീത്തയാക്കിയതുകൊണ്ടെന്തു പ്രയോജനം? മററുള്ള വർ കേട്ടാൽതന്നെ എന്തു പറയും. അമ്മ എന്നോടു പല പ്പോഴും ചോദിക്കാറുണ്ടു്. "മനോരമ എന്തുകൊണ്ടു് ആഭര ണങ്ങളൊന്നും അണിയുന്നില്ലെന്നു്" ഈ വിവരം അമ്മ കേൾ ക്കുമ്പോൾ എന്തു പറയും? ഇത്രയും പറഞ്ഞിട്ടു് ഒരു കോപ ഭാവത്തോടുകൂടി സ്നാനാദികൾക്കായി മുറിയിൽനിന്നും പുറ ത്തേക്കിറങ്ങി. രാമനാഥൻെറ വാക്കുകൾ "പുണ്ണിൽ തീക്കൊ ള്ളികൊണ്ടു് കുത്തുന്നതു"പോലെയുള്ള ഫലമാണു് മനോര മയിൽ ഉളവാക്കിയതു്. അവൾ തൻെറ പ്രവൃത്തിയിൽ പശ്ചാത്തപിക്കുവാനും, ആഭരണങ്ങൾ കളവുപോയതുനിമി ത്തമുള്ള ഹൃദയവേദനയാൽ വാവിട്ടു നിലവിളിക്കുവാനും തുടങ്ങി. അവൾ യാതൊരു ഗൃഹജോലികളിലും ഏർപ്പെ ടാതെ കരഞ്ഞുകൊണ്ടു് മുറിക്കുള്ളിൽതന്നെ കിടന്നു. മോഷ ണവിവരം അമരനാഥനും കൌസല്യയും അറിഞ്ഞു. ആരും ഒന്നും മിണ്ടിയില്ല. യഥാർത്ഥവിവരം പുത്രൻ വധുവിനെ ധരി പ്പിക്കാതെ, മിഥ്യാഭിമാനംനിമിത്തം അവളെ ദുഃഖിപ്പിക്കു ന്നല്ലോ എന്നോർത്തു ആ പിതൃഹൃദയത്തിൽ സാരമായ ദുഃഖമു ണ്ടായി. ഏതിനും അവൻെറ ഇഷ്ടംപോലെതന്നെ നടക്കട്ടെ എന്നു് അമരനാഥനും കരുതി. മനോരമയെ പുറത്തെങ്ങും കാണാതിരുന്നതുകൊണ്ടു് കൌസല്യാദേവിതന്നെ അടുക്കള ജോലികളിൽ ഏർപ്പെട്ടു. ഇതിനകം സ്നാനഭോജനാദികൾ കഴിഞ്ഞു് ഭാര്യയോടു് ഒന്നുംതന്നെ സംസാരിക്കാതെ രാമനാ ഥൻ ആഫീസിലേക്കു് യാത്രതിരിച്ചു.

## അദ്ധ്യായം ൬.

---

രാമനാഥൻ അഫീസിൽപോയെങ്കിലും ആ യുവാവിൻെറ ശ്രദ്ധ ആഫീസുജോലികളിലൊന്നുംതന്നെ പതിഞ്ഞില്ല. തൻെറ നിർധനതയെക്കുറിച്ചു് അയാൾക്കിപ്പോഴാണു് അനുഭവപ്പെട്ടതു്. സ്വഭാര്യയെപ്പോലും വഞ്ചിക്കേണ്ടിവന്നല്ലൊ എന്നോർത്തു് അയാൾ അത്യന്തം വ്യാകുലനായി. മനോരമ അവളുടെ ബുദ്ധിശൂന്യതയെക്കുറിച്ചും ദൗർഭാഗ്യത്തെക്കുറിച്ചും ചിന്തിച്ചു ചിന്തിച്ചു് അത്യധികം ദുഃഖിക്കുകയും പശ്ചാത്തപിക്കുകയും ചെയ്തു. മദ്ധ്യാഹ്നമായപ്പോൾ കൌസല്യാദേവി അവളെ ആഹാരത്തിനു ക്ഷണിച്ചു. തനിക്കു് ആഹാരം വേണ്ടെന്നുപറഞ്ഞു് അവൾ അവരെ മടക്കി അയച്ചു. തന്നെ ഈ ദുഃഖത്തിൽ സമാശ്വസിപ്പിക്കുന്നതിനുപോലും ആരുമില്ലല്ലോ എന്നോർത്തു് അവളുടെ ഹൃദയം തകർന്നുപോയി. ഇങ്ങനെ പലതും ചിന്തിച്ചും അനർഗ്ഗളമായി അശ്രുപ്രവാഹം നടത്തിയും നേരം സന്ധ്യവരെ കഴിച്ചുകൂട്ടി. മണി ഏഴടിച്ചപ്പോൾ രാമനാഥൻ ഗൃഹത്തിൽ വന്നു മുറിക്കുള്ളിൽ പ്രവേശിച്ചപ്പോൾ ഗ്രീഷ്മഋതുവിൽ വാടിക്കിടക്കുന്ന ലതപോലെ മനോരമ മുറിയുടെ ഒരു മൂലയിൽ കിടക്കുന്നതു കണ്ടു് അയാൾക്കു് സീമാതീതമായ ഹൃദയവേദനയുണ്ടായി. അയാൾ ആഫീസിൽ കൊണ്ടുപോകുന്ന വസ്ത്രങ്ങൾ മാററി വേറെ വസ്ത്രങ്ങൾ ധരിച്ചു് മനോരമയെ സമീപിച്ചു. അവളുടെ തലപൊക്കി തൻെറ മടിയിൽവച്ചുകൊണ്ടു് അവളെ ഈവിധം സമാശ്വസിപ്പിക്കാൻ തുടങ്ങി. "മനോരമെ! ഞാൻ പെട്ടെന്നുണ്ടായ ദേഷ്യംകൊണ്ടു് രാവിലെ എന്തൊക്കെയോ

പറഞ്ഞുംപോയി. നീ ഒട്ടുംതന്നെ ദുഃഖിച്ചിട്ടു് കാര്യമില്ല. ഞാൻ മോഷണകാര്യത്തെപ്പററി പോലീസിൽ അറിവുകൊടുത്തിട്ടാണു് വന്നിരിക്കുന്നതു്. വന്നതുവന്നു, അതിനെപ്പററി ദുഃഖിച്ചതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. നമുക്കു് ഭാഗ്യമുണ്ടെങ്കിൽ അതു് കിട്ടും. അല്ലാത്തപക്ഷം, ഞാൻ നിനക്കു് വേറെ ആഭരണങ്ങൾ ഉണ്ടാക്കിത്തരുന്നുണ്ടു്. നീ മോഷണവിവരം ആരോടും പറയേണ്ട. ഈ വാർത്ത നാടു മുഴുവൻ പ്രചരിക്കുകയാണെങ്കിൽ പോലീസിനും കള്ളനെ കണ്ടുപിടിക്കാൻ വിഷമമുണ്ടാകും. അതുകൊണ്ടു് ദുഃഖിക്കാതെ എഴുന്നേററു് വല്ലതും കഴിക്കു്." ഇതിനിടയിൽ മനോരമ ഇന്നു് ഒന്നും കഴിച്ചിട്ടില്ലെന്നു് പുറത്തുനിന്നുകൊണ്ടു കൌസല്യാദേവി വിളിച്ചുപറഞ്ഞു. രാമനാഥന്റെ സാന്ത്വനോക്തികൾ കേട്ടു് അല്പം ആശ്വാസമുണ്ടായ മനോരമ സ്നാനഭോജനാദികൾക്കായി മുറിയിൽനിന്നും പുറത്തേക്കിറങ്ങി. തന്റെ സൂത്രം ഫലിച്ചു എന്നുള്ള നിലയിൽ രാമനാഥനും അല്പ സമാധാനമുണ്ടായി.

ആഭരണങ്ങൾ വാങ്ങിയ പീടികയിൽതന്നെ കൊണ്ടുപോയി അമരനാഥൻ അവയെല്ലാം വിററു. എന്നാൽ ൧൦ ശതമാനം കുറച്ചുമാത്രമേ അവർ വിലകൊടുത്തുള്ളു. പണം വാങ്ങിയ ഉടൻതന്നെ ബാങ്കർ മഹേന്ദ്രപാലിനു കൊടുക്കാനുണ്ടായിരുന്ന ആയിരം രൂപയും പലിശയും കൊടുത്തു് അമരനാഥൻ ഋണമുക്തനായിത്തീർന്നു. ബാക്കിയുണ്ടായിരുന്ന പണം അമരനാഥൻതന്നെ സൂക്ഷിച്ചു പതിവായി തനിക്കു് ആഫീസിൽനിന്നും കിട്ടിവരുന്ന തുക രാമനാഥൻ പത്നിയെത്തന്നെ ഏല്പിച്ചുവരികയാണല്ലോ പതിവു്. ഒരു ദിവസം അ

യാറം ആ തുക എന്തുണ്ടെന്നറിയുവാൻവേണ്ടി പരിശോധിച്ചപ്പോറം മുന്നൂറിൽപരം ഉറുപ്പികയുണ്ടായിരുന്നു. മനോരമയോട്ടു് പറഞ്ഞു് ആ തുക കയ്യിൽ വാങ്ങി. അതിനുശേഷം പിതാവിനെ സമീപിച്ചു് ആഭരണങ്ങറം വിററുകിട്ടിയിട്ടു് കടം വീട്ടിയതിൻെറ ബാക്കിയുണ്ടായിരുന്ന എഴുനൂറു ഉറുപ്പികയും വാങ്ങി വൈകുന്നേരം ആഫീസിൽനിന്നും ഗൃഹത്തിലേക്ക മടങ്ങിവരുന്ന വഴിക്കു് ബെസ്സാറിലുള്ള ഒരു ആഭരണശാലയിൽ കയറി ബെസ്സാറിലുള്ള കച്ചവടക്കാക്കെല്ലാം രാമനാഥൻ സുപരിചിതനായിരുന്നതുകൊണ്ടു് ഓരോ കച്ചവടക്കാരും അയാളെ പ്രത്യേകം പ്രത്യേകം ക്ഷണിക്കാൻ തുടങ്ങി എല്ലാവരോടും നന്ദി പ്രദർശിപ്പിച്ചതിനുശേഷം അയാറം ഒരു ആഭരണശാലയിൽ കയറി ചന്ദ്രഹാരത്തിനു വിലചോദിച്ചു ആയിരം ഉറുപ്പികയായിട്ടാണു് വില്ക്കുന്നതെങ്കിലും 900 ഉറുപ്പികയ്ക്കു് രാമനാഥനു് കൊട്ടക്കാമെന്നു കച്ചവടക്കാരൻ സമ്മതിച്ചു. ആ ആഭരണശാലയിലെ ഓരോ സാധനങ്ങളും രാമനാഥനെ ആകർഷിച്ചു എങ്കിലും രത്നങ്ങറം പതിച്ച പലമാതിരി മോതിരങ്ങളിൽ ഒരെണ്ണം ആ യുവാവിനെ കൂട്ടതലായി വശീകരിച്ചു. രാമനാഥൻ ആ മോതിരം എടുത്തു് വില ചോദിച്ചപ്പോറം 600 ഉറുപ്പിക വിലപറഞ്ഞു രാമനാഥൻെറ കൈവശം 100 ക മാത്രമേ ഉണ്ടായിരുന്നുള്ളു. പണത്തിൻെറ കുറവുകൊണ്ടു് യുവാവു് സങ്കോചപ്പെടുന്നതു കണ്ടിട്ടു് കച്ചവടക്കാരൻ പറഞ്ഞു— "സർ! നമ്മറം പരിചയമുള്ളവരല്ലേ. പണത്തിൻെറ കുറവുകൊണ്ടു് ഇഷ്ടമുള്ള സാധനം വാങ്ങാതിരിക്കേണ്ട. പണം സൌകര്യംപോലെ എത്തിച്ചുതന്നാൽ മതി സർ പറയുന്നപക്ഷം ഇവിടെയുള്ള എല്ലാ സാധനങ്ങളും തന്ന

യയ്യാം. സാറിനെ ഞങ്ങൾക്ക് വിശ്വാസമാണ്" രാമനാഥൻ തന്റെ കൈവശമുണ്ടായിരുന്ന ആറു രൂപകൂടെ കച്ചവടക്കാരന് കൊടുത്തിട്ട് ബാക്കിയുള്ള 500-ക അധികം താമസിയാതെതന്നെ തന്നുകൊള്ളാമെന്നും പറഞ്ഞു മോതിരവും വാങ്ങിക്കൊണ്ടു സ്വഗൃഹത്തിലേക്ക പോയി. ഗൃഹത്തിൽ എത്തിയ ഉടൻ ചന്ദ്രഹാരവും മോതിരവും മനോരമയെ അണിയിച്ചു. അവളുടെ കഴുത്തിലും വിരലിലും ആ രണ്ടു അഭരണങ്ങളും അത്യന്തം പ്രശോഭിച്ചു. ചന്ദ്രഹാരം ധരിച്ചതോടുകൂടി ആഭരണങ്ങൾ പോയ ദുഃഖം മനോരമയ്ക്ക് നിശ്ശേഷം ഇല്ലാതെയാകുകയും, അവളുടെ മുഖകമലം സന്തോഷാധിക്യത്താൽ പൂർവ്വാധികം പ്രഫുല്ലിതമാകുകയും ചെയ്തു.

സുലോചനാബായി മനോരമയുടെ സഖികളിൽ പ്രധാനയും സമീപത്തുതന്നെ താമസിക്കുന്നവളുമാണ്. മനോരമയെ കാണുന്നതുവരെ കാൺപുരംപട്ടണത്തിലെ സൌന്ദര്യറാണി താനാണെന്ന അഭിമാനം കൊണ്ടിരുന്നവളായിരുന്നു സുലോചനാബായി. എന്നാൽ മനോരമയുമായുള്ള പ്രഥമദർശനത്തിൽതന്നെ അവരുടെ അഭിമാനം നശിച്ചു. വക്കീൽ മോഹൻലാലിന്റെ പത്നിയാണ് അവർ. വക്കീലിന്റെ ആദ്യത്തെ ഭാര്യ മരിച്ചുപോയതുകൊണ്ടും, സന്താനങ്ങളൊന്നുമില്ലാതിരുന്നതുകൊണ്ടുമാണ് അദ്ദേഹം 50 വയസ്സു കഴിഞ്ഞിട്ടും യുവതിയായ സുലോചനയെ കല്യാണം കഴിക്കുവാനിടയായതു്. ഭർത്തൃഗൃഹത്തിൽ താമസമായതോടുകൂടി സുലോചനയ്ക്ക് അല്പംപോലും സന്തോഷമില്ലാതയായി. പിതാവിനോടൊപ്പം പ്രായംവരുന്ന ഭർത്താവിനോടുകൂടി ഗൃഹത്തിൽ നിന്നു് പുറത്തുപോകുന്നതുതന്നെ സുലോചനക്കി

ഷ്ടമില്ലായിരുന്നു. എന്നാൽ ഗൃഹത്തിൽ അവളുടെ നിരങ്കുശമായ ഭരണമാണു നടന്നുകൊണ്ടിരുന്നതു്. അതുമാത്രമായിരുന്നു അവളുടെ സന്തോഷത്തിനുള്ള കാരണം. യുവതിയായ ഭാൎയ്യയെ പ്രീതിപ്പെടുത്തുവാൻവേണ്ടി വക്കീൽ ധാരാളം വിലയേറിയ രാജഭൂഷണങ്ങളെക്കൊണ്ടു് അവളുടെ കോമളശരീരത്തെ അലങ്കരിച്ചിരുന്നു. ഇതിന്നുപുറമേ തനിക്കു കിട്ടുന്ന പണം മുഴുവൻ അപ്പോഴപ്പോൾ ഭാൎയ്യയെ ഏല്പിച്ചും വന്നിരുന്നു. അദ്ദേഹം വളരെയൊക്കെ ശ്രമിച്ചുനോക്കിയെങ്കിലും തന്റെ ധൎമ്മപത്നിയുടെ പ്രേമമധു ആസ്വാദിക്കുന്നതിനുള്ള ഭാഗ്യം ലഭിച്ചിരുന്നില്ല. വക്കീൽ കോടതിയിൽ പോയാൽ ഉടൻതന്നെ സുലോചന മനോരമയുടെ ഗൃഹത്തിൽ വരികയും, രണ്ടു സഖികളും തമ്മിൽ വളരെനേരം സംഭാഷണത്തിലേൎപ്പെട്ടു് സന്തോഷമടയുകയും ചെയ്തുവന്നിരുന്നു ചിലപ്പോഴെല്ലാം സുലോചന തന്റെ സഖിയെ സ്വഗൃഹത്തിലേക്കു് ക്ഷണിച്ചു് സല്ക്കരിക്കുകയും പതിവായിരുന്നു. ഈ വിധത്തിൽ അവർ തമ്മിലുണ്ടായ മൈത്രീബന്ധം പരസ്പരം പിരിഞ്ഞിരിക്കുന്നതു് ദുസ്സഹമാണെന്നുള്ള നിലയിലായിത്തീൎന്നു. മനോരമയുടെ സാന്നിദ്ധ്യംകൂടാതെ സുലോചനയ്ക്കു് യാതൊരു സംഗതിയും പ്രവൎത്തിക്കാൻ ശക്തിയില്ലെന്നുള്ള നിലയിലായി. ആ സാധുവിനു് ജീവിതത്തിൽ വല്ല സന്തോഷവുമുണ്ടെങ്കിൽ അതു് തന്റെ സഖിയുമായുള്ള സാഹചൎയ്യം മാത്രമായിരുന്നു. വക്കീൽ വാൎദ്ധക്യാവസ്ഥയെ പ്രാപിച്ചതോടുകൂടി അദ്ദേഹത്തിന്റെ ശരീരം ചില രോഗങ്ങളുടെ സങ്കേതംകൂടെയായിത്തീൎന്നു. മരുന്നുകൾ കൊടുത്തു് ഭൎത്താവിനെ ശുശ്രൂഷിക്കയല്ലാതെ യഥാൎത്ഥത്തിലുള്ള ഭൎത്തൃസുഖം സുലോചനയ്ക്കു് അല്പംപോലുമുണ്ടായിരുന്നില്ല. തന്റെ ജീവിത

ത്തിൽ അല്പമെങ്കിലും സന്തോഷമോ സമാധാനമോ അവർ ക്ക് ലഭ്യമായിരുന്നതു് മനോരമയുമായുള്ള സാഹചര്യത്തിൽ മാത്രമായിരുന്നു. എത്രയോ യുവതികളാണു് പ്രായംകൊണ്ടു യോജിക്കാത്ത വിവാഹബന്ധത്തിൽ ഏർപ്പെട്ടു നാരകീയമായ ജീവിതം നയിക്കുന്നതു്. എത്രയോ കമനീമണികളാണു് തങ്ങളുടെ കോമളശരീരം, ഈവിധമുള്ള ദാമ്പത്യജീവിതം നിമിത്തം നിരാശാഭരിതരായി ഗംഗാദേവിയിൽ അർപ്പണം ചെയ്തിട്ടുള്ളതു്. ഭാരതത്തിൽ പ്രത്യേകിച്ചും ഉത്തരഭാരതത്തിൽ യുവതീവൃദ്ധവിവാഹം നടന്നുകൊണ്ടാണിരിക്കുന്നതു്. തന്നിമിത്തം സമുദായത്തിൽ പല കുരീതികളും ദുരാചാരങ്ങളും പ്രചരിപ്പിക്കുകയും ദമ്പതിമാർ പശ്ചാത്താപാഗ്നിയിൽ വെന്തുമരിക്കുകയും ചെയ്യുന്നുണ്ടു്. ഈവിധ സമ്പ്രദായങ്ങൾ നശിച്ചാലല്ലാതെ ഭാരതഭൂമിയിൽ ശാന്തിയും സമാധാനവും ഉണ്ടാകുന്നതല്ല.

മനോരമയുടെ വിരലിൽ അണിഞ്ഞിരുന്ന മോതിരം സുലോചനയെ ഹഠാദാകർഷിച്ചു. അവൾക്കും അതുപോലെയുള്ള ഒരു മോതിരം വാങ്ങിക്കൊടുക്കുവാൻ രാമനാഥനോടു് ശുപാർശ ചെയ്യണമെന്നവൾ തന്റെ സഖിയോടഭ്യർത്ഥിച്ചു. അപ്രകാരം ചെയ്തുകൊടുക്കാമെന്നു് മനോരമ സമ്മതിക്കുകയും ചെയ്തു. അന്നു രാത്രിയിൽത്തന്നെ മനോരമ സ്വഭർത്താവിനെ ഈ വിവരം അറിയിച്ചു. മോതിരത്തിനു് 600 ക വിലയാണെന്നും പണം തരുന്നപക്ഷം വാങ്ങിക്കൊടുക്കുന്നതിൽ വിരോധമില്ലെന്നും രാമനാഥൻ പറഞ്ഞു. പിറേറദിവസം സഖിയിൽനിന്നും വിവരം ലഭിച്ചയുടനേതന്നെ സുലോചന 600 ക. രാമനാഥനെ ഏല്പിച്ചു. രാമനാഥൻ സുലോചനയിൽനിന്നും പണം വാങ്ങിക്കൊണ്ടു് നേരെ ഷ

സാറിഷേക്ക് പോയി. രാമനാഥൻ ആഭരണവ്യാപാരിയിൽ നിന്നും മോതിരം കടമായി വാങ്ങിയതിനുശേഷം ഇതുവരെയായിട്ടും പണം കൊടുത്തിരുന്നില്ല. അങ്ങനെയിരിക്കുമ്പോഴാണ് സുലോചനയുടെ ആവശ്യപ്രകാരം അയാൾ ആഭരണശാല സന്ദർശിച്ചതു്. രാമനാഥനെ കണ്ടയുടൻ കച്ചവടക്കാരൻ "എന്താ, സർ! മോതിരം വാങ്ങിക്കൊണ്ടു പോയതിനുശേഷം ഈ വഴി വരുന്നതന്നെയില്ലല്ലോ."

രാമ:—ജോലിത്തിരക്കുകൊണ്ടു വരാൻ സാധിക്കുന്നില്ലെന്നേയുള്ളു. ഞാൻ അന്നു വാങ്ങിയ തരത്തിലുള്ള ഒരു മോതിരംകൂടെ ആവശ്യമുണ്ടു്; അതിനാണു് ഇപ്പോൾ ഇങ്ങോട്ടു പുറപ്പെട്ടതു്.

വ്യാപാ:—മോതിരം എത്രവേണമെങ്കിലും ഉണ്ടു്. അന്നത്തെ പണം തന്നിട്ടു് കൊണ്ടുപോകണം.

രാമനാഥൻ ഉടൻതന്നെ 500 ക എടുത്തു് വ്യാപാരിയുടെ കൈവശം കൊടുത്തു. വ്യാപാരി പണം വാങ്ങി പെട്ടിക്കകത്തു വച്ചിട്ടു് രാമനാഥൻെറ കണക്കിൽ തുക വരവു വയ്ക്കുകയും ചെയ്തു. അതിനുശേഷം അയാൾ ഇപ്രകാരം പറഞ്ഞു. അന്നുകൊണ്ടുപോയതുപോലെയുള്ള മോതിരം വേണമെങ്കിൽ ഇപ്പോൾ തയ്യാറില്ല. രണ്ടുദിവസത്തിനകം തയാർചെയ്യിച്ചു തരാം. ആഭരണങ്ങൾ ഞങ്ങൾ കടമായി കൊടുക്കുന്ന പതിവില്ല. അന്നു് നിങ്ങൾ വന്നപ്പോൾ പെട്ടെന്നു് തരുമെന്നുള്ള വിചാരത്തോടുകൂടിയാണു് തന്നതു്. മൂന്നുമാസം കഴിഞ്ഞാണു് നിങ്ങൾ പിന്നീടു് ഇവിടെ വരുന്നതു്. അതിനാൽ മോതിരം വേണമെന്നുള്ളപക്ഷം മുഴുവൻതുകയും തരികയാണെങ്കിൽ നാളെത്തന്നെ തരാം.

രാമ:—ഇതു് എനിക്കുവേണ്ടിയല്ല, വേറൊരാളുടെ ആവശ്യത്തിലേക്കാണു്. മോതിരം ഇല്ലെങ്കിൽ പണം മടക്കിത്തരണം.

വ്യാപാ:—പണം നിങ്ങളുടെ കണക്കിൽ വരവുവെച്ചുകഴിഞ്ഞു. ഇനി എങ്ങിനെ മടക്കിത്തരാനാണു്.

രാമ:—ഞാൻ നിങ്ങൾക്കു തരാനുള്ള സംഖ്യ മൂന്നാലു് ദിവസങ്ങൾക്കുള്ളിൽ കൊണ്ടുവന്നുതരാം. മോതിരമോ പണമൊ മടക്കിക്കൊടുത്തില്ലെങ്കിൽ ഞാൻ അയാളുടെ മുമ്പിൽ കള്ളനാകും. അതുകൊണ്ടു് ദയവുചെയ്തു് നിങ്ങൾ പണം മടക്കിത്തരണം.

വ്യാപാ:—എനിക്കു വരുവാനുള്ള സംഖ്യ മാത്രമേ ഞാൻ എടുത്തിട്ടുള്ളു. നിങ്ങൾ മൂന്നാലുദിവസത്തിനുള്ളിൽ എനിക്കു തരാമെന്നു പറഞ്ഞ സംഖ്യ അയാൾക്കു് കൊടുത്തേക്കണം. മൂന്നുമാസം കഴിഞ്ഞിട്ടും പണം തരാതെ ഇനിയും അവധി പറയുവാൻ നിങ്ങൾക്കു ലജ്ജ തോന്നുന്നില്ലേ! നിങ്ങളെപ്പോലെയുള്ള മൂന്നാലു് ആളുകൾ ഉണ്ടെങ്കിൽ ഞങ്ങളുടെ കച്ചവടം നല്ലതുപോലെ നടന്നതുതന്നെ. പണം കൊണ്ടുവരണം, മോതിരം ഇപ്പോൾത്തന്നെ വേണമെങ്കിലും തരാം

രാമനാഥൻ ധമ്മസങ്കടത്തിലായി. വ്യാപാരിയിൽനിന്നും പണം കിട്ടുകയില്ലെന്നു കണ്ടപ്പോൾ ചിന്താതുരനായി ആ യുവാവു് സ്വഗൃഹത്തിലേക്കു മടങ്ങി. സുലോചനയോടു് എന്തു മറുപടിയാണു് പറയേണ്ടതെന്നറിയാതെ അയാൾ കുഴങ്ങി. "തല്ക്കാലം മോതിരം തയാറായില്ലെന്നും,

നാലഞ്ചു ദിവസത്തിനുള്ളിൽ തയ്യാറായി കിട്ടുമെന്നും സുലോചനയോട്ട് ഒരുപായം പറയാമെന്നയാൾ തീൎച്ചയാക്കി. എന്നാൽ നാലഞ്ചു ദിവസംകൊണ്ടു പണം ഉണ്ടാക്കുന്നതിനുള്ള മാർഗ്ഗമെന്താണെന്ന് ആലോചിച്ചപ്പോൾ യാതൊരുപായവും കാണാതെ രാമനാഥൻ വിഷമിച്ചു" ഇപ്രകാരമുള്ള ചിന്തകളോടുകൂടി ഒരു തരത്തിൽ അയാൾ സ്വഗൃഹത്തിൽ എത്തിച്ചേൎന്നു.

---

## അദ്ധ്യായം ൭.

---

വിവാഹത്തിനുശേഷം രാമനാഥൻെറ സ്വഭാവത്തിനു് പറയത്തക്ക ഒരു പരിവൎത്തനം ഉണ്ടായിട്ടുണ്ടു്. അയാൾ ഉദ്യോഗത്തിൽ പ്രവേശിച്ചതിനുശേഷം ആഫീസിൽനിന്നും മടങ്ങുന്ന അവസരത്തിൽ കൂടെയുള്ള ജോലിക്കാരിൽ ചിലരെ ലഘുഭക്ഷണത്തിനു ക്ഷണിക്കുക സാധാരണയായിരുന്നു. എന്നാൽ വിവാഹത്തിനുശേഷം ഈ ഏൎപ്പാട്ട് ക്രമേണ മാറാൻ തുടങ്ങി. മനോരമയുടെ ആഭരണങ്ങൾ വില്ക്കാൻ പിതാവിനെ ഏല്പിച്ചതിനുശേഷം ലഘുഭക്ഷണത്തിനുപോലും ആരേയും ക്ഷണിക്കാറില്ല. തന്നെയുമല്ല, ആഫീസിലും അന്യഥായുള്ള വരുമാനം പഴയതുപോലെയില്ലാതെയായി. "ലക്ഷ്മിയും അസ്ഥിരയല്ലോ" എന്നുള്ള തത്വം രാമനാഥനു് അനുഭവപ്പെട്ടു. നികുതി അടക്കേണ്ട സമയം കഴിഞ്ഞതോടുകൂടി വല്ലപ്പോഴും ചില ചില്ലറ തുകകൾ വരുന്നതല്ലാതെ വലിയ തുകകളൊന്നും കിട്ടാതായിത്തുടങ്ങി. ആഫീസിൽനിന്നും കിട്ടാവുന്ന വരുമ്പടിയെ ഉദ്ദേശിച്ചാണു് രാമനാഥൻ ആരംഭ

ണം വ്യാപാരിയോട്ട് കടംവാങ്ങാൻ ധൈര്യപ്പെട്ടതു്. മൂന്നുമാസം കഴിഞ്ഞിട്ടും വ്യാപാരിക്കു് പണം കൊടുത്തുതീക്കുന്നതിനു് അയാൾക്കു സാധിച്ചില്ല. ഇങ്ങനെയിരിക്കുമ്പോഴാണു് സുലോചനാബായി മോതിരം വാങ്ങാൻവേണ്ടി പണം രാമനാഥനെ ഏല്പിച്ചതു്.

സുലോചന രാമനാഥനെ പ്രതീക്ഷിച്ചു രാത്രി പത്തുമണിവരെ ഇരുന്നു. എന്നിട്ടും കാണായ്കയാൽ രാവിലെ വരുമെന്നോൎത്തു് സമാധാനിച്ചു. രാമനാഥൻ ഗൃഹത്തിൽ എത്തിയ ഉടൻതന്നെ മോതിരം കാണാനുള്ള കൗതുകത്തോടുകൂടി മനോരമ അയാളെ സമീപിച്ചു "മോതിരം വാങ്ങിയോ" എന്നു് ചോദിച്ചു

രാമ:—ഇല്ല മോതിരം അവിടെയുണ്ടായിരുന്നില്ല.

മനോ:—വിവരം സുലോചനയെ ധരിപ്പിക്കുകയോ പണം മടക്കി കൊടുക്കുകയോ ചെയ്തോ?

രാമ:—ഇല്ല, ഞാൻ അങ്ങോട്ടു് പോയില്ല. മോതിരം നാലു ദിവസത്തിനുള്ളിൽ തരാമെന്നും പറഞ്ഞു് കച്ചവടക്കാരൻ ഉറുപ്പിക വാങ്ങി.

മനോ:—വല്ലവരുടേയും പണം എന്തിനാണു് നേരത്തെ കൊടുത്തതു്?

രാമ:—അയാൾ എനിക്കു് വളരെ പരിചയമുള്ളവനും വിശ്വാസിയുമാണു്. ഞാൻ വേറെ പീടികയിൽനിന്നും വാങ്ങിയെങ്കിലോ എന്നു് സംശയിച്ചാണു് അയാൾ പണം എന്നോടു് ആവശ്യപ്പെട്ടതു്. അതിനെന്താ, നാലുദിവസം കഴിയുമ്പോൾ അവൾക്കു് മോതിരം കിട്ടും.

മനോ:—പണം നേരത്തെ കൊടുത്തതു് നന്നായില്ല. നമ്മുടേതായിരുന്നെങ്കിൽ തരക്കേടില്ലായിരുന്നു. സുലോചന എന്തുവിചാരിക്കുമോ എന്തോ? ഏതിനും നാളെ രാവിലെതന്നെ അവരോടു് ഈ വിവരം പറയണം. അല്ലെങ്കിൽ അവർ വല്ലതും തെററിദ്ധരിക്കാനിടയുണ്ടു്.

രാമ:—ഞാൻ അത്രയ്ക്കാലോചിച്ചില്ല. രാവിലെതന്നെ അവരെ വിവരം അറിയിക്കാം.

ഇപ്രകാരം ദമ്പതികൾ തമ്മിൽ സംഭാഷണം നടത്തിയതിനുശേഷം രാമനാഥൻ സ്നാനഭോജനാദികളിൽഏർപ്പെട്ടു.

രാമനാഥൻ പിറേറദിവസം രാവിലെ സ്നാനംകഴിഞ്ഞു ലഘുഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ സുലോചനാബായി വന്നുചേർന്നു. സുലോചനയെ കണ്ടയുടൻ മനോരമ പുറത്തുവന്നിട്ടു് "കാപ്പി കഴിച്ചുകൊണ്ടിരിക്കുകയാണു്, നിങ്ങളുടെ ഗൃഹത്തിലേക്കു് വരാൻവേണ്ടി കാപ്പി നേരത്തെ കുടിച്ചുകൊണ്ടിരിക്കുമ്പോഴാണു് നിങ്ങൾ വന്നതു്. ഏതിനും ഇരിക്കു. ഇപ്പോൾ വരും"

സുലോ:—മോതിരം വാങ്ങിയോ?

മനോ:—ഇല്ലെന്നാണു് പറഞ്ഞതു്.

അവർതമ്മിൽ ഇത്രയും പറഞ്ഞു തീർന്നപ്പോഴേക്കും രാമനാഥൻ പുറത്തുവന്നിട്ടു് "ബായി, നിങ്ങൾ ആവശ്യപ്പെട്ടതുപോലെയുള്ള മോതിരം തല്ക്കാലം അവിടെയുണ്ടായിരുന്നില്ല. നാലുദിവസത്തിനകം തരാമെന്നു് അയാൾ പറഞ്ഞിട്ടുണ്ടു്.

കച്ചവടക്കാരൻ സത്യസന്ധനും എനിക്ക് സുപരിചിതനുമാണ്. വേഗത്തിൽ കിട്ടാൻവേണ്ടി നിങ്ങൾതന്ന പണവും ഞാൻ അയാളെ ഏല്പിച്ചിരിക്കുകയാണ്. ഇന്ന് ബുധനാഴ്ച, ശനിയാഴ്ച വൈകുന്നേരം ഞാൻ ആഫീസിൽനിന്നു വരുന്നവഴി മോതിരം അവിടെ കൊണ്ടുവന്നു തരും."

സുലോ:—ദിവസവും ആഫീസിൽനിന്നും മടങ്ങുന്ന വഴി അതിലെ വരണം. പണിക്കാർ വലിയ സൂത്രശാലികളാണ്. അതുകൊണ്ട് അവരെ എന്നും നിർബന്ധിച്ചുകൊണ്ടിരുന്നില്ലെങ്കിൽ വേഗത്തിൽ തരികയില്ല.

രാമ:—അങ്ങനെതന്നെ ചെയ്യാം. ബായി ഇതിൽ ഭയപ്പെടാനൊന്നുമില്ല. ശനിയാഴ്ച വൈകുന്നേരം മോതിരം നിങ്ങൾക്ക് കിട്ടും. ബായി മനോരമയുമായി സംസാരിക്കൂ. ഞാൻ ആഫീസിൽ പോകട്ടെ.

ഇത്രയും പറഞ്ഞ് രാമനാഥൻ ആഫീസിലേക്ക് തിരിച്ചു. ആ യുവാവിൻെറ മനസ്സിന് തീരെ സമാധാനവുമുണ്ടായിരുന്നില്ല. ശനിയാഴ്ച വൈകുന്നേരം മോതിരം കൊടുത്തില്ലെങ്കിൽ ഞായറാഴ്ച രാവിലെ സുലോചന ഗൃഹത്തിൽ വരും; അവരോട് എന്തു സമാധാനമാണ് പറയേണ്ടത്? ഞാൻ എന്തിന് അവരോട് പണം വാങ്ങി. ഇതിനെല്ലാം കാരണം മനോരമയാണ്. അയാൾക്ക് മനോരമയോട് കോപം തോന്നിത്തുടങ്ങി. ഇതിലെല്ലാം മറയത്തമായത് മോതിരം കൈയിൽ വാങ്ങാതെ കച്ചവടക്കാരന് ഉറപ്പികകൊടുക്കേണ്ട ആവശ്യമില്ലായിരുന്നു. അയാൾക്ക് കൊടുക്കാനുള്ളത് രണ്ടുമൂന്നു തവണയായിട്ട് കൊടുത്തുതീക്കാൻ കഴിയുമായിരു

ന്നു. ഏതായാലും ശനിയാഴ്ച വൈകുന്നേരമാകുമ്പോഴേയ്ക്കും പണമുണ്ടാകണമല്ലോ. മനോരമയുടെ പക്കൽ 200 ക കാണാതിരിക്കുകയില്ല. എന്നാലും 300 വേണമല്ലോ അതിനൊരുപായം ചെയ്യാം. ആഫീസിൽ പണം കൊണ്ടുവരുന്നവരിൽ ചെറിയ തുകക്കാൎക്ക് രസീതു കൊടുക്കാം. വലിയ സംഖ്യ അടയ്ക്കുന്നവൎക്ക് പിന്നീട്ട് രസീതു കൊടുക്കാമെന്നും പറഞ്ഞു് അവരെ സമാധാനിപ്പിക്കാം. പക്ഷെ, ഒരാളോട്ട് രണ്ടുപേരോട്ട് ആ ഉപായം ഫലിച്ചെന്നുവരാം. എന്നു തന്നെയല്ല, കച്ചവടക്കാരെല്ലാം വലിയ ധനികന്മാരാണ്. അവർ സംശയംതോന്നി കമ്മീഷണരെ വിവരം ധരിപ്പിക്കുകയാണെങ്കിൽ കള്ളനെന്നുള്ള പേരു് കിട്ടുന്നതിനും പുറമെ ഉദ്യോഗംകൂടെയില്ലെന്നും വന്നേക്കാം. ഏവംവിധങ്ങളായ ചിന്താതരംഗങ്ങളിൽ അടിയും ഉലഞ്ഞും ആഫീസിൽ ചെന്നു കയറിയ രാമനാഥനു് യാതൊരു ജോലിയും ചെയ്യുന്നതിനു് ഉത്സാഹമില്ലാതായിത്തീൎന്നു. അഥവാ വല്ലതും എഴുതുകയാണെങ്കിൽ അതു് മുഴുവനും അബദ്ധജടിലവുമായിരുന്നു

നിമിഷങ്ങൾ മണിക്കൂറുകളായും, മണിക്കൂറുകൾ ദിവസങ്ങളായും അതിക്രമിച്ച് ശനിയാഴ്ചദിവസവും വന്നുചേൎന്നു. രാമനാഥൻ പതിവുപോലെ സ്നാനവും ലഘുഭക്ഷണവുംകഴിഞ്ഞു് ആഫീസിലേക്കു തിരിച്ചു രണ്ടുമൂന്നു ദിവസങ്ങളായി തന്നോടു അധികം സംസാരിക്കാതെയും, ഏതുസമയവും ചിന്താധീനനായി കഴിയുകയും ചെയ്യുന്ന ഭൎത്താവിന്റെ ഹൃദയത്തിൽ ഏതോ വലുതായ ഒരു വ്യഥ കടന്നുകൂടിയിട്ടുണ്ടെന്ന് മനോരമയ്ക്കു് അറിയാമായിരുന്നു. എന്നാൽ അതിനുള്ള കാരണം അറിയാനുള്ള ഉൽക്കണ്ഠയോടുകൂടി ഒന്നുരണ്ടു പ്രാവശ്യം

അവർ ചോദിച്ച ചോദ്യത്തിനു് ശരിയായ മറുപടികിട്ടാതെ അവളും ദുഃഖിതയായിത്തന്നെ കഴിയുകയായിരുന്നു. ശനിയാഴ്ചദിവസം രാമനാഥൻ ആഫീസിലേയ്ക്കു് യാത്രതിരിച്ചപ്പോൾമുതൽ മനോരമയുടെ വലത്തുകണ്ണു് തുടിക്കുവാൻ തുടങ്ങി. സ്ത്രീകൾക്കു വലത്തുവശം തുടിക്കുന്നതു് ഏതോ വരാൻപോകുന്ന ആപത്തിനെ സൂചിപ്പിക്കുന്നതാണല്ലോ എന്നു വിചാരിച്ചു് അവൾ സർവ്വും ഈശ്വരനിൽതന്നെ സമർപ്പിച്ചു. രാമനാഥൻ ആഫീസിൽ എത്തി, അയാളുടെ മനസ്സു് യാതൊരു ജോലിയിലും പതിയുന്നില്ല. പിറേറദിവസം ഞായറാഴ്ചയായിരുന്നതുകൊണ്ടു് ശനിയാഴ്ച പണം അടയ്ക്കുന്നവരുടെ എണ്ണം പതിവിൽ കൂടുതലായിരുന്നു. വൈകുന്നേരം മണി അഞ്ചായി. ആഫീസിലുള്ള ഓരോരുത്തരും പുറത്തേക്കിറങ്ങിത്തുടങ്ങി. കമ്മീഷണർ പോകുന്നതിനുമുമ്പു് പണം അയാളെ ഏല്പിക്കുകയാണു് പതിവു്. കണക്കൊന്നും ശരിയായില്ല, രാവിലെ പണം വീട്ടിൽ കൊണ്ടുവന്നു തന്നേക്കൊള്ളാം എന്നു പറഞ്ഞു് രാമനാഥൻ കമ്മീഷണരെ യാത്രയാക്കി. രാമനാഥൻ കൈവശമുണ്ടായിരുന്ന പണം എണ്ണിനോക്കിയപ്പോൾ കഷ്ടിച്ചു് 500-ക മാത്രമേയുണ്ടായിരുന്നുള്ളു. 100-ക കൂടെ ഉണ്ടെങ്കിൽ മാത്രമേ സുലോചനയ്ക്കു് പണം കൊടുക്കുവാൻ സാധിക്കുകയുള്ളു. അയാൾ കൈവശമുണ്ടായിരുന്ന 500-കയും എടുത്തുകൊണ്ടു് തൻെറ സ്നേഹിതനും ആഫീസിൽ ഒരു ക്ലാക്കുമായ മോഹൻദാസിൻെറ വസതിയിൽ എത്തി.

മോ:—എന്താ, കളിക്കാൻ തയ്യാറായിത്തന്നെയോ വന്നിരിക്കുന്നതു്?

രാമ:—ഞാൻ ഒരത്യാവശ്യക്കാൎയ്യമായിട്ടാണ് വന്നിരിക്കുന്നതു്.

മോ:—എന്താണിത്ര വലിയ അത്യാവശ്യം?

രാമ:—എനിക്ക് 100-ക അവശ്യമുണ്ടു്. 100 ക തന്നു് എന്നെ സഹായിക്കണം. ഞാൻ നാളെ 4 മണിക്ക് മുമ്പ് ഇവിടെ കൊണ്ടുവന്നു് തരാം.

മോ:—മി: രാമനാഥൻ! 100-ക എടുക്കാൻ എന്റെ കൈവശമുണ്ടു്. എന്നാൽ ഞാൻ സ്നേഹിതന്മാൎക്ക് കടം കൊടുക്കുകയില്ലെന്നുള്ളതാണു് എന്റെ ദൃഢനിശ്ചയം. ഞാൻ പല സ്നേഹിതന്മാൎക്കും പണം കടം കൊടുത്തുവന്നിരുന്നു. അവരിൽ പലരുമായി പിണങ്ങുന്നതിനാണിടയായിട്ടുള്ളതു്. കൊടുത്ത മുതൽ തിരിച്ചു ചോദിക്കുന്നതവൎക്കിഷ്ടമല്ല. ചോദിച്ചാൽ അവർ പിണങ്ങുകയായി. അതുകൊണ്ടു് മേലാൽ ഈ ഏൎപ്പാടു് വേണ്ടെന്നാണു് വച്ചിരിക്കുന്നതു്.

രാമ:—അതുപോലൊന്നും വരികയില്ല. ഞാൻ നാളെത്തന്നെ തിരിച്ചുതരാം. ഈ അവസരത്തിൽ എന്നെ സഹായിച്ചേ തീരു.

മോ:—നിങ്ങൾ എന്നോടു് ആദ്യമായി ചോദിക്കുന്നതുകൊണ്ടു് തരാം. മേലാൽ പണംമാത്രം എന്നോടു് കടമായി ആവശ്യപ്പെടരുതു്. നമ്മൾ തമ്മിലുള്ള സ്നേഹം നിലനില്ക്കണമെന്നുള്ള ആഗ്രഹംകൊണ്ടു് ഞാൻ പറയുന്നതാണു്. ഇപ്പോൾ തരുന്ന പണം നാളെ നിങ്ങൾ തരണമെന്നു് നിൎബ്ബന്ധമില്ല. ഒരാഴ്ചത്തെ അവധി

തരുന്നു. അടുത്ത ശനിയാഴ്ച പണം ഇവിടെ കൊണ്ടു വന്നു തരാത്തപക്ഷം ഞായറാഴ്ച രാവിലെ ഞാൻ നിങ്ങളുടെ ഗൃഹത്തിലെത്തും.

രാമ:—ഞാൻ നാളെത്തന്നെ തന്നുകൊള്ളാം.

മോ:—അതു് നിങ്ങളുടെ സൌകൎയ്യം.

ഇത്രയും പറഞ്ഞിട്ടു് മോഹൻദാസ് പെട്ടിതുറന്നു് 100-ക എടുത്തു് രാമനാഥനു് കൊടുത്തിട്ടു് അയാളെ യാത്രയാക്കി. രാമനാഥൻ രൂപയും വാങ്ങിക്കൊണ്ടു് നേരെ സുലോചനാബായിയുടെ ഗൃഹത്തിലേക്കു പോയി. സുലോചന രാമനാഥനെത്തന്നെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുമ്പോഴാണു് അയാൾ ആ ഗൃഹത്തിനുള്ളിൽ പ്രവേശിച്ചതു്. രാമനാഥനെ കണ്ടയുടൻ സുലോചന "മോതിരം കിട്ടിയോ" എന്നു് ഉൽക്കണ്ഠയോടുകൂടി ചോദിച്ച ചോദ്യത്തിനു മറുപടിയായി "മോതിരം കിട്ടിയില്ല, ഞാനും അയാളുമായി വളരെനേരം വഴക്കു പറഞ്ഞു. അവസാനം ഞാൻ കൊടുത്ത ഉറുപ്പികയും വാങ്ങിക്കൊണ്ടു് പോരുകയാണു ചെയ്തതു്" എന്നു മറുപടി പറഞ്ഞു. ഇത്രയും പറഞ്ഞതിനുശേഷം അയാൾ ഉടുപ്പിന്റെ കീശയിൽനിന്നും ഉറുപ്പിക എടുത്തു് എണ്ണി സുലോചനയെ ഏല്പിച്ചു. സുലോചന പണമെടുത്തു് പെട്ടിക്കകത്തു വച്ചതിനുശേഷം രാമനാഥനെ യാത്രയാക്കി. ആ യുവാവു് സ്വഗൃഹത്തിലെത്തി. സ്നാനഭോജനാദികൾ കഴിഞ്ഞു് അല്പം അസ്വാസ്ഥതയോടുകൂടെ ശയ്യയെ അവലംബിച്ചു. മനോരമ ഭൎത്താവിനെ സമീപിച്ചു് അത്യന്തം വിനയസ്വരത്തിൽ "നാഥ! ഏതാനും ദിവസങ്ങളായി അങ്ങയുടെ മുഖത്തു്

സന്തോഷത്തിൻെറ ലക്ഷണംപോലും കാണാനില്ലല്ലൊ. ഇതിനുള്ള കാരണമെന്താണു്? നിർഭാഗ്യവതിയായ ഞാൻ അങ്ങയോടു് വല്ല തെററും ചെയ്തിട്ടുണ്ടെങ്കിൽ അതിനെ ക്ഷമിച്ചു് എന്നെ ആശ്വസിപ്പിക്ക. അങ്ങയുടെ ഈ വാടിയ മുഖകമലം കണ്ടിട്ടു് എനിക്കു് വലിയ സങ്കടമുണ്ടു്.

രാമ:—പ്രിയെ! നീ എന്നോടു് യാതൊരു തെററും ചെയ്തിട്ടില്ല. നാലഞ്ചുദിവസമായി ആഫീസിൽ പണസംബന്ധമായ ഒരു ചെറിയ കുഴപ്പം ഏപ്പെട്ടിരുന്നു. 5-കയുടെ കുറവു്. അതു് എങ്ങിനെ സംഭവിച്ചു എന്നറിയാതെ കണക്കുകൾ എല്ലാം ആദ്യംമുതൽ പരിശോധിക്കേണ്ടിവന്നു. ഇന്നു് അതൊരുവിധം ശരിയായി. അതുകൊണ്ടുള്ള അസ്വാസ്ഥതയായിരുന്നു. ഇപ്പോൾ അതു് നീങ്ങി.

മനോ:—സുലോചനയുടെ മോതിരം കൊടുത്തിട്ടാണോ വന്നതു്?

രാമ:—മോതിരം കിട്ടിയില്ല. ഞാൻ അവരുടെ പണം തിരിയെക്കൊടുത്തു. ഇന്നു് ആ കച്ചവടക്കാരനുമായി അല്പം പിണങ്ങേണ്ടിവന്നു. അയാൾ നാളെ തീച്ചയായും തരാമെന്നു പറഞ്ഞു. മോതിരം എനിക്കാവശ്യമില്ലെന്നും പറഞ്ഞു് ഞാൻ കൊടുത്ത ഉറുപ്പിക വാങ്ങി സുലോചനയ്ക്കു് കൊടുത്തു. ഞാൻ എന്തിനു് അവരുടെ മുമ്പിൽ ചീത്തയാകുന്നു?

മനോ:—അതു് വളരെ നന്നായി. വാസ്തവത്തിൽ അന്നു തന്നെ മോതിരം വാങ്ങാതെ ഉറുപ്പിക അവിടെ കൊടു

ത്തിട്ടുവന്നതു് എനിക്കു് സന്തോഷമായില്ല. ഞാൻ അങ്ങയെ ഭയന്നു് ഒന്നും പറഞ്ഞില്ലെന്നേയുള്ളു. സുലോചനയും മററും വലിയ ആളുകൾ. യഥാൎത്ഥത്തിൽ നമ്മൾ എടുത്തതല്ലെങ്കിലും അപധി പറയുമ്പോൾ അവർ നമ്മളെ സംശയിക്കുകയേയുള്ളു. എന്തിനാണു് അങ്ങനെയുള്ള ഏൎപ്പാടിനു പോകുന്നതു്? അവരാരെക്കൊണ്ടെങ്കിലും വാങ്ങിപ്പിച്ചുകൊള്ളട്ടെ.

രാമ:—നീ പറഞ്ഞതു് സത്യമാണു്. ഞാനും അതുതന്നെയോൎത്താണു് അവരുടെ പണം ഇന്നു് കൊടുത്തതു്.

ഇപ്രകാരം അവർ തമ്മിൽ ഒരു സംഭാഷണം നടന്നതിനുശേഷം നിദ്രയെ പ്രാപിച്ചു. എന്നാൽ ചിന്താതരംഗത്തിൽ പൊങ്ങിയും താണും ഉഴലുന്ന രാമനാഥനെ നിദ്രാദേവി എങ്ങിനെ സമീപിക്കാനാണു്?

---

## അദ്ധ്യായം വ്യ.

---

പറഞ്ഞ സമയത്തുതന്നെ പണം മടക്കിക്കൊടുത്താൽ സുലോചന തന്നെ അവിശ്വസിക്കുകയില്ലെന്നും, ആവശ്യം പറഞ്ഞു് അവരോടുതന്നെ ആ പണം കടമായി വാങ്ങി, പിന്നീടു് സാവകാശമായി അവൾക്കു് കൊടുക്കുകയും ചെയ്യാമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് രാമനാഥൻ വളരെ ബദ്ധപ്പെട്ടു് ശനിയാഴ്ചതന്നെ സുലോചനയ്ക്കു് ഉറുപ്പിക കൊടുത്തതു്. ഞായറാഴ്ചദിവസം രാവിലെ എഴുന്നേററു് പതിവിൻപ്രകാരമുള്ള ദിനകൃത്യങ്ങൾ എല്ലാം നിർവഹിച്ചതിനുശേഷം രാമനാഥൻ സുലോചനയുടെ ഗൃഹത്തിൽ സന്നിഹിതനായി. പലവിധത്തിലുള്ള നാട്ടുവർത്തമാനങ്ങൾ എല്ലാം പറഞ്ഞതിനുശേഷം അയാൾ തൻെറ ആഗമനോദ്ദേശത്തെ സുലോചനയെ അറിയിച്ചു. "ഇന്നലെത്തന്നെ പറഞ്ഞിരുന്നു എന്നുവരികിൽ ഉറുപ്പിക എടുക്കാമായിരുന്നു. ഞാൻ ഇന്നു് രാവിലേതന്നെ ഒരു ആഭരണക്കച്ചവടക്കാരനെ ആളയച്ചുവരുത്തി ആ സംഖ്യ അയാളെ ഏല്പിച്ചു വേറെ എൻെറ പക്കൽ തല്ക്കാലം എടുക്കുന്നതിനു പണമില്ല. രണ്ടു മൂന്നു ദിവസങ്ങൾ കഴിഞ്ഞിട്ടാണെങ്കിൽ നോക്കാം" എന്നു് അവർ മറുപടി പറഞ്ഞു. സുലോചനയിൽനിന്നും സഹായം ലഭിക്കുമെന്നുമുള്ള പൂർണ്ണവിശ്വാസത്തോടും അത്യാശയോടും കൂടിയായിരുന്നു രാമനാഥൻ അവളെ സമീപിച്ചതു്. നിരാശാജനകമായ മറുപടി ലഭിച്ചതോടുകൂടി ആ യുവാവിൻെറ തല കറങ്ങുന്നതുപോലെ തോന്നി. അയാൾ ഒരു വിധത്തിൽ സുലോചനയോടു യാത്രപറഞ്ഞു് അവിടെനിന്നും

ഇറങ്ങി. അസ്വസ്ഥചിത്തനായ രാമനാഥൻ ഭാവിയിൽ തനിക്കു നേരിടാവുന്ന ആപത്തുകളെപ്പററി ചിന്തിച്ചു. 'ഗവൺമെൻറു് പണം മോഷ്ടിച്ചതിനു് പോലീസ് അയാളുടെ കൈകൾക്കു് വിലങ്ങുവച്ചു് അയാളെ അന്ധകാരനിബിഡമായ ജയിലിനുള്ളിൽ അടച്ചിരിക്കുന്നു. അവമാനകരമായ ഈ വാർത്താശ്രവണത്തിൽ മനോരമ ബോധശൂന്യയായി നിലംപതിച്ചിരിക്കുന്നു. അയൽവാസിനികളായ സ്ത്രീകൾ വിഷലിപ്തങ്ങളായ ബാണങ്ങൾപോലെയുള്ള വാക്കുകൾ അവളിൽ വർഷിക്കുന്നു. മാതാവു് നെഞ്ചത്തടിച്ചു് നിലവിളിക്കുന്നു. പിതാവു് വീട്ടിൽനിന്നും പുറത്തിറങ്ങുകപോലും ചെയ്യാതെ തനിക്കു് ഇങ്ങനെ ഒരു പുത്രനുണ്ടായല്ലോ എന്നോർത്തു് ദുഃഖിക്കുകയും കൂടെക്കൂടെ അവനെ ശപിക്കുകയും ചെയ്യുന്നു. ആഫീസിലുള്ള അയാളുടെ കൂട്ടുകാരെല്ലാം അയാളെ അധിക്ഷേപിക്കുന്നു. ഈ അവസരത്തിൽ രാമനാഥനോടു സഹതാപം പ്രകടിപ്പിക്കുന്നതിനോ, അയാളുടെ കുടുംബത്തെ സമാശ്വസിപ്പിക്കുന്നതിനോ ഒരു വ്യക്തിപോലും ആ നാട്ടിലില്ല" ഈ ചിന്തകൾ രാമനാഥനിൽ ഉദിച്ചുയർന്നതോടുകൂടി അയാൾ ഒരു ഭ്രാന്തനെപ്പോലെയായിത്തീർന്നു. പോലീസുകാർ തന്നെ അന്വേഷിച്ചുവരുന്നതുപോലെ ആ യുവാവിനു് തോന്നി. രാമനാഥൻ നേരെ റയിൽവേസ്റ്റേഷനിലേക്കു് നടന്നു. സ്റ്റേഷനിൽ എത്തിയപ്പോൾ കൽക്കത്തായിലേക്കുള്ള മെയിൽവണ്ടി പുറപ്പെടാറായിരിക്കുന്നു. യുവാവു് സ്റ്റേഷനിൽ എത്തിയ ഉടനെ ഒരാൾ അയാളെ സമീപിച്ചിട്ടു് "സർ! എങ്ങോട്ടാണു്? ടിക്കററു് ഞാൻ വാങ്ങിത്തരാം രണ്ടണ തന്നാൽമതി. സർ! ഈ ആൾക്കൂട്ടത്തിന്നിടയിൽ കിടന്നു് തള്ളുകൊള്ളേണ്ട." കൽക്കത്തയിലേക്കു ഇവിടെനിന്നും

വണ്ടിക്കൂലി എത്ര ഉറുപ്പികയാണെന്നുള്ള രാമനാഥന്റെ ചോദ്യത്തിനു് 17-കയാണെന്നു് ആ അപരിചിതൻ മറുപടി നല്കി. രാമനാഥൻ ഉടൻതന്നെ 2 പത്തുറുപ്പികയുടെ നോട്ടെടുത്തു് ടിക്കറ്റു വാങ്ങുവാൻവേണ്ടി അയാളുടെ കയ്യിൽ കൊടുത്തു. ഇതിനിടയിൽ വണ്ടി പുറപ്പെടാനുള്ള ആദ്യത്തെ മണി അടിച്ചു ടിക്കറ്റു വാങ്ങാൻ പോയ ആളിനെ കണ്ടില്ല. രാമനാഥൻ പെട്ടെന്നു് പ്ലാറ്റ്ഫാറത്തിലേക്കു കടന്നു. രണ്ടാമത്തെ മണിയും അടിച്ചു. അയാൾ സംഭ്രാന്തനായി വണ്ടിക്കുള്ളിൽ പ്രവേശിച്ചു. വണ്ടി 'ഫൂ'ത്ക്കാരത്തേയും മുഴക്കിക്കൊണ്ടു് യാത്ര ആരംഭിച്ചു. വണ്ടി പുറപ്പെടുന്നതുവരെ ടിക്കറ്റിനു് ഏല്പിച്ച ആളെപ്പററി യാതൊരറിവും നമ്മുടെ യുവാവിനു് ലഭിച്ചില്ല.

വണ്ടിക്കുള്ളിൽ പ്രവേശിച്ചതിനുശേഷം രാമനാഥൻ ആരോടും ഒന്നും സംസാരിക്കാതെ ആഴമായ ചിന്തയിലാണ്ടു കിടക്കുകയായിരുന്നു. പല സ്റ്റേഷനുകളിലും വണ്ടിനില്ക്കുകയും, ആളുകൾ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടുമിരുന്നു. ഇതൊന്നും ചിന്താധീനനായ രാമനാഥൻ അറിയുന്നില്ല. ഇതിനകം വണ്ടി ഒരു സ്റ്റേഷനിൽ നില്ക്കുകയും ടിക്കറ്റു് ചെക്കർ വന്നു് 'ടിക്കറ്റു്' എന്നു പറഞ്ഞപ്പോഴാണു് യുവാവു് ചിന്തയിൽനിന്നും ഉണർന്നതു്. പരിഭ്രമത്തോടുകൂടി ഷർട്ടിന്റെ പോക്കററു് പരിശോധിച്ചതിനുശേഷം 'ടിക്കററു ഇല്ല,' എന്നു് ഗദ്ഗദകണ്ഠത്തോടുകൂടി രാമനാഥൻ പറഞ്ഞു. യുവാവിന്റെ നയനങ്ങൾ അശ്രുപങ്കിലമായി കാണപ്പെട്ടു. ടിക്കററില്ലെങ്കിൽ പണം എടുക്കുവാൻ ടിക്കററുചെക്കർ ആവശ്യപ്പെട്ടു. രാമനാഥൻ അനർഗ്ഗളമായ അശ്രുപ്രവാഹത്തോടു

കൂടി പണമില്ലെന്നു പറഞ്ഞു. രാമനാഥൻെറ ഈ അവസ്ഥ, പുണ്യക്ഷേത്രങ്ങൾ ദൎശിച്ചു മടങ്ങിവരുന്നവനായ ഒരു സന്ന്യാസി കണ്ടു. സന്ന്യാസിക്കു് ആ യുവാവിനോടു് സഹതാപം തോന്നിയിട്ടു് എവിടെ പോകുന്നു എന്നു ചോദിച്ചു. 'കൽക്കത്തയിലേക്കു്' എന്നു മറുപടി പറഞ്ഞു. സന്ന്യാസി ഉടൻതന്നെ ടിക്കററുചെക്കർ ആവശ്യപ്പെട്ട സംഖ്യ കൊടുത്തു് ഒരു ടിക്കററു് വാങ്ങി കയ്യിൽ വച്ചുകൊണ്ടു് രാമനാഥനുമായി ഇങ്ങനെ ഒരു സംഭാഷണത്തിൽ ഏൎപ്പെട്ടു.

സന്ന്യാ:—ടിക്കററും പണവും കൂടാതെ വണ്ടിയിൽ കയറിയതെന്തുകൊണ്ടാണു്?

രാമ:—സ്റ്റേഷനിൽവച്ചു് ടിക്കററു വാങ്ങാൻ തുടങ്ങിയപ്പോൾ 2-ണ കൊടുത്താൽ മതി, വാങ്ങിത്തരാമെന്നു പറഞ്ഞു് ഒരാൾ എന്നോടു് 20-ക വാങ്ങി. വണ്ടി പുറപ്പെടാറായിട്ടും അയാളെ കാണാതിരുന്നതുകൊണ്ടു് വണ്ടിയിൽ കയറിയതാണു്.

സന്ന്യാ:—സ്വദേശം എവിടെയാണു്?

രാമ:—കാൺപൂരിൽ.

സന്ന്യാ:—കൽക്കത്തയിൽ പോകുന്നതിൻെറ ഉദ്ദേശമെന്താണു്?

രാമ:—വല്ല ജോലിയും ചെയ്തു ഉപജീവനം കഴിച്ചാൽക്കൊള്ളാമെന്നുള്ള ആഗ്രഹം ഒന്നുമാത്രമാണു്.

സന്ന്യാ:—കൽക്കത്തയിൽ ബന്ധുക്കളോ പരിചിതരോ ആയി വല്ലവരും ഉണ്ടോ?

രാമ:—ആരുമില്ല.

സന്യാ:—ആ സ്ഥിതിക്കു കൈവശം പണമില്ലാതെ നിങ്ങൾ കൽക്കത്താപട്ടണത്തിൽ എന്തു ചെയ്യാനാണു്? തന്നെയുമല്ല, നിങ്ങളുടെ സംഭ്രമവും യാത്രാരീതിയും കണ്ടിട്ടു് ജോലി അന്വേഷിച്ചു പുറപ്പെട്ടിരിക്കുന്ന ആളിനെപ്പോലെയല്ല തോന്നുന്നതു്. ഏതോ ആപത്തിൽനിന്നും രക്ഷ നേടുവാൻവേണ്ടി ലക്ഷ്യമില്ലാതെപോകുന്ന ഒരാളിന്റെപ്പോലെയാണു് എനിക്കു് തോന്നുന്നതു്. ഞാൻ ഒരു തീർത്ഥാടനക്കാരനാണു്. എന്നോടു നിങ്ങളുടെ വാസ്തവസ്ഥിതികൾ തുറന്നുപറയുന്നപക്ഷം ഞാൻ നിങ്ങൾക്കു് കഴിയുന്ന സഹായങ്ങൾ ചെയ്തുതരാം; തന്നെയുമല്ല, എന്റെ സ്ഥിരതാമസം കൽക്കത്തയിലുമാണു്.

"വെള്ളത്തിൽ മുങ്ങിമരിക്കാൻ തുടങ്ങുന്ന ഒരുവൻ വയ്ക്കോൽപൊരി കണ്ടാലും കയറി പിടിക്കും" എന്നുള്ള പഴഞ്ചൊല്ലുപോലെ രാമനാഥൻ തന്റെ യഥാർത്ഥസ്ഥിതികളെല്ലാം സവിസ്തരം സന്യാസിയെ പറഞ്ഞു മനസ്സിലാക്കി. രാമനാഥന്റെ കഥകൾ ശ്രദ്ധിച്ചു ശ്രവിച്ച സന്യാസി ഒരു ചെറുമന്ദസ്മിതം തൂകിക്കൊണ്ടു് "ഏതിനും പരിഭ്രമിക്കാതിരിക്കു, ദൈവം നന്മയേ വരുത്തുകയുള്ളു" എന്നു് മറുപടി പറഞ്ഞു.

'ഭക്തൻ' എന്നു് പറയപ്പെടുന്ന ഈ സന്യാസി കൽക്കത്താനിവാസിയാണു്. യൌവ്വനകാലത്തിൽ സകല ദുർഗ്ഗുണങ്ങൾക്കും വിളനിലമായിരുന്ന ഇദ്ദേഹം പെട്ടെന്നുണ്ടായ ഒരു സംഭവംമൂലം കുടിലകർമ്മങ്ങളെല്ലാം ഉപേക്ഷിച്ചു്, ബാക്കിയുള്ള ജീവിതകാലമെങ്കിലും ഈശ്വരഭജനത്തിലും, പരോപകാരപ്രദമായ പ്രവൎത്തനങ്ങളിലുമേപ്പെട്ടു കഴിച്ചുകൂട്ടണമെ

നുള്ള ദൃഢനിശ്ചയത്തോടുകൂടി ദിവസങ്ങൾ നയിച്ചുവരിക
യാണു്. മദ്യപാനത്തിലും വ്യഭിചാരം അടികലശൽ മുതലാ
യവയിലുംമാത്രം സമയം ചെലവഴിച്ചിരുന്ന ഇദ്ദേഹം പല
ക്രിമിനൽകേസ്സുകളിലും പ്രതിയായിട്ടുണ്ടു്. എന്നാൽ അപാ
രമായ ധനസമ്പത്തിനെ കണക്കില്ലാതെ ചെലവഴിച്ചതു
കൊണ്ടു് കേസ്സുകളിൽ ഒന്നിലും ശിക്ഷ അനുഭവിക്കാതെ
രക്ഷ നേടുവാനുള്ള ഭാഗ്യം ഇദ്ദേഹത്തിനു ലഭിച്ചു. പൈതൃ
കമായി, ഒരു നല്ല ഭൂസ്വത്തും പണമായി ഒരുലക്ഷം ഉറുപ്പിക
യോളം വരുന്ന ഒരു സംഖ്യയും സ്വപുത്രന്റെ ഇഷ്ടാനുസര
ണമുള്ള ചെലവുകൾക്കായി വിട്ടുകൊടുത്തിട്ടാണു് ഭക്തന്റെ
പിതാവു് പരമഗതിയടഞ്ഞതു്. ഭക്തനല്ലാതെ ആ പിതാ
വിനു് വേറെ സന്താനങ്ങളൊന്നുമില്ലാതിരുന്നതുനിമിത്തം
അദ്ദേഹം തന്റെ ഏകപുത്രനെ ക്രമാതീതമായി ലാളിച്ചു്
പാലിച്ചുവന്നിരുന്നു. മാതാപിതാക്കന്മാരുടെ അതിരുക
വിഞ്ഞ വാത്സല്യം ഭക്തനു് ദുരാചാരങ്ങളിലേക്കുള്ള മാർഗ്ഗം
തെളിച്ചുകൊടുക്കുകയാണു് ചെയ്തതു്. ഭക്തന്റെ യഥാർത്ഥ
മായ പേരു് ലോകനാഥൻ എന്നായിരുന്നു. ലോകനാഥൻ
യൌവനാവസ്ഥയെ പ്രാപിച്ചതോടുകൂടി ഇയാളെ ജനങ്ങൾ
ഒരു ക്രിമിനൽപുള്ളിയായിക്കരുതി ഭയന്നാണു് കഴിഞ്ഞുവ
ന്നിരുന്നതു്. മൃഗീയവും ക്രൂരവുമായ പ്രവൃത്തികൾ ചെയ്യു
ന്നതിനു് ഈ യുവാവിനു് യാതൊരു സങ്കോചവും ഉണ്ടായി
രുന്നില്ല. മദ്യപിക്കുന്നതിലും, സ്ത്രീകളുടെ ചാരിത്രമെന്ന അമൂ
ല്യസമ്പത്തിനെ അപഹരിക്കുന്നതിലുമായിരുന്നു ലോകനാഥ
നുണ്ടായിരുന്ന പ്രത്യേകതാല്പര്യം. മുപ്പതുവയസ്സുവരെ വിവാ
ഹം കഴിക്കാതെ അനിയന്ത്രിതമായ ജീവിതം നയിച്ചശേഷം
യുവാവു് മാതാപിതാക്കന്മാരുടെ നിർബന്ധംമൂലം യശോദ

എന്ന ഒരു സൌന്ദൎയ്യധാമത്തെ വിവാഹംചെയ്തു. വിവാഹം കഴിഞ്ഞു് അധികനാൾ കഴിയുന്നതിനുമുമ്പുതന്നെ ലോകനാഥന്റെ മാതാപിതാക്കൾ ഇഹലോകവാസം വെടിഞ്ഞു. അച്ഛനമ്മമാരുടെ മരണം യുവാവിന്റെ സ്വേച്ഛാപ്രവൃത്തികൾക്കു കൂടുതൽ സൌകൎയ്യം ലഭിച്ചു. ഇതിനകം പണമായി കൈവശമുണ്ടായിരുന്ന സംഖ്യ മുഴുവൻ തീൎന്നു് ക്രമേണ വസ്തുക്കളും എഴുതി വില്ക്കാൻ തുടങ്ങി. ഇങ്ങനെ കഴിഞ്ഞുവരുമ്പോൾ ലോകനാഥനും അയാളുടെ അനുചരന്മാരുംകൂടി കൽക്കത്താപട്ടണത്തിനു സമീപമുള്ള ഒരു ഗ്രാമത്തിൽനിന്നു് ഒരു ഹിന്ദുബാലികയെ അപഹരിച്ചു് ഒരിടത്തു് രഹസ്യമായി താമസിപ്പിച്ചിരിക്കുന്നു എന്നുള്ള ഒരു കേസുത്ഭവിക്കുകയും, ആ കേസ്സിൽ ലോകനാഥനു് പല വിഷമതകൾ അനുഭവിക്കാനിടയാകുകയും ചെയ്തു. കേസ്സിൽ നിന്നും രക്ഷനേടുന്നതിനുവേണ്ടി പോലീസ്കാൺസ്റ്റബിൾ മുതൽ ഉയൎന്ന ഉദ്യോഗസ്ഥന്മാർവരെയും കൈക്കൂലി കൊടുക്കുകയും, പല നാൾ അജ്ഞാതവാസം അനുഷ്ഠിക്കുകയും ചെയ്തതിന്റെ ഫലമായി അവസാനം കേസ്സിൽനിന്നും രക്ഷപ്പെട്ടു. ഈ കേസ്സ് അവസാനിച്ചതോടുകൂടി ബാക്കിയുണ്ടായിരുന്ന ഭൂമിയും വില്ക്കേണ്ടതായി വന്നു. യൌവ്വനത്തിന്റേയും ധനത്തിന്റേയും അഹങ്കാരം നശിക്കുകയും പലവിധ അവമാനങ്ങൾ ഏല്ക്കാനിടയാകുകയും ചെയ്തതിന്റെ ഫലമായി ലോകനാഥനിൽ പെട്ടെന്നൊരു പരിവൎത്തനമുണ്ടായി. പന്ത്രണ്ടുവൎഷക്കാലം ദാമ്പത്യജീവിതം നയിച്ച അയാൾക്കു് ഒരു സന്താനംപോലുമുണ്ടായില്ല. ഇതെല്ലാം തന്റെ പാപകൎമ്മങ്ങളുടെ പരിണതഫലങ്ങളാണെന്നുള്ള ബോധം ഉണ്ടായതോടുകൂടി അയാൾ തന്റെ ഭൂതകാലചരിത്രത്തിലേക്കു ഒന്നു പിൻതിരിഞ്ഞുനോ

ക്കിയപ്പോൾ ജീവിതം അന്ധകാരമയമായി തോന്നിത്തുടങ്ങി. തൻെറ പാപസമുദ്രം അലതല്ലുന്നതുപോലെ അയാൾക്കനുഭവപ്പെട്ടു പരോപകാരത്തിനായുള്ള ധനം താൻ അതിൻെറ മഹത്വമറിയാതെ പാപവൃത്തികൾക്കായി ചെലവഴിച്ചുവല്ലോ എന്നോർത്ത് അയാൾ അത്യന്തം പശ്ചാത്തപിച്ചു. വിദ്യാസമ്പന്നനായ യുവാവിൽ നിസർഗ്ഗസിദ്ധമായി ലയിച്ചു കിടന്നിരുന്ന ജ്ഞാനശകലങ്ങളുടെ അങ്കുരം നിശ്ശേഷം നശിച്ചിട്ടില്ലായിരുന്നു സജീവമായ ആ ജ്ഞാനാങ്കുരത്തിനു് വികസിക്കുവാൻ അനുകൂലമായ ഒരു പരിതഃസ്ഥിതി മാത്രമേ ആവശ്യമായിരുന്നുള്ളു. ധാർമ്മികാഗ്രേസരനായ പിതാവിനോടുകൂടി നയിച്ചു ബാല്യകാലത്തെ നിർമ്മലജീവിതരീതിയേയും, കാലവൈപരീത്യംകൊണ്ടു് തനിക്കു വന്നുചേന്ന നീചമായ വൃത്തിവിശേഷത്തേയുംകുറിച്ചു് ചിന്തിക്കാൻ തുടങ്ങിയ യുവാവിൽ പെട്ടെന്നു് സന്മാർഗ്ഗബോധമുളവായി. തൽഫലമായി കഴിഞ്ഞ ജീവിതത്തിനെല്ലാം പ്രായശ്ചിത്തമെന്നോണം ലോകനാഥൻ സ്വദേശത്തേയും ഭാര്യയേയുംഉപേക്ഷിച്ചു് തീർത്ഥാടനത്തനായി പുറപ്പെട്ടു തീർത്ഥാടനകാലങ്ങളിൽ സമസ്തസൃഷ്ടിസ്നേഹികളായ ചില സന്യാസിമാരെ സന്ദർശിക്കുന്നതിനും, അവരുടെ അമൂല്യങ്ങളായ ഉപദേശങ്ങളെ സ്വീകരിക്കുന്നതിനുമുള്ള സൌകര്യം അയാൾക്കു് ലഭിച്ചു. ഈ പരിവത്തനത്തോടുകൂടി ലോകനാഥൻെറ ജീവിതം അഗ്നിസ്പർശമേററ സ്വർണ്ണംപോലെ പ്രശോഭിക്കുവാൻ തുടങ്ങി. ഏതാനും വഷക്കാലം പല പുണ്യക്ഷേത്രങ്ങളും സന്ദർശിച്ചു് ആത്മസംശുദ്ധിവരുത്തിനുതിനുശേഷം, ഇപ്പോൾ കൂടക്കൂടെ പുണ്യാശ്രമങ്ങൾ സന്ദശിക്കുകയും ഇടയ്ക്കിടെ പതിവ്രതയും വിദുഷിയുമായ സ്വപത്നിയെ കാണാൻ ഗൃഹത്തിൽവന്നു് താമസിക്ക

കയും ചെയ്തുവരികയാണു്. അദ്ദേഹം ഹരിദ്വാരം യാത്രക ഴിഞ്ഞു് മടങ്ങിവരുന്ന വഴിക്കാണു് വണ്ടിയിൽവച്ചു് രാമ നാഥനെ പരിചയപ്പെട്ടുന്നതിനും ആ യുവാവിൻെറ വാസ്ത വസ്ഥിതികൾ മനസ്സിലാക്കുന്നതിനുമിടയായതു്. വണ്ടി കൽ ക്കത്തയിൽ എത്തിയ ഉടനേതന്നെ ഭക്തൻ രാമനാഥനേയും കൂട്ടിക്കൊണ്ടു് സ്വഗൃഹത്തിലേക്കു് പോയി. രാമനാഥനു് അസൌകര്യമൊന്നും ഉണ്ടാകാതെ താമസത്തിനുവേണ്ട ഏ ർപ്പാടുകൾ എല്ലാം ചെയ്തുകൊടുത്തതിനുശേഷം, ക്രമേണ ഇവിടെ വല്ല ജോലിയും അന്വേഷിക്കാമെന്നും, അതിനകം നാട്ടിലെ സ്ഥിതികൾ എന്തെല്ലാമാണെന്നു് താൻതന്നെ അന്വേഷിച്ചു വരാമെന്നുംപറഞ്ഞു് ഭക്തജി രാമനാഥനെ സമാശ്വസിപ്പിച്ചു ഭക്തജിയുടെ ധർമ്മപത്നിയായ യശോ ദയും ആ യുവാവിനെ സ്വപുത്രനെപ്പോലെ സ്നേഹിച്ചു് അയാൾക്കു് വേണ്ട ആശ്വാസങ്ങൾ നല്കിവന്നിരുന്നു. രാമ നാഥൻ ആ ഗൃഹത്തിൽനിന്നും പുറത്തെങ്ങും ഇറങ്ങാതെ ഭയന്നും, ചിന്താധീനനായും ദിവസങ്ങൾ നയിച്ചുവന്നു.

---

## അദ്ധ്യായം ൯.

---

ഞായറാഴ്ച രാവിലെ കുളിയും കാപ്പിയും കഴിഞ്ഞു് പുറത്തേക്കിറങ്ങിയ ഭർത്താവിനെ ഭക്ഷണസമയം കഴിഞ്ഞിട്ടും കാണായ്കനിമിത്തം മനോരമ അസ്വസ്ഥയായിത്തീർന്നു. സ്നേ ഹിതന്മാരും ഒരുമിച്ചു് വല്ല കളിയിലും ഏർപ്പെട്ടിരിക്കുമെന്നു പറഞ്ഞു് മാതാവു് അവളെ സമാധാനിപ്പിച്ചു. രാത്രി പ

ത്തുമണികഴിഞ്ഞിട്ടും പുത്രനെ കാണായ്കയാൽ മാതാപിതാക്ക
ന്മാരും, ഭർത്താവിനെ കാണായ്കകൊണ്ടു് മനോരമയും പരി
ഭ്രാന്തചിത്തരായിത്തീൎന്നു. രാത്രിമുഴുവൻ അവർ രാമനാഥനെ
പ്രതീക്ഷിച്ചിരുന്നു നേരം വെളുത്തയുടൻ പിതാവു് പല
സ്ഥലങ്ങളിലും പുത്രനെ അന്വേഷിച്ചു് ആളുകളെ അയയ്ക്കു
കയും, ചില സ്ഥലങ്ങളിൽ താൻതന്നെ പോകുകയും ചെയ്തു.
എന്നാൽ രാമനാഥനെ കണ്ടവർ ആരുംതന്നെ ഇല്ല ഇങ്ങ
നെ അവർ ദുഃഖാവസ്ഥയിൽ കഴിയുമ്പോഴാണു് ആഫീ
സിലെ ക്ലാർക്കായ മോഹൻദാസ് ആ ഗൃഹത്തിൽ സന്നിഹി
തനായതു്. രാമനാഥൻ ശനിയാഴ്ച ആഫീസിൽ അടച്ചു
തീർക്കേണ്ട 500-ക അടച്ചിട്ടില്ലെന്നും, അയാളെ സംബന്ധി
ച്ചു് യാതൊരറിവില്ലെന്നും, അതുകൊണ്ടു് കമ്മീഷണർ വി
വരം പോലീസിൽ അറിയിക്കാൻ പോകുന്നു എന്നുമുള്ള സ
ങ്കടവാർത്തയാണു് അയാൾ അറിയിച്ചതു്. ഈ വാർത്താശ്ര
വണത്തോടുകൂടി ആ ചെറുകുടുംബം കദനജലധിയിലാഴുകത
ന്നെ ചെയ്തു അല്പനേരത്തേക്കു് എല്ലാവരും നിശ്ചേഷ്ടരായി
നിന്നുപോയി. അതിനുശേഷം മനോരമ മോഹൻദാസിനോ
ടായിട്ടു് ഇപ്രകാരം പറഞ്ഞു. "ഞാൻ ഒരു മണിക്കൂറിനകം
ആഫീസിൽ രൂപാകൊണ്ടുവന്നു തരാം. കമ്മീഷണരോടു്
കേസ്സൊന്നും ഉണ്ടാക്കരുതെന്നു പറയണം" ഇത്രയും പറഞ്ഞു്
അയാളെ യാത്രയാക്കിയതിനുശേഷം മനോരമ തന്റെ സഖി
യായ സുലോചനയെ സമീപിച്ചു് മോതിരം അവൾക്കു കൊ
ടുത്തു് 500-കയും വാങ്ങിക്കൊണ്ടു് നേരെ ആഫീസിലേക്കു്
പോയി. മോഹൻദാസ് മുഖാന്തിരം പണം കമ്മീഷണരെ
ഏല്പിച്ചു് അവിടുത്തെ കണക്കുകളെല്ലാം ശരിയാക്കി. അതി
നുശേഷം മനോരമ സ്വഗൃഹത്തിൽ വന്നുചേൎന്നു. എന്നാൽ

ഈ അവസരത്തിൽ അവളുടെ സ്ഥിതി ഏററവും പരിതാപകരമായിരുന്നു. ഭർത്തൃവിയോഗവ്യഥ അവളെ അസഹനീയമായവിധത്തിൽ പീഡിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ വിഷലിപ്തങ്ങളായ ശസ്ത്രങ്ങൾപോലെ അമ്മാവിഅമ്മയുടെ വാക്ശരങ്ങൾ അവളിൽ പതിയുവാൻ തുടങ്ങി. സ്വതേതന്നെ, ഉദ്ദേശിച്ചിരുന്നതുപോലെയുള്ള സംഖ്യ സ്ത്രീധനമായി കിട്ടാതിരുന്നതുകൊണ്ടും, മനോരമയുടെ ആഡംബരഭ്രമങ്ങൾ കണ്ടും അവൾക്ക് മരുമകളോട് സന്തോഷമുണ്ടായിരുന്നില്ല. എന്നാൽ സ്വപുത്രനോടുള്ള വാത്സല്യം കൊണ്ടും, പുത്രൻെറ പെരുമാററ വിശേഷംകൊണ്ടും അവർ മനസ്സിലുണ്ടായിരുന്ന അസുഖം പ്രകടിപ്പിക്കാതിരിക്കുകയാണ് ചെയ്തത്. രാമനാഥൻ അപ്രത്യക്ഷനായതോടുകൂടി അവരുടെ കോപാഗ്നി ഉജ്ജ്വലമായി തുടങ്ങി. ഈ വിവാഹത്തിനുശേഷമാണ് ഈ ആപത്തുകളെല്ലാം വന്നുകൂടിയതെന്നു് പറയുവാൻ അവർ അല്പംപോലും മടിച്ചിരുന്നില്ല ഭർത്താവിനെ നാടുവിട്ടോടിച്ചതിനുശേഷം എന്തിനു് ഇവിടെ താമസിക്കുന്നു! നിൻെറ വീട്ടിൽപോയി താമസിച്ചുകൊള്ളുക എന്നും അവർ കൂടക്കൂടെ പറഞ്ഞുകൊണ്ടിരുന്നു പാവപ്പെട്ട മനോരമ ധർമ്മസങ്കടത്തിലായിത്തീർന്നു. ഭർത്തൃഗൃഹത്തിൽ അവളെ കാണുന്നതിനോ, അവളോടു് സന്തോഷമായി സംസാരിക്കുന്നതിനോ തന്നെ ആർക്കും ഇഷ്ടമില്ലെന്നായി. വല്ലപ്പോഴും സുലോചന നല്കുന്ന സാന്ത്വനവചനങ്ങളല്ലാതെ അവൾക്ക് സമാധാനത്തിന് മററു മാർഗ്ഗങ്ങളൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ ഈ അകുലാവസ്ഥയിലും ധൈര്യമവലംബിച്ചു്, ഏതുവിധേനയും സ്വഭർത്താവിനെ കണ്ടുപിടിക്കണമെന്നവൾ തീർച്ചയാക്കി.

രാമനാഥൻ ഭക്തൻെറ ഗൃഹത്തിൽ താമസമാക്കിയപ്പോഠം, വല്ല കമ്പനികളിലും ജോലിക്ക് ശ്രമിക്കണമെന്നുള്ള ആഗ്രഹം ഉണ്ടായിരുന്നു. എന്നാൽ ചഞ്ചലഹൃദയനായ യുവാവിനു് ആ ഗൃഹത്തിൽനിന്നും പുറത്തിറങ്ങുന്നതിനുപോലും ധൈര്യം ഉണ്ടായിരുന്നില്ല. ഭക്തൻെറ ഭാര്യയായ യശോദ നല്കുന്ന ആഹാരങ്ങളും കഴിച്ചു്, ഒരു കുട്ടിയെപ്പോലെ അവിടെ കഴിഞ്ഞുകൂടി. ചിലപ്പോഠം ഭക്തൻെറ നിർബന്ധംകൊണ്ടു് രാമനാഥൻ അദ്ദേഹത്തിൻെറ കൂടെ സിനിമകാണാൻമാത്രം പോകാറുണ്ടു്. മനോരമയുടെ മനോഹരവിഗ്രഹം ധ്യാനിച്ചും, അവളുടെ സ്ഥിതികളെപ്പററി ഓർത്തും ഏകാന്തത്തിൽ രാമനാഥൻ അശ്രുപൊഴിക്കുക സാധാരണയായിരുന്നു യശോദ കൂടക്കൂടെ ആ യുവാവിനെ സമീപിച്ചു് മധുരവാക്കുകളെക്കൊണ്ടു് സമാശ്വസിപ്പിച്ചുവന്നിരുന്നു. ജോലിഒന്നും ഇല്ലാതെ വല്ലവരുടേയും ഗൃഹത്തിൽ ഇങ്ങനെ താമസിക്കുന്നതിൽ രാമനാഥന് തീരെ സന്തോഷമില്ലായിരുന്നു എങ്കിലും ഗത്യന്തരമില്ലാത്തതിനാൽ കഴിയുകയല്ലാതെ നിവൃത്തിയില്ലല്ലോ എന്നോർത്തു് ആ യുവാവു് ദിവസങ്ങഠം പോക്കി. അഭിമാനത്തോടും അന്തസ്സോടുംകൂടി ജീവിതം നയിച്ചുവന്നിരുന്ന യുവാവിനു് താൻ ഒരു മോഷണക്കാരനായിത്തീർന്നല്ലോ എന്നോർത്തു് ഹൃദയം തകർന്നു. തന്നെ പോലീസ് അന്വേഷിക്കുന്നുണ്ടെന്നും, ഏതവസരത്തിലാണു് അവരുടെ പിടിയിൽ പെടുന്നതെന്നും ഓർത്തു് രാമനാഥൻ ഓരോ നിമിഷവും സംഭ്രമത്തോടുകൂടിയാണു് കഴിച്ചുവന്നിരുന്നതു്. ഇങ്ങനെ മാസങ്ങഠം മൂന്നുകഴിഞ്ഞു. മൂന്നുമാസങ്ങളായിട്ടു് ഭാര്യയുടേയും മാതാപിതാക്കന്മാരുടേയും സ്ഥിതി എന്താണെന്നറിയാത്തതുകൊണ്ടും ആ യുവാവിനു് വല്ലതായ ഹൃദയവേ

ദനയുണ്ട്. കാൺപൂരിൽപോയി അവിടുത്തെ സ്ഥിതികളെല്ലാം താൻ അറിഞ്ഞുകൊണ്ടു വരാമെന്നും, അതുവരെ സമാധാനമായിരിക്കുന്നതിനും ഭക്തൻ രാമനാഥനെ ഉപദേശിച്ചു.

വെള്ളത്തിൽനിന്നു കരയിലേക്കും, അവിടെനിന്ന് പഴുത്തമണ്ണിലിലേക്കും വലിച്ചെറിഞ്ഞ മത്സ്യത്തിൻെറ അവസ്ഥയിലാണ് മനോരമ ദിവസങ്ങൾ പോക്കിവന്നതു്. ഓരോ നിമിഷവും ആ ഗൃഹത്തിലെ വാസം അവൾക്ക് യുഗങ്ങൾ പോലെ തോന്നിത്തുടങ്ങി. ചിന്താഗ്നിയിൽ അവളുടെ ഹൃദയം എരിഞ്ഞുകൊണ്ടിരുന്നു. അവളെ കാണുന്ന ഏവക്കും അവളോടു് ഒരു സഹതാപം തോന്നുമായിരുന്നു. ഒരു ദിവസം മനോരമ പെട്ടിതുറന്ന് അതിനകം പരിശോധിച്ചുനോക്കിയപ്പോൾ, പണ്ടു് രാമനാഥൻ ഉത്തരം എഴുതി അയച്ച ഒരു ചതുരംഗപ്രശ്നം കണ്ടുകിട്ടി. ചതുരംഗം കളിയിൽ തൻെറ ഭത്താവു് അതിസമത്ഥനാണെന്നറിയാമായിരുന്ന അവൾക്ക് പെട്ടെന്ന് ഒരുപായം തോന്നി. ഈ പ്രശ്നം ഏതെങ്കിലും പത്രത്തിൽ പരസ്യം ചെയ്യുന്നപക്ഷം, ഒരു പക്ഷേ തൻെറ ഭത്താവിനെപ്പററി വല്ല അറിവും ലഭിച്ചേക്കുമെന്നുള്ള ആശ അവളിൽ അങ്കുരിച്ചു. ഉടൻതന്നെ അവൾ ആ ചതുരംഗപ്രശ്നവും എടുത്തുകൊണ്ടു് തൻെറ സഖിയായ സുലോചനയെ സമീപിച്ചു. സുലോചനയോടു് അഭിപ്രായം ചോദിച്ചപ്പോൾ അവർ മനോരമയുടെ ബുദ്ധിസാമത്ഥ്യത്തെപ്പററി പ്രശംസിക്കുകയും, ശരിയായി ഉത്തരം പൂരിപ്പിച്ചയയ്ക്കുന്ന ആളിന് 50-ക സമ്മാനം നൽകുന്നതാണെന്നുള്ള വ്യവസ്ഥയിന്മേൽ ആ പ്രശ്നം ഉടനെതന്നെ പത്രത്തിൽ പരസ്യം ചെയ്യുന്നതിനുവേണ്ടി, സുലോചന

തൻെറ ഒരു ഭൃത്യനെ ഏല്പ്പാടുചെയ്തു. ഇതിനും പുറമെ രാമനാഥനെ അന്വേഷിച്ചു് കണ്ടുപിടിക്കുന്നതിനു് ധനസംബന്ധമായ എല്ലാ സഹായങ്ങളും താൻ ചെയ്തുതന്നുകൊള്ളാമെന്നും സുലോചന സഖിയോടു് വാഗ്ദാനംചെയ്തു. തദനന്തരം അവർ രണ്ടുപേരും പരസ്പരം അവരുടെ ദുഃഖകഥകൾ വിനിമയം ചെയ്തുകൊണ്ടിരുന്നു. താൻ ആത്മാർത്ഥമായി ശ്രമിച്ചിരുന്നു എന്നു വരികിൽ രാമനാഥൻ അപ്രത്യക്ഷനാകുകയോ, മനോരമയ്ക്കു് ഈ വിരഹവ്യഥ അനുഭവിക്കാനിടയാകുകയോ ചെയ്യുകയില്ലെന്നു് സുലോചനയ്ക്കു് നല്ലതുപോലെ അറിയാമായിരുന്നു. തന്നിമിത്തം അവൾ സഖിയെ വഞ്ചിച്ചുവല്ലോ എന്നോർത്തു് പശ്ചാത്തപിച്ചു. സുലോചനയ്ക്കു് സമ്പൽസമൃദ്ധി ധാരാളമായുണ്ടെങ്കിലും അവളുടെ ജീവിതത്തിൽ യാതൊരു സുഖവുമുണ്ടായിരുന്നില്ല. ഭർത്താവു് നാളുകളായി പക്കിൽ കോടതിയിൽ പോകാതെ ശയ്യാവലംബിയായിത്തീർന്നിരിക്കുകയാണു്. വാർദ്ധക്യസഹജമായ രോഗപീഡയാൽ അദ്ദേഹത്തിൻെറ ശക്തി ക്ഷയിച്ചുതുടങ്ങി. സുലോചനയ്ക്കു് വയോധികനായ ഭർത്താവിനെ ശുശ്രൂഷിക്കുക എന്ന കൃത്യം മാത്രമെ ദാമ്പത്യജീവിതത്തിൽ ശേഷിച്ചിരുന്നുള്ളു. ഈ അവസരത്തിൽ അവൾക്കു് ജീവിതത്തോടു് നിരാശയും സഖിയോടു നാൾക്കുനാൾ സഹതാപവും വർദ്ധിച്ചുതുടങ്ങി. അതുകൊണ്ടു് ഏതുവിധത്തിലും മനോരമയെ സഹായിക്കണമെന്നുള്ള തീവ്രമായ ആശ അവളിൽ കടന്നുകൂടി.

രാമനാഥൻ കല്ക്കത്താവാസമാരംഭിച്ചതിനുശേഷം ഭക്തൻ ദൂരെ എങ്ങും പോകാതെ അവിടത്തന്നെ താമസിച്ചുവരികയാണു്. ഭക്തൻ ദിവസേനവും ദിനപത്രങ്ങൾ കൊണ്ടുവന്നു

ആ യുവാവിനു കൊടുക്കുക പതിവായിരുന്നു. ഒരുദിവസം രാമനാഥൻ പത്രം വായിക്കാനെടുത്തപ്പോൾ അതിൽ ഒരു ചതുരംഗപ്രശ്നം കാണുകയും, അതിൻെറ ഉത്തരം ശരിയായി എഴുതിഅയയ്ക്കുന്ന ആളിനു് 50-ക സമ്മാനം കൊടുക്കുന്നതാണെന്നു് എഴുതിയിരിക്കുന്നതു് കാണുവാനും ഇടയായി. രാമനാഥൻ ആ പ്രശ്നം നല്ലതുപോലെ ശ്രദ്ധിച്ചു നോക്കിയപ്പോൾ അതിൻെറ ഉത്തരം നിഷ്പ്രയാസമാണെന്നു് മനസ്സിലായി. കയ്യിൽ പണം ഒന്നുമില്ലാതെ ബുദ്ധിമുട്ടുന്ന ഈ അവസരത്തിൽ 50-ക കിട്ടുന്ന പക്ഷം അതു് ഒരു വലിയ അനുഗ്രഹമായിരിക്കുമെന്നും യുവാവു് കരുതി. ഉടൻ തന്നെ ഒരു കടലാസ്സും പെൻസിലും എടുത്തു് ആ ഉത്തരം പൂരിപ്പിച്ചുവച്ചു. പിറേറദിവസംതന്നെ "തേജ്" എന്ന ദിനപത്രത്തിൻെറ പത്രാധിപരുടെ പേക്കു് ആ ഉത്തരം അയച്ചു കൊടുക്കുന്നതിനു് രാമനാഥൻ ഭക്തനെ ഏപ്പാടു ചെയ്തതിനു ശേഷം ദിവസങ്ങൾ എണ്ണാൻതുടങ്ങി. ഇങ്ങനെ മനോരാജ്യസാമ്രാജ്യത്തിൽ പല ആശാസൌധങ്ങളും നിമ്മിച്ചുകൊണ്ടു് രാമനാഥൻ ദിവസങ്ങൾ നയിച്ചുവരുമ്പോൾ ഒരു ദിവസം രാവിലെ പത്തുമണിസമയമായപ്പോൾ തപാൽക്കാരനോടൊന്നിച്ചു് ഭക്തൻ വന്നു് രാമനാഥനെ വിളിച്ചു രാമനാഥൻ മണിയാർഡർ വാങ്ങി തപാൽക്കാരനെ യാത്രഅയച്ചു. ഭക്തൻെറ ഉപദേശാനുസരണം 10-ക ചെലവാക്കി 2 ജോഡി വസ്ത്രങ്ങൾ ശരിയാക്കുന്നതിനു നമ്മുടെ യുവാവു് ഏപ്പാടു ചെയ്തു. തദനന്തരം ഭക്തനും രാമനാഥനും തമ്മിൽ ഇങ്ങനെ സംഭാഷണമാരംഭിച്ചു.

ഭക്ത:—ഞാനിത്രയും നാൾ അന്വേഷിച്ചിട്ടും, ഇവിടെ ഒരു ജോലി കിട്ടുന്ന കാര്യം വലിയ വിഷമത്തിലാണു കാണു

ന്നു്. അതുകൊണ്ടു് എനിക്കു് ഒരഭിപ്രായം തോന്നുന്നുണ്ടു്. നിനക്കു സമ്മതമുള്ളപക്ഷം അതു് നന്നായിരിക്കുമെന്നാണു് എന്റെ വിശ്വാസം.

രാമ:—അങ്ങു് എന്റെ നന്മയെ ലാക്കാക്കിയല്ലാതെ ഒന്നും പറയുകയില്ലെന്നു് എനിക്കുറപ്പുണ്ടു്. അതിനാൽ ഏതഭിപ്രായമാണെങ്കിലും എന്നോടു പറയുന്നതിൽ സങ്കോചിക്കേണ്ട. ജോലി ഒന്നുമില്ലാതെ വെറുതെയിരുന്നു് ഞാൻ മുഷിഞ്ഞുതുടങ്ങി.

ഭക്ത:—വല്ല കമ്പനിയിലും ജോലി കിട്ടിയാൽതന്നെ മുപ്പതോ നാല്പതോ രൂപയിലധികം ശമ്പളം കിട്ടുകയില്ല. അതുകൊണ്ടു് കഷ്ടിച്ചു് ഒരാൾക്കു് ജീവിക്കാം. മേതിന്നുതന്നെ എത്രപേരുടെ പുറകെ നടക്കണം, ആരെയെല്ലാം തൊഴണം. സ്വാതന്ത്ര്യമായി എന്തെങ്കിലും ജോലി ചെയ്യുന്നപക്ഷം അതു് ഈ ഉദ്യോഗത്തിനേക്കാൾ നന്നായിരിക്കും.

രാമ:—പണം ഒന്നും കൈവശമില്ലാത്ത ഞാൻ എന്തു് തൊഴിലു് ചെയ്യാനാണു്?

ഭക്ത:—ഇപ്പോൾ നിന്റെ കൈവശം നാല്പതുറുപ്പികയുണ്ടു്. ഞാൻ യശോദയോടു് 60-ക കൂടെ വാങ്ങിത്തരാം. നൂറു രൂപാ മുടക്കി ഒരു ചെറിയ മുറുക്കാൻകട തുടങ്ങുക. പുരങ്ങിയപക്ഷം ദിവസം രണ്ടു രൂപാ എങ്കിലും ആദായം കിട്ടാതെയിരിക്കുകയില്ല. ഈ ഉദ്യോഗത്തിനു് തെണ്ടിനടക്കുന്നതിനേക്കാളും എത്രയോ നന്നാണു് അതു്.

രാമ:—100-ക കൊണ്ടു് എന്തു കച്ചവടം ചെയ്യാനാണു് ഭക്തജീ!

ഭക്തഃ—ഇന്നത്തെ ചെറുപ്പക്കാർക്ക്, പ്രത്യേകിച്ചും വിദ്യാഭ്യാസം ചെയ്തിട്ടുള്ള യുവാക്കന്മാർക്ക് ചെറിയ തൊഴിലുകളോട് ഒരു അവജ്ഞയാണുള്ളത്. ചെറുതാണ് വലുതായിത്തീരുന്നതെന്ന് അവർ അറിയുന്നില്ല. ലോകത്തിൽ ഇന്നു കാണുന്ന മഹാന്മാരെല്ലാം ഏററവും താണനിലയിൽനിന്നും ഉയർന്നിട്ടുള്ളവരാണ്. കൽക്കത്താപട്ടണത്തിലെ ഇന്നത്തെ ഏററവും വലിയ ധനികനും, വ്യാപാരപ്രമുഖനുമായിത്തീർന്നിരിക്കുന്ന "കമലാസ്റ്റോറി"ൻെറ ഉടമസ്ഥൻ പ്യാരലാൽ 2-ണ കൂലിക്ക് ഒരു കടയിൽ സാമാനങ്ങൾ എടുത്തുകൊടുത്തിരുന്ന ജോലിയിലാണ് ആദ്യമായി ഏർപ്പെട്ടിരുന്നത്. അയാളുടെ പരിശ്രമത്തിൻെറയും ഈശ്വരവിശ്വാസത്തിൻെറയും ഫലമായി ഇന്നയാൾ ഈ പട്ടണത്തിലെ പ്രമുഖന്മാരിലൊരാളായിത്തീർന്നു കൈത്തൊഴിലുകൊണ്ടും വ്യാപാരംകൊണ്ടും ഉന്നതനിലയിലെത്താവുന്നതുപോലെ ഉദ്യോഗംകൊണ്ട് സാദ്ധ്യമല്ല. തന്നെയുമല്ല, സ്വാശ്രയശീലമാണ് തൊഴിലിൻെറ മറെറാരു മാഹാത്മ്യം. എന്നാൽ നേരേമറിച്ച് ഇന്നത്തെ യുവാക്കളിൽ അധികം പേരിലും കാണുന്നത് ഒരു അടിമത്തമനോഭാവമാണ്. അന്യൻെറ ആജ്ഞാനുവർത്തിയായി നിന്ന് പ്രതിമാസം മുപ്പതോ നാല്പതോ രൂപാ ശമ്പളം വാങ്ങുന്നത് അവർ വലിയ ആത്മാഭിമാനമായിട്ടും, സ്വന്തനിലയിൽ പരിശ്രമിച്ച്, ആരുടേയും മുമ്പിൽ തലകുനിക്കാതെ സ്വതന്ത്രമായി ജീവിക്കുന്നത് അവമാനമായും കരുതി വരുന്നു. ഭാരതത്തിൻെറ അധഃപതനത്തിനുള്ള ഒരു പ്രധാന കാരണം

ഈ ദുരഭിമാനം ഒന്നുമാത്രമാണു്. ഭാരതഭൂമിയിൽ ബ്രിട്ടീഷ് ഭരണം പ്രതിഷ്ഠാപിതമാകുന്നതിനുമുമ്പു് ഭാരതീയർ കൃഷിയിലും കൈത്തൊഴിലിലും കൂടുതൽ ശ്രദ്ധയും ഉത്സാഹവും ഉള്ളവരായിരുന്നു. വിദേശീയർ നല്ലനല്ല സാധനങ്ങൾക്ക് ഭാരതീയരെയാണ് ആശ്രയിച്ചുവന്നതു്. അന്നു് ഭാരതഭൂമി ധനധാന്യസമൃദ്ധികൊണ്ടു പരിപുഷ്ടമായിരുന്നു. ദാരിദ്ര്യദേവത ഇവിടെ എത്തിനോക്കുകപോലും ചെയ്തിരുന്നില്ല. ഇന്നത്തെ സ്ഥിതിയോ! ഉദ്യോഗഭ്രാന്തുപിടിപെട്ടതോടുകൂടി നമ്മുടെ രാജ്യത്തെ വ്യവസായങ്ങളും കച്ചവടങ്ങളും അധഃപതിച്ചു. മനുഷ്യർ അലസജീവിതമാരംഭിച്ചതിൻെറ ഫലമായി ദാരിദ്ര്യഗർത്തത്തിൽ പതിച്ചു. ഈ സ്ഥിതിയിൽ അല്പശമ്പളത്തിനുവേണ്ടി ഉദ്യോഗം സ്വീകരിക്കുന്നതോ, അതോ തൊഴിൽപരമായി എന്തെങ്കിലും പ്രവർത്തിക്കുന്നതോ നന്നു് എന്നു് ഗാഢമായി ആലോചിച്ചു നോക്കു.

രാമ:—അങ്ങു് പറഞ്ഞ അഭിപ്രായം ഏററവും വിലയേറിയതാണു്. കച്ചവടം തുടങ്ങുന്നതിനുള്ള ഏർപ്പാടുകൾ കാലവിളംബമെന്യേ ചെയ്തു് എൻെറ ഭാവിയെ സുശോഭനമാക്കിത്തീർക്കുവാൻ എന്നെ അനുഗ്രഹിക്കണം.

കേശ:—ഞാൻ ഒരു പീടിക ഏർപ്പാടുചെയ്തു വച്ചിട്ടുണ്ടു്. നാളെ തന്നെ അതിനുള്ള മററു സൌകര്യങ്ങൾകൂടി ചെയ്യാം.

# അദ്ധ്യായം ൧൦.

---

മനോരമ, പത്രത്തിൽ ചതുരംഗപ്രശ്നം പരസ്യം ചെയ്തതിനുശേഷം അതിൻെറ മറുപടി കിട്ടുവാൻ അക്ഷമയായി കാത്തുകൊണ്ടിരുന്നു. അങ്ങനെയിരിക്കുമ്പോഴാണു് ഒരു ദിവസം തപാൽക്കാരൻ ഒരു കത്തു കൊണ്ടുവന്നു് അവളെ ഏല്പിച്ചതു്. കത്തിനുള്ളിലടക്കം ചെയ്തിരിക്കുന്ന വിവരം എന്തെന്നറിയുവാനുള്ള അത്യുൽക്കണ്ഠയോടുകൂടി അവൾ കത്തു തുറന്നു. അപ്പോൾ രാമനാഥൻെറ കയ്യൊപ്പോടുകൂടിയ മണിയാർഡർരസീതു കണ്ടതിൽ അവൾക്കുണ്ടായ സന്തോഷം അവർണ്ണനീയമായിരുന്നു. തൻെറ ഉദ്യമം ഫലിച്ചുവല്ലോ എന്നോർത്തു് അവൾ ചാരിതാർത്ഥ്യം അടഞ്ഞു. ഉടൻതന്നെ കൽക്കത്തയിലേക്കു് പുറപ്പെടണമെന്നു് അവൾക്കു് ഒരു മോഹമുണ്ടായി. എന്നാൽ ഈ വിവരം രാമനാഥൻെറ പിതാവിനെ അറിയിച്ചപ്പോൾ തല്ക്കാലം പുറപ്പെടേണ്ട ആവശ്യമില്ലെന്നും, ഒരു കത്തയച്ചു് മറുപടി ലഭിച്ചതിനുശേഷം മാത്രം വേണ്ടിവരുന്നപക്ഷം പുറപ്പെട്ടാൽ മതിയെന്നും അദ്ദേഹം ആജ്ഞാപിച്ചു. അഭിമാനിയായ യുവാവു് കത്തയച്ചാൽ വരികയില്ലെന്നു് മനോരമയ്ക്കു നല്ലതുപോലെ അറിയാമായിരുന്നു. മറുപടി ലഭിച്ചാൽതന്നെ ഭാഗ്യം എന്നു് അവൾ കരുതി. ഏതിനും തൽക്കാലം ശ്വശുരൻെറ ആജ്ഞയെ അനുസരിക്കാമെന്നുള്ള വിചാരത്തോടുകൂടി മനോരമ രാമനാഥൻ സ്വഗൃഹത്തിൽനിന്നും കാപ്പിയും കഴിഞ്ഞു് പുറത്തേക്കിറങ്ങിയപ്പോൾമുതൽ അതുപര്യന്തമുള്ള എല്ലാ സ്ഥിതികളേയും വിശദീകരിച്ചു് ഒരു കത്തെഴുതി തപാലിൽ ഇട്ടു. അതിനുശേഷം

ഈ വിവരം തന്റെ സഖിയെ ധരിപ്പിക്കുവാൻവേണ്ടി അവൾ സുലോചനയുടെ ഗൃഹത്തിലേക്കു പോയി. മനോരമ അവിടെ എത്തിയപ്പോൾ സുലോചന ഏങ്ങി ഏങ്ങി കരഞ്ഞുകൊണ്ടു് മുറിക്കുള്ളിൽ കിടക്കുകയായിരുന്നു. വക്കീൽ മനോഹരലാലിന്റെ സ്ഥിതി നാൾക്കുനാൾ ആശാജനകമായിട്ടാണു തീർന്നിരിക്കുന്നതു്. ഡാക്ടർ ദിവസവും രണ്ടു പ്രാവശ്യം വരുകയും, രോഗിയെ പരിശോധിച്ചു് ഔഷധങ്ങൾ നല്കിവരുകയും ചെയ്യുന്നുണ്ടു്. എന്നാൽ രോഗത്തിനു് യാതൊരു ശമനവും കാണാനില്ല. അദ്ദേഹത്തിന്റെ മരണാനന്തരം തന്റെ സ്ഥിതി എന്തായിരിക്കുമെന്നുമുള്ള ഭയമാണു് സുലോചനയെ കൂടുതലായി പീഡിപ്പിച്ചുകൊണ്ടിരുന്നതു്. മനോരമ മുറിക്കുള്ളിൽ പ്രവേശിച്ചയുടനെ സുലോചന വാവിട്ടു് നിലവിളിക്കാൻ തുടങ്ങി. അവൾ തന്റെ സഖിയുടെ സമീപത്തിരുന്നു് പലവിധ സാന്ത്വനവചനങ്ങളെക്കൊണ്ടു് ആശ്വസിപ്പിച്ചു. സുലോചന എഴുന്നേററിരുന്നു് അവളുമായി കുറേശ്ശ സംഭാഷണം ചെയ്യുകയും ഇടയ്ക്കിടെ കരയുകയും ചെയ്തുകൊണ്ടിരുന്നു. മനോരമ ഇതിനിടയിൽ രാമനാഥനെക്കുറിച്ചുള്ള വിവരവും തന്റെ സഖിയെ അറിയിച്ചു. ആ വാർത്താശ്രവണത്തിൽ സുലോചന അല്പമൊന്നു സന്തോഷിക്കുകയും മനോരമയെ അഭിനന്ദിക്കുകയും ചെയ്തു.

ഭക്തജിയുടെ ഉപദേശാനുസരണം രാമനാഥൻ ആ ഗൃഹത്തിനു സമീപംതന്നെ ഒരു ചെറിയ പീടിക വാടകയ്ക്കെടുത്തു് കച്ചവടമാരംഭിച്ചു. വേണ്ട എല്ലാ സഹായങ്ങളും ഭക്തജി ചെയ്തുകൊടുത്തും വന്നിരുന്നു. ചെറിയ തരത്തിലുള്ള പീടികയാണെങ്കിലും, അതിന്റെ സ്ഥിതി അനുസരിച്ചു നല്ല

രൂപത്തിൽതന്നെ കച്ചവടം നടന്നുവന്നിരുന്നു. കച്ചവടത്തിൻെറ രീതി മനസ്സിലായതോടുകൂടി രാമനാഥനും അതിൽ കൂടുതൽ ഉത്സാഹവും ശ്രദ്ധയും ഉണ്ടായി. ദിവസേന കുറഞ്ഞ പക്ഷം കച്ചവടത്തിൽനിന്നും നാലഞ്ചു രൂപാ കിട്ടുമെന്നു് രാമനാഥനു ബോദ്ധ്യപ്പെട്ടു. ഈ അവസരത്തിൽ മനോരമയെക്കുറിച്ചുള്ള ചിന്ത കൂടുതലായി ആ യുവാവിൽ ഉണ്ടാകുകയും അവളെക്കൂടെ കൽക്കത്തയിൽ കൊണ്ടുവന്നു് താമസിപ്പിക്കണമെന്നുള്ള ആശ വദ്ധിക്കുകയും ചെയ്തു. ഈ വിചാരത്തോടുകൂടി രാമനാഥൻ കഴിയുമ്പോഴാണു് ഒരു ദിവസം മഹാഭാരതംപോലെ വിസ്താരമേറിയ ഒരു കത്തു് മനോരമയിൽനിന്നും അയാൾക്കു് ലഭിച്ചതു്. കത്തു വായിക്കുംതോറും യുവാവിൻെറ നയനങ്ങൾ അശ്രുപങ്കിലമായി കാണപ്പെട്ടിരുന്നു. അതു വായിച്ചുതീന്നയുടനെ തൻെറ ബുദ്ധിശൂന്യതയെപ്പററിയും, നിഷ്ഠുരതയെപ്പററിയും ഓത്തു് അയാൾ വാവിട്ടു നിലവിളിച്ചു. വിരഹാഗ്നിയിൽ വാടിത്തളൻ പരവശയായി കഴിയുന്ന പ്രേയസിയുടെ തനുവല്ലരി തലോടി അവളെ ആശ്വസിപ്പിക്കുന്നതിനുള്ള അത്യാശ ആ യുവാവിലുണ്ടായി. ചതുരംഗപ്രശ്നം അവൾ അയച്ചതാണെന്നു് മനസ്സിലായപ്പോൾ രാമനാഥൻ തൻെറ സഹധർമ്മിണിയുടെ ബുദ്ധിസാമത്ഥ്യത്തിൽ അത്യന്തം സന്തോഷം പ്രദർശിപ്പിച്ചു. കത്തു മുഴുവൻ വായിച്ചതിനുശേഷം വികാരതരംഗിതമായ ഹൃദയത്തോടുകൂടി കടയിൽ ഇരുന്നു് കച്ചവടം നടത്തുന്നതിൽ ആ യുവാവു് അശക്തനായിത്തീൻ. അയാൾ ഉടൻതന്നെ കടപൂട്ടി ഭക്തജിയുടെ ഗൃഹത്തിൽ എത്തുകയും കാൺപൂരിലേക്കു പോയാൽ കൊള്ളാമെന്നുള്ള തൻെറ അഭിലാഷത്തെ ആ ആശ്രിതവത്സലനെ അറിയിക്കുകയും ചെയ്തു. എ

ന്നാൽ അപ്പോഴും രാമനാഥൻെറ ഹൃദയത്തിൽ ഒരു വലിയ ഭീതിയുളവായിരുന്നു. "തന്നെ പിടികൂടി ജയിലിൽ അയപ്പിക്കാൻവേണ്ടി കമ്മീഷണരൊ മററൊ, മനോരമയെ പറഞ്ഞു കബളിപ്പിച്ച് കത്തയപ്പിച്ചതല്ലയോ? അങ്ങനെയാണെങ്കിൽ തൻെറ നില എന്തായിത്തീരും" ഈ അഭിപ്രായവും രാമനാഥൻ ഭക്തജിയെ അറിയിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടിപറഞ്ഞു. "രാമനാഥ! ഈശ്വരകൃപയാൽ നിനക്കും മനോരമയ്ക്കും ഇപ്പോൾ ആപത്തുകളൊന്നും ഉണ്ടായിട്ടില്ല. കച്ചവടവും ആരംഭിച്ചിട്ട് അധികനാൾ ആയില്ലല്ലൊ. അതിനാൽ സമാധാനത്തോടുകൂടി കച്ചവടം തുടൎന്നുകൊണ്ടുപോകുക വ്യാപാരത്തിൽ കുറച്ചുകൂടെ അഭിവൃദ്ധിയുണ്ടാകുമ്പോൾ മനോരമയെക്കൂടെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവന്ന് നിങ്ങൾക്ക് രണ്ടുപേൎക്കും സുഖമായി ജീവിക്കാം. പ്രയാഗാസ്ഥാനത്തിനായി ഞാൻ രണ്ടുദിവസത്തിനുള്ളിൽ യാത്രതിരിക്കണമെന്നാണുദ്ദേശിക്കുന്നതു്. അതുവഴി കാൺപൂരിലും പോയി അവിടത്തെ വിശേഷങ്ങളെല്ലാം വിശദമായി അറിഞ്ഞുകൊണ്ടുവരികയും ചെയ്യാം. അപ്പോൾ നിനക്ക് ഭയത്തിന്നു കാരണമില്ല. അതുകൊണ്ടു് ഞാൻ പോയി മടങ്ങിവരുന്നതുവരെ നീ സമാധാനമായിരിക്കുക" ഭക്തജിയുടെ ഈ അഭിപ്രായം രാമനാഥനും ഇഷ്ടപ്പെട്ടു.

രാമനാഥൻ വലിയ സിനിമാപ്രിയനാണു് കാൺപൂരിലായിരുന്ന കാലത്തു് ചിലപ്പോൾ തനിച്ചും, ചിലപ്പോൾ പത്നീസഹിതവും തിയേററർ സന്ദൎശിക്കുന്നതിൽ അയാൾക്ക് അതിയായ കൌതുകമുണ്ടായിരുന്നു. എന്നാൽ കല്ക്കത്തയിൽ വന്നതിനുശേഷവും, സിനിമയുടെ ബഹളങ്ങൾ

കേൾക്കുമ്പോൾ ഭീരുവായ യുവാവിനു് തിയേററർ സന്ദർശി ക്കുന്നതിൽ അത്യാഗ്രഹം ഉണ്ടായിരുന്നു എങ്കിലും ഭയംനിമി ത്തം തൻെറ ആഗ്രഹത്തെ അമർത്തുകയാണു് ചെയ്തിട്ടുള്ളതു്. മനോരമയുടെ കണ്ണുകൊണ്ടു് ചഞ്ചലഹൃദയനായി നേരത്തെ തന്നെ കടയുംപൂട്ടി സ്വവസതിയിൽ വന്നുചേന്ന യുവാവിനു് അന്നു് വീണ്ടും കടയിൽ പോകുന്നതിനു് ഉത്സാഹം തോന്നി യില്ല. തന്നിമിത്തം ചലച്ചിത്രശാല സന്ദശിക്കാമെന്നുള്ള ആഗ്രഹം ഉണ്ടായി. നേരത്തെതന്നെ കുളികഴിച്ചു് ശുചി യായ വസ്ത്രങ്ങളും ധരിച്ചു് മണി ആറായപ്പോൾ രാമനാഥൻ തിയേററിലേക്കു് പുറപ്പെട്ടു. വിശാലവും പ്രധാനവുമായ റോഡുകളിൽകൂടെ യാത്രചെയ്യുന്നതിനു് അയാളുടെ ഭയം അ പ്പോഴും അയാളെ അനുവദിച്ചിരുന്നില്ല. തന്മൂലം ഊടുവഴിക ളിൽകൂടെ അടിക്കടി പുറകോട്ടു് നോക്കിക്കൊണ്ടു് രാമനാ ഥൻ നടക്കാൻ തുടങ്ങി. കുറച്ചുദൂരം ഇങ്ങനെ സഞ്ചരിച്ച പ്പോൾ രണ്ടു് കാൺസ്റ്റബിൾമാർ പുറകെ വരുന്നതു് കാണു വാൻ യുവാവിനു് സാധിച്ചു. ഭീതികൊണ്ടു് സംഭ്രാന്തചി ത്തനായിത്തീന്ന യുവാവു്, അവർ തന്നെ പിന്തുടരുകയാണെ ന്നുള്ള ശങ്കയോടുകൂടി മുമ്പിൽ കണ്ട ഇടവഴിയിലേക്കു് തിരി ഞ്ഞു് ഓടാൻ തുടങ്ങി. രാമനാഥൻെറ സംഭ്രമവും ഓട്ടവും കണ്ട പോലീസുകാക്കും സംശയം ജനിക്കുകയാൽ അവരും അയാൾ പോയവഴിയിലേക്കു് അതിവേഗം നടന്നപ്പോൾ ആ യുവാവു് ഓടുന്നതായി കണ്ടു. അവരും അയാളുടെ പുറ കെഓടി അയാളെ പിടികൂടി. പിടിച്ച ഉടനേതന്നെ അവർ രാമനാഥനെ രണ്ടുമൂന്നു പ്രഹരമേല്പിച്ചു് സ്റ്റേഷനിലേക്കു് കൂട്ടിക്കൊണ്ടുപോയി. രാമനാഥനേയുംകൊണ്ടു് കാൺസ്റ്റ ബിൾമാർ സ്റ്റേഷനിൽ എത്തിയപ്പോൾ നേരം ഏകദേശം

സന്ധ്യ ആയിരുന്നു. ഇൻസ്പെക്ടർ തത്സമയത്തു് സ്റ്റേഷനിൽനിന്നും പുറത്തേക്കിറങ്ങാൻ ഭാവിക്കുകയായിരുന്നു. കാൺസ്റ്റബിൾമാർ രാമനാഥനെ ഇൻസ്പെക്ടരെ ഏല്പിച്ചു. ഭീമകായനായ ഇൻസ്പെക്ടരേയും അന്ധകാരനിബിഡമായ പോലീസ്സ്റ്റേഷനും കണ്ടപ്പോൾ സാധുവായ യുവാവു് ഏങ്ങി ഏങ്ങി കരയാൻതുടങ്ങി. എന്നാൽ ഇൻസ്പെക്ടർ ശാന്തസ്വരത്തിൽ രാമനാഥനോടു് വിവരങ്ങൾ ചോദിച്ചപ്പോൾ ആ യുവാവു് അത്യന്തം വിനീതസ്വരത്തിൽ തന്റെ യഥാർത്ഥസ്ഥിതികളെല്ലാം ഇൻസ്പെക്ടരെ ധരിപ്പിച്ചു. അയാൾ പറഞ്ഞ സംഗതികൾ പരമാർത്ഥമാണോ എന്നറിയുന്നതിലേക്കായി ഇൻസ്പെക്ടർ ഉടൻതന്നെ കാൺപൂർ ആദായനികുതി ആഫീസിലേക്ക് ഫോൺചെയ്തു. "രാമനാഥൻ എന്നൊരു ക്ലാർക്ക് അവിടെയുണ്ടായിരുന്നു എന്നും, അയാൾ ഏതോ കാരണവശാൽ നാടുവിട്ടുപോയി എന്നല്ലാതെ അയാളുടെ പേരിൽ യാതൊരു കേസ്സുകളുമില്ലെന്നും മറുപടി കിട്ടി. രാമനാഥന്റെ പെരുമാററവും, പറഞ്ഞ സംഗതികൾ സത്യമാണെന്നു് ബോദ്ധ്യപ്പെട്ടുകയും ചെയ്തതിനാൽ ഇയാളെ ഇവിടെ താമസിപ്പിക്കേണ്ട അവശ്യമില്ലെന്നും ഉടൻതന്നെ വിട്ടയയ്ക്കുന്നതിനും ഇൻസ്പെക്ടർ ഹെഡ്കാൺസ്റ്റബിളിനോടാജ്ഞാപിച്ചു. ഉടൻതന്നെ ഹെഡ്കാൺസ്റ്റബിൾ ഇൻസ്പെക്ടരുടെ ചെവിയിൽ എന്തൊക്കെയോ, കുറച്ചു് മന്ത്രിച്ചു. ഏതായാലും ഇന്നു് രാത്രി ഇയാളെ ഇവിടെ സൂക്ഷിക്കാമെന്നും അതിനുശേഷം ആലോചിച്ചു് പ്രവർത്തിക്കാമെന്നു് തീർച്ചയാക്കി രാമനാഥനെ ഒരു മുറിക്കുള്ളിലടച്ചു. അയാളെ യാതൊരുവിധത്തിലും കഷ്ടപ്പെടുത്തുകയോ ഉപദ്രവിക്കുകയോ ചെയ്തുപോകരുതെന്നും, ആഹാരത്തിനും കിടപ്പിനും വേണ്ട

സൌകര്യങ്ങൾ ചെയ്തു കൊടുത്തുകൊള്ളണമെന്നും തന്റെ കീഴ്സിൽബന്ധികളോടാജ്ഞാപിച്ചിട്ട് ഇൻസ്പെക്ടരും ഹെഡും കൂടെ സ്റ്റേഷനിൽനിന്നും പുറത്തേക്കിറങ്ങി.

ഏകദേശം എട്ടുമാസക്കാലംമുമ്പ് കൽക്കത്താ പട്ടണത്തിൽ ഭയങ്കരമായ ഒരു കൊലക്കേസ്സ് നടന്നു. ആ കേസ്സിൽ ചിലരെ എല്ലാം സംശയിച്ച് പോലീസ് അറസ്റ്റു ചെയ്യുകയും കേസ്സ് മജിസ്ട്രേട്ടിൽ ചാർജ്ജുചെയ്യുകയും ചെയ്തു. എന്നാൽ സാക്ഷിക്കാരേയും കിട്ടാതെ പോലീസ് വിഷമിച്ചുകൊണ്ടിരിക്കുകയാണ്. അറസ്റ്റുചെയ്തവരിൽ രണ്ടുപേർ കൽക്കത്താപട്ടണത്തിൽ തന്നെ നിവസിക്കുന്നവരും കുപ്രസിദ്ധി നേടിയിട്ടുള്ളവരുമാണ്. കള്ളസ്സാക്ഷി പറയുന്നതിലുള്ള മടികൊണ്ടും, എന്തും ചെയ്യാൻ മടിക്കാത്ത ഇവക്ക് വിപരീതമായി സാക്ഷി പറയുന്നപക്ഷം, കേസ്സിൽനിന്നും അവർ വിട്ടുവരുകയാണെങ്കിൽ കൊലതന്നെ ചെയ്യുവാൻ മടിക്കാത്തവരാണെന്നും ജനങ്ങൾക്ക് ബോദ്ധ്യമുള്ളതിനാൽ ആരും സാക്ഷിപറയാതിരിക്കുകയാണ് ചെയ്യുന്നത്. പോലീസുകാർ കഴിയുന്നത്ര ശ്രമങ്ങൾചെയ്തു എങ്കിലും ഈ സംഗതിയിൽ അവർ പരാജയമടയുകയാണു ചെയ്തിട്ടുള്ളത്. കേസ്സിന് വേണ്ട തെളിവുകൾ ശേഖരിക്കായ്കനിമിത്തം ഇൻസ്പെക്ടർക്ക് മേലുദ്യോഗസ്ഥന്മാരിൽനിന്നും താക്കീതും, ഉദ്യോഗംതന്നെ കളഞ്ഞുകളയുമെന്നുള്ള ഭീഷണിയും ദിവസേന ലഭിച്ചുകൊണ്ടാണിരിക്കുന്നത്. ഉദ്യോഗം രാജിവച്ചുകളയാമെന്നുപോലും ഇൻസ്പെക്ടർക്ക് തോന്നിയിട്ടുണ്ട്. എന്നാൽ ഇരുപതുകൊല്ലത്തെ സവ്വീസും, ഭാര്യാപുത്രാദികളുടെ സ്ഥിതിയും ഓർത്ത് അയാൾക്ക് അതിനുള്ള ധൈര്യമുണ്ടായി

രുന്നില്ല. ഇങ്ങനെയിരിക്കുന്ന സന്ദർഭത്തിലാണു് വിദ്യാസമ്പന്നനും, കുലമഹിമ പ്രത്യക്ഷത്തിൽതന്നെ കാണാവുന്നതുമായ ഒരു യുവാവിനെ കയ്യിൽ കിട്ടിയതു്. ഇതിനിടയിൽ ഹെഡ്കാൺസ്റ്റബിളിൻെറ ഉപദേശരൂപത്തിലുള്ള ചില അഭിപ്രായങ്ങളുംകൂടെ കേട്ടപ്പോൾ എന്താണു് ചെയ്യേണ്ടതെന്നറിയാതെ ഇൻസ്പെക്ടർ വല്ലാതെ കുഴങ്ങി.

സ്റ്റേഷനിൽനിന്നും പുറത്തിറങ്ങിയതിനുശേഷം ഇൻസ്പെക്ടരും ഹെഡ്ഡുംകൂടെ നേരെ ഇൻസ്പെക്ടരുടെ വസതിയിൽ ചെന്നുചേരുകയും അവർ തമ്മിൽ കേസ്സിനെപ്പററിയുള്ള മേൽ നടപടികളെപ്പററി ആലോചിക്കുകയും ചെയ്തു.

ഹെഡ്:—നമ്മൾ ലാക്കപ്പിൽ അടച്ചിരിക്കുന്ന ആളിനെ സാക്ഷിയായിട്ടു് സ്വീകരിച്ചാലെന്താ? ഞാൻ ആ ഉദ്ദേശത്തോടുകൂടെയാണു് ഇന്നു് അയാളെ വിട്ടയക്കേണ്ട എന്നു് പറഞ്ഞതു്.

ഇൻ:—അയാൾ നമുക്കനുകൂലമായി സാക്ഷി പറയുമെന്നു് എങ്ങിനെ വിശ്വസിക്കാം

ഹെഡ്:—അയാൾ പറയുമോ എന്നു ചോദിച്ചാൽ, പറയുകയില്ലെന്നു് തന്നെ മറുപടി പറയേണ്ടിയിരിക്കുന്നു. എന്നാൽ അതല്ല, നമുക്കു് അയാളെക്കൊണ്ടു് പറയിപ്പിക്കണം.

ഇൻ:—അയാളെക്കൊണ്ടു് സാക്ഷി പറയിപ്പിക്കാൻ മാർഗ്ഗമെന്താണു്? അതിനും പുറമെ യാതൊരു കേസ്സിലും പെ

ടാത്ത ഒരാളെ നമ്മൾ എങ്ങിനെ ലാക്കപ്പിൽ സൂക്ഷിക്കും?

ഹെഡ്:—അയാൾ വിദ്യാസമ്പന്നനും, ഉദ്യോഗമന്വേഷിച്ച് നാടുവിട്ടവനുമാണ്. ഇതിനും പുറമെ അയാൾ വലിയ ഭീരുവുമാണ്. നമ്മൾ ഏതെങ്കിലും ഉദ്യോഗം ഉണ്ടാക്കിക്കൊടുക്കാമെന്നു പറഞ്ഞാൽ അയാൾ നമുക്കനുകൂലമായി സാക്ഷി പറയുമെന്നാണ് എന്റെ വിശ്വാസം. വിദ്യാഭ്യാസം ചെയ്ത ദരിദ്രരെ ധനത്തിലേക്കും ഉദ്യോഗത്തിലേക്കും പെട്ടെന്ന് ആകർഷിക്കാൻ കഴിയും.

ഇൻ:—നമ്മൾ അങ്ങിനെ അയാൾക്ക് ഉദ്യോഗമുണ്ടാക്കിക്കൊടുക്കാമെന്നു സമ്മതിച്ചാലും ജനങ്ങൾ അയാളെ യഥാർത്ഥസ്ഥിതി അറിയിച്ചാൽ എന്തുചെയ്യും?

ഹെഡ്:—അതിനുവേണ്ടി അയാളെ നമ്മളുടെ അധീനതയിൽതന്നെ സൂക്ഷിക്കണം. വല്ല ഹോട്ടലിലും സുഖമായ ആഹാരത്തിന് ഏർപ്പാടുചെയ്തുകൊടുക്കുകയും, നമ്മുടെ മേൽനോട്ടത്തിൽ താമസിപ്പിക്കുകയുംചെയ്താൽ മതി.

ഇൻ:—ഞാൻ നാളെ രാവിലെതന്നെ D. S. P. യെ കണ്ടു് ഒന്നാലോചിക്കട്ടെ. അയാളെ സംബന്ധിച്ചുള്ള കാര്യങ്ങൾ നിങ്ങൾതന്നെ വേണ്ട ഏർപ്പാടുകൾ ചെയ്തുകൊള്ളണം. പണം ആവശ്യമുള്ളപ്പോൾ വിവരം എന്നെ അറിയിക്കുക. ഏതായാലും കേസ്സിനു് തെളിവു് കൊടുക്കാത്തതുകൊണ്ടു് ഡിപ്പാർട്ട്മെൻറിനു് മുഴുവൻതന്നെയും ദുഷ്പേരാണു്. ആ സ്ഥിതിക്കു് നിങ്ങൾ പറഞ്ഞ

ഉപായം എനിക്കും നല്ലതായിട്ടുതന്നെയാണ് തോന്നുന്നതു്.

ഹെഡ്:—യജമാനൻ D. S. P. യെ പറഞ്ഞു് സമ്മതിപ്പിക്കാമെങ്കിൽ ബാക്കി കാൎയ്യങ്ങൾ എല്ലാം ഞാനേററും സ്റ്റേഷനടുത്തുള്ള വീട്ടിൽ അയാളെ താമസിപ്പിച്ചുകൊണ്ടു് കാൺസ്റ്റബിൾമാരെ ഓരോരുത്തരെയായി അയാളെ സൂക്ഷിക്കാൻ ഏൎപ്പാടുചെയ്യാം.

ഇൻ:—ഏതിനും ഞാൻ നാളെ D. S. P യെ കണ്ടിട്ടുവരട്ടെ. നേരവും കുറച്ചധികമായല്ലോ, ഇപ്പോൾ നിങ്ങൾ പോകു. നാളെ നമ്മൾക്കു് അനന്തര നടപടികളെപ്പററി തീൎച്ചയാക്കാം.

---

## അദ്ധ്യായം ൧൨.

---

മനോരമ രാമനാഥനു് കത്തയച്ചതിനുശേഷം ദിവസങ്ങൾ എണ്ണാൻ തുടങ്ങി. മറുപടി പ്രതീക്ഷിച്ചു് ആഴ്ചകൾ മൂന്നു കഴിഞ്ഞു. എന്നിട്ടും സ്വഭത്താവിൽനിന്നു യാതൊരു വിവരങ്ങളും ലഭിക്കായ്കയാൽ ആ സാദ്ധ്വിയുടെ ഹൃദയം തരളിതമായിത്തീൎന്നു. അവൾക്കു് ഊണിനോ ഉറക്കത്തിനോ ഒന്നിലുംതന്നെ യാതൊരാസക്തിയുമില്ലാതായി. രാമനാഥൻ മറുപടി അയയ്ക്കുകയില്ലെന്നുള്ള വിചാരവും അവളിൽ കടന്നുകൂടി. മുമ്പു് സുലോചന കൂടെക്കൂടെ വന്നു് അവളെ സാന്ത്വനപ്പെടുത്തിക്കൊണ്ടിരുന്നു. വക്കീലദ്ദേഹത്തിൻെറ രോഗം വൎദ്ധി

ച്ചതോടുകൂടി സുലോചനയുടെ സ്ഥിതിയും വളരെ കഷ്ടസ്ഥിതിയിലായി. ധനമുണ്ടെന്നല്ലാതെ അവളെ സഹായിക്കുന്നതിനോ സമാശ്വസിപ്പിക്കുന്നതിനോ ആരുംതന്നെ ഇല്ല. മനോരമ, സുലോചനയുടെ ഗൃഹത്തിൽ പോകുന്നതു് കൌസല്യാദേവിക്കു് തീരെ ഇഷ്ടമില്ല. അവർ നിസ്സാരസംഗതികൾക്കുപോലും മനോരമയെ ക്രമത്തിലധികം ശകാരിച്ചുവന്നിരുന്നു. എന്നാൽ തന്റെ ഭർത്താവിനെ ഏതുവിധേനയും കണ്ടുപിടിക്കണമെന്നല്ലാതെ മററു ചിന്തകളൊന്നും ഇല്ലാതിരുന്ന മനോരമ കൌസല്യയുടെ ശകാരവർഷങ്ങളെ അത്ര വകവച്ചിരുന്നില്ല. മൂന്നാഴ്ച കഴിഞ്ഞിട്ടും സ്വഭർത്താവിൽനിന്നും വിവരങ്ങളൊന്നും ലഭിക്കായ്കയാൽ അവൾ കൽക്കത്തയിലേക്കു് പുറപ്പെടുവാൻതന്നെ തീർച്ചയാക്കി. ഈ വിവരം അമരനാഥനെ അറിയിച്ചപ്പോൾ ആദ്യം അദ്ദേഹം അതിനു വിസമ്മതിച്ചു എന്നുവരികിലും, മനോരമയുടെ നിർബ്ബന്ധത്തിൽനിന്നും അവളെ പിൻതിരിപ്പിക്കുന്നതു് സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ അമരനാഥൻ തന്റെ ദ്വിതീയപുത്രനായ മോഹനനോടുകൂടി മനോരമയ്ക്കു് കൽക്കത്തയിലേയ്ക്കു് പുറപ്പെടുന്നതിനുള്ള അനുമതി നൽകി. മനോരമ തന്റെ സഖിയായ സുലോചനയോടു് യാത്രയുംപറഞ്ഞു് അടുത്തദിവസത്തെ മെയിൽവണ്ടിക്കു് ഭർത്തൃസഹോദരനോടുകൂടി കൽക്കത്തയിലേക്കു പുറപ്പെട്ടു.

സിനിമ കാണാൻപോയ രാമനാഥൻ, രാത്രി മണി പന്ത്രണ്ടുകഴിഞ്ഞിട്ടും വന്നുചേരായ്കയാൽ ഭക്തജി വല്ലാതെ പരിഭ്രമിച്ചു. താനല്ലാതെ രാമനാഥനു് ഇവിടെ വേറെ പരിചയക്കാരൊന്നുമില്ലാത്ത സ്ഥിതിക്കു് അന്യഗൃഹത്തിലൊന്നും പോകാൻ നിവൃത്തിയില്ല. പക്ഷേ, സിനിമകണ്ടു് ഉറക്കംതൂങ്ങി

തിയേററിൽതന്നെ കിടന്നുറങ്ങിയിരിക്കാമെന്നു് ആ ശുദ്ധമാനസൻ ഊഹിച്ചു. ഏതിനും നേരംവെളുക്കട്ടെ എന്നുള്ള ചിന്തയോടുകൂടി ഭക്തജി നിദ്രയിൽ ലയിച്ചു. നേരംപുലൻ് മണി എട്ടുകഴിഞ്ഞിട്ടും രാമനാഥനെപ്പററി യാതൊരറിവും ലഭിക്കായ്കയാൽ ഭക്തജി ആദ്യംതന്നെ തിയേററിൽ എല്ലാം പോയി ഒരു പരിശോധനനടത്തി. അവിടെയെങ്ങും കാണാതിരുന്നപ്പോൾ അദ്ദേഹത്തിൻെറ മനസ്സിൽ ഇപ്രകാരമൊരു ചിന്ത കടന്നുകൂടി "പോലീസ്സുകാർ വല്ല സംശയവുംതോന്നി രാമനാഥനെ പിടിച്ചു് ലാക്കപ്പിൽ അടച്ചിരിക്കുമോ? അങ്ങനെയാണെങ്കിൽതന്നെ തൻെറകൂടെയാണു് താമസമെന്നു് പറഞ്ഞാൽ അവർ വിട്ടയയ്ക്കണമല്ലൊ. അഥവാ വിട്ടയച്ചില്ലെങ്കിൽ അവർതന്നെ വിവരം അറിയിക്കേണ്ടതാണല്ലൊ. പോലീസുകാരെ എങ്ങിനെ വിശ്വസിക്കാൻ കഴിയും? ലോകത്തിൽ ക്രൂരമൃഗങ്ങളേയും, വിഷമുള്ള സർപ്പങ്ങളേയും വിശ്വസിക്കാൻ കഴിയും എന്നാൽ സ്വാർത്ഥലാഭത്തിനുവേണ്ടി ഏതൊരു നീചപ്രവൃത്തിയും ചെയ്യുവാൻ അല്പംപോലും സങ്കോചമില്ലാത്ത ഈ കൂട്ടരെ വിശ്വസിക്കാവുന്നതല്ല. വാദിയെ പ്രതിയാക്കാനും, പ്രതിയെ വാദിയാക്കാനും അവർ വിചാരിച്ചാൽ നിമിഷത്തിനുള്ളിൽ സാധിക്കും. ഏതിനും പോലീസു്സ്റ്റേഷനിൽപോയി ഒരന്വേഷണം നടത്തിക്കളയാം" ഈ വിചാരത്തോടുകൂടി ഭക്തജി സ്റ്റേഷനിലേക്കു് പുറപ്പെട്ടു. അദ്ദേഹം സ്റ്റേഷനിൽ എത്തിയപ്പോൾ ഇൻസ്പെക്ടർ, ആ തുറയിലെ ഏതോ ഒരു ഉയന്ന ഉദ്യോഗസ്ഥനോടു സംസാരിച്ചുകൊണ്ടിരിക്കുന്നതായും, കാൺസ്റ്റബിൾമാർ പഞ്ചപുച്ഛവുമടക്കി ശ്വാസംപോലും പുറത്തേക്കു വിടാതെ അങ്ങിങ്ങായി നില്ക്കുന്നതും കാണപ്പെട്ടു. ഈ അവസരം തൻെറ

ഉദ്ദേശസാദ്ധ്യത്തിന്ന് പററിയതല്ലെന്നു കണ്ടപ്പോൾ ആ വൃദ്ധൻ സ്റ്റേഷനിൽനിന്നും അല്പം ദൂരെ ഒരിടത്തു് മാറിനിന്നു. ഇൻസ്പെക്ടർ കാൎയ്യപ്രധാനമായ ഏതോ സംഗതിയെപ്പററി തൻെറ മേലുദ്യോഗസ്ഥനുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണെന്നും അവർ അവിടെനിന്നും പോകാതെ, തൻെറ ഉദ്ദേശകാൎയ്യം നിറവേറുന്നതുമല്ലെന്നു് അനുമാനിച്ചുകൊണ്ടു് ഭക്തജി അടുത്തു ഒരു കാപ്പിഹോട്ടലിൽ കയറി, കാപ്പികുടിക്കാനെന്നുള്ള വ്യാജേന അവിടെയിരുന്നു. ഏകദേശം ഒരു മണി കഴിഞ്ഞപ്പോൾ ഇൻസ്പെക്ടരും മററ ഉദ്യോഗസ്ഥനും കൂടെ ഒരു കാറിൽ പോകുന്നതുകണ്ടപ്പോൾ ഭക്തജി അവിടെനിന്നും സ്റ്റേഷൻെറ നടയിലെത്തി. അവിടെ നിന്നിരുന്ന ചില ഭടന്മാരോടു് രാമനാഥനെപ്പററി അന്വേഷിച്ചപ്പോൾ അവൎക്കാൎക്കും ഒന്നും അറിവില്ലെന്നുള്ള നിരാശാജനകമായ മറുപടിയാണു് ലഭിച്ചതു്. ഭക്തജി ഇതികൎത്തവ്യതാമൂഢനായി സ്റ്റേഷൻെറ നടയിൽത്തന്നെ കുറച്ചുനേരംകൂടെ നിന്നപ്പോൾ മറെറാരു പോലീസുഭടൻ കുറച്ചു ദൂരെനിന്നും കയ്യിൽ എന്തോ ചില സാധനങ്ങളുമായി വരുന്നതുകണ്ടു. ഭക്തനു് അയാളെ നല്ലതുപോലെ പരിചയമുണ്ടായിരുന്നതിനാൽ അയാളുടെ സമീപത്തേക്കു നടന്നുചെന്നു് ഇപ്രകാരം ചോദിച്ചു. "ഞാൻ ഒരു കാൎയ്യം അറിയാതെ വിഷമിക്കുകയാണു്. ദയവുചെയ്തു ഞാൻ ചോദിക്കുന്ന സംഗതിയെപ്പററി നിങ്ങൾക്കറിയാവുന്ന പരമാൎത്ഥങ്ങൾ എന്നോടു പറയുകയാണെങ്കിൽ എന്നെക്കൊണ്ടു് കഴിയുന്ന സഹായങ്ങൾ നിങ്ങൾക്കു ഞാൻ ചെയ്തുതരാം."

കാൺ:—എന്താണു് ഇത്ര വലിയസംഗതി ഭക്തജിക്കറിയേണ്ടതായുള്ളതു്?

ഭക്ത:—എൻെറകൂടെ രാമനാഥൻ എന്ന ഒരു യുവാവു് താമസിച്ചുകൊണ്ടിരുന്നു. ഇന്നലെ വൈകുന്നേരം അയാൾ സിനിമ കാണുന്നതിനായി വീട്ടിൽനിന്നും പുറത്തിറങ്ങിയതിനുശേഷം അയാളെക്കുറിച്ചു് യാതൊരറിവുമില്ല. സ്റ്റേഷനിലെങ്ങാനും സംശയിച്ചു് പിടിച്ചടച്ചിട്ടുണ്ടോ എന്നാണു് എനിക്കറിയേണ്ടതു്.

കാൺ:—ഇന്നലെ സന്ധ്യയ്ക്കുശേഷം ഒരു യുവാവിനെ സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുണ്ടു്. അയാളുടെ പേരെന്താണെന്നും, കേസ്സു് എന്താണെന്നും എനിക്കു് മനസ്സിലായിട്ടില്ല. ഏതോ ഒരു വലിയ രഹസ്യം അതിനുള്ളിൽ ഉണ്ടു്. ഈ വിവരം ഞാൻ പറഞ്ഞതായി നിങ്ങൾ ആരോടും പറയരുതു്.

ഭക്ത:—അയാളുടെ പേരെന്തെന്നും എന്നോടുകൂടിയാണോ താമസിച്ചിരുന്നതെന്നും ചോദിച്ചറിയണം.

കാൺ:—ഞാൻ സൌകര്യംപോലെ അന്വേഷിച്ചു പറയാം. ഇപ്പോൾ പോകട്ടെ.

കാൺസ്റ്റബിളുമായി ഇത്രയും സംസാരിച്ചതിനുശേഷം ഭക്തജി ഒരു റുപ്പിക എടുത്തു അയാൾക്കു കൊടുത്തു. അയാൾ ഉറുപ്പികയും വാങ്ങിക്കൊണ്ടു് സ്റ്റേഷനിലേക്കു നടന്നു.- ശരിയായ വിവരം ലഭിക്കായ്കനിമിത്തം ആ സാധുവിനു് സന്തോഷമുണ്ടായില്ല. ഏതിനും ആഹാരവുംകഴിഞ്ഞു് വൈകുന്നേരം വന്നു കൂട്ടതലായി അന്വേഷണം നടത്താമെന്നുള്ള ഉദ്ദേശത്തോടുകൂടി ഭക്തൻ സ്വഗൃഹത്തിലേക്കു് തിരിച്ചു. രാമനാ

ഥനെ പുത്രനിർവിശേഷം സ്നേഹിച്ചുവന്നിരുന്ന യശോദയ്ക്കു്, രാമനാഥൻെറ അവിചാരിതമായുണ്ടായ ഈ അന്തർധാനത്തിൽ വലുതായ ഉൽക്കണ്ഠയും വിഷാദവും ഉണ്ടായി. ആ യുവാവു് കൂടെക്കൂടെ അവരുടെ അടുത്തു ചെന്നിരിക്കുകയും ഫലിതസമ്മിശ്രമായ ഭാഷണങ്ങളെക്കൊണ്ടു് ആ മാതാവിനെ സന്തോഷിപ്പിച്ചും വന്നിരുന്നു. മദ്ധ്യാഹ്നമായിട്ടും രാമനാഥനെ അന്വേഷിച്ചു പുറപ്പെട്ട സ്വഭർത്താവിനേയും കാണാതായപ്പോൾ ആ മഹതി വല്ലാതെ പരിഭ്രമിച്ചു. ഇങ്ങനെയിരിക്കുമ്പോഴാണു് ഭക്തജി വ്യാകുലഭാവത്തോടുകൂടി സ്വഗൃഹത്തിൽ ചെന്നുചേന്നതു്. "രാമനാഥനെപ്പററി വല്ല വിവരവും" ലഭിച്ചോ എന്നുള്ള സ്വപത്നിയുടെ ചോദ്യത്തിനു മറുപടിയായി "പൂണ്ണവിവരം ഒന്നും ലഭിച്ചിട്ടില്ലെന്നും, പോലീസ്സ്റ്റേഷനിൽ ഉണ്ടെന്നാണു് തോന്നുന്നതെന്നും, വൈകുന്നേരം ശരിയായ അറിവു കിട്ടത്തക്ക വിധത്തിൽ താൻ ഏപ്പാടുചെയ്തിട്ടാണു് വന്നിരിക്കുന്നതെ"ന്നും മാത്രം ഭക്തജി മറുപടിപറഞ്ഞു. തദനന്തരം അദ്ദേഹം ഭക്ഷണംകഴിക്കാൻ ആരംഭിച്ചു.

ഡി. എസ്സ്. പി-യുമായി കാര്യപ്രധാനമായി പലതും സംസാരിച്ചു തീരുമാനിച്ചശേഷം ഇൻസ്പെക്ടർ അന്നു് വൈകുന്നേരം സ്റ്റേഷനിൽവന്നു് രാമനാഥനെ സ്വവസതിയിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ എത്തിയതിനുശേഷം അവർ രണ്ടുപേരും തമ്മിൽ ഇങ്ങനെ ഒരു സംഭാഷണം നടന്നു.

ഇൻ:—മി. രാമനാഥൻ! നിങ്ങളെ ഉപദ്രവിക്കുന്നതിനോ, അവമാനിക്കണമെന്നു് കരുതിയോയല്ല വിട്ടയയ്ക്കാത്ത

ത്തു്. ഞങ്ങൾക്കു് നിങ്ങളെക്കൊണ്ടു് വലുതായ ഒരു കാര്യം സാധിക്കാനുണ്ടു്. ഞാൻ പറയുന്നതനുസരിച്ചു് നിങ്ങൾ പ്രവൎത്തിക്കുന്നപക്ഷം അതു് നിങ്ങളുടെ ഭാവിനന്മയ്ക്കും സഹായമായിരിക്കും.

രാമ:—നിസ്സാരനും, നിൎദ്ധനനുമായ എന്നെക്കൊണ്ടു് നിങ്ങൾക്കു് എന്താണു് സാധിപ്പാനുള്ളതു്?

ഇൻ:—ഞാൻ പറയുന്ന കാര്യങ്ങൾ നിങ്ങൾ ശ്രദ്ധിച്ചുകേട്ടുകൊള്ളുക. എട്ടുമാസംമുമ്പു് ഇവിടെ ഒരു കൊലക്കേസു് നടന്നു. ആ കേസ്സു് ഞങ്ങൾ മജിസ്ത്രേട്ടിൽ ചാൎജ്ജുചെയ്തിട്ടുമുണ്ടു്. എന്നാൽ അതിനു യോഗ്യനായ ഒരു സാക്ഷിയുടെ ആവശ്യം ഉണ്ടു്. നിങ്ങളുടെ സാക്ഷി ഫലപ്രദമായിത്തീരുമെന്നാണു് എൻെറ അഭിപ്രായം.

രാമ:—ഞാൻ ഇതുവരെ യാതൊരാവശ്യത്തിനും കോടതിയിൽ പോയിട്ടില്ല. പ്രത്യേകിച്ചും എനിക്കു് യാതൊരറിവുമില്ലാത്ത ഒരു സംഗതിയെക്കുറിച്ചു് മനഃസാക്ഷിക്കു് വിപരീതമായി പറയുന്നതു് എന്നെക്കൊണ്ടു് സാദ്ധ്യമല്ല.

ഇൻ:—അതുകൊണ്ടു് നിങ്ങൾക്കു് ലാഭമുണ്ടാകുന്നപക്ഷം, നിങ്ങൾക്കു് അങ്ങനെ പറയുന്നതുകൊണ്ടെന്താണു് വിരോധം?

രാമ:—സ്വാൎത്ഥലാഭത്തിനുവേണ്ടി ആത്മവഞ്ചന ചെയ്യണമെന്നു് എനിക്കാഗ്രഹമില്ല ലോകത്തിൽ സത്യസന്ധതയോടുകൂടി ജീവിക്കുന്നതിൽ ഏതൊരു വിഷമങ്ങ

ളോട്ടം എതിരിടുന്നതു് എനിക്കു് സന്തോഷംതന്നെ യാണു്.

ഇൻ:—നിങ്ങൾ ഇനിയും ലോകം കണ്ടിട്ടില്ല. ഈ ലോകത്തിൽ ജീവിതം വിജയപ്രദമാക്കിത്തീക്കുന്നതിനു് ചില അധർമ്മങ്ങൾ പ്രവത്തിച്ചേ തീരൂ. മനഃപൂവ്വമായി ആത്മവഞ്ചന ചെയ്യണമെന്നോ, അധമ്മം പ്രവത്തിക്കണമെന്നോ ഉദ്ദേശിക്കുന്നവർ ആരുംതന്നെ ഉണ്ടെന്നു എനിക്കു് തോന്നുന്നില്ല. എന്നാൽ ചില പരിതഃസ്ഥിതികൾ മനുഷ്യരെ അതിലേക്കു പ്രേരിപ്പിക്കുകയും, ആ പ്രേരണയുടെ ഫലമായി മനുഷ്യൻ ചില അനീതികൾ പ്രവത്തിക്കുകയുമാണു് പതിവു്.

രാമ:—എന്നെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ള യാതൊരു പരിതഃസ്ഥിതികളും ഉണ്ടായിട്ടില്ല. ആവക വൈഷമ്യങ്ങൾ വരാതിരിക്കുവാൻ ഞാൻ ദിവസേന ഈശ്വരനെ പ്രാത്ഥിച്ചുകൊണ്ടാണിരിക്കുന്നതു്.

ഇൻ:—ഇതിൽ നിങ്ങൾക്കുണ്ടാകാവുന്ന ലാഭത്തെപ്പററിക്കൂടെ നിങ്ങൾ ആലോചിക്കുക. ഞങ്ങൾക്കനുകൂലമായി നിങ്ങൾ സാക്ഷിപറയുന്നപക്ഷം, നിങ്ങളെ ഒരു ഇൻസ്പെക്ടരായി നിയമിക്കാമെന്നു് ഡി. എസ്. പി. എന്നോടു സമ്മതിച്ചിട്ടുണ്ടു്. ഞങ്ങൾ രണ്ടുപേരും തമ്മിൽ മൂന്നു മണിക്കൂർനേരം ഇതിനേപ്പററി സംസാരിക്കയുണ്ടായി. നിങ്ങൾ ജോലി ഒന്നുമില്ലാതെ അലഞ്ഞുതിരിഞ്ഞുനടക്കുന്നതിനേക്കാൾ എത്രയോ നല്ലതാണു് അധികാരമുള്ള ഒരു ഉദ്യോഗസ്ഥനായിത്തീരുന്ന

ത്തു്. മനുഷ്യജീവിതം സുഖഭോഗങ്ങൾക്കുള്ളതാണു്. കേവലം മനുഷ്യന്റെ സങ്കല്പസൃഷ്ടിയായ പാപത്തേയും അധർമ്മത്തേയും ഭയന്നു ലഭ്യമായിരിക്കുന്ന ഈ സുവർണ്ണാവസരത്തെ വേണ്ടതുപോലെ വിനിയോഗിക്കാതിരിക്കുന്നതു് വെറും മഠത്തരമായിത്തീരും. ഒരു ഇൻസ്പെക്ടരുദ്യോഗം കിട്ടുക എന്നുള്ളതു് അത്ര സുസാദ്ധ്യമായ ഒരു കാൎയ്യമല്ല. ബി. എ-യും എം. എ-യും പാസ്സായിട്ടുള്ളവർപോലും ഈ ഉദ്യോഗലബ്ധിക്കുവേണ്ടി ശുപാർശയും കൈക്കൂലിയുമായിട്ടു നടക്കുന്ന കാലമായിരിക്കു്. ആ സ്ഥിതിക്കു് യാതൊരു പരിശ്രമവും കൂടാതെ നിങ്ങൾക്കു കിട്ടാൻപോകുന്ന ഉദ്യോഗം എന്തിനു് ഉപേക്ഷിക്കുന്നു?

രാമ:—ലോകത്തിൽ എല്ലാവരും ഒന്നുപോലെയല്ലല്ലോ. ചിലർ ധനത്തേയും, മററുചിലർ ഉദ്യോഗത്തേയും സർവ്വോപരി ശ്രേഷ്ഠമായിക്കരുതുന്നു. എന്നാൽ വേറെ ചിലർ ആത്മാഭിമാനത്തേയും സത്യത്തേയും ഉത്തമമെന്നു് വിചാരിക്കുന്നു. ഏതായാലും അന്യരെ ദ്രോഹിച്ചു് യാതൊരുവിധ ലാഭത്തേയും ഞാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടു് സർ, ദയവുചെയ്തു് എന്നെ ഈ സംഗതിയിൽനിന്നും ഒഴിവാക്കണമെന്നു മാത്രമാണു് എന്റെ അപേക്ഷ.

ഇൻ:—ഇത്ര ഹരിശ്ചന്ദ്രനായിരിക്കുന്ന നിങ്ങൾ പണം അപഹരിച്ചതെന്തിനു്? ഈ സംഗതി എനിക്കു് അറിവായിരിക്കുന്ന സ്ഥിതിക്കു് നിങ്ങളെ അറസ്ററുചെയ്തു് കേസ് ചാൎജ്ജ് ചെയ്യുന്നതിനുള്ള അധികാരം എനി

ക്കണ്ടു്. അങ്ങനെ സംഭവിക്കുകയാണെങ്കിൽ നിങ്ങ ളുടെ ജീവിതംതന്നെ നഷ്ടമായിത്തീരും. അതുകൊണ്ടു് ഞാൻ പറഞ്ഞ സംഗതികളെക്കുറിച്ചു് നിങ്ങൾ സമാധാനമായിരുന്നു് നല്ലതുപോലെ ആലോചിക്കുക. ഇപ്പോൾ എനിക്കും പുറത്തെയ്ക്കു് പോയിട്ടു് കാൎയ്യമുണ്ടു്. ആലോചിച്ചു് നാളെ രാവിലെ മറുപടി പറഞ്ഞാൽ മതി. പെട്ടെന്നു് ഒന്നും ചെയ്യണമെന്നു് ഞാൻ നിർബന്ധിക്കുന്നില്ല. നിങ്ങൾ ചെറുപ്പമാണു്. കിട്ടിയ അവസരത്തെ പാഴാക്കരുതു് എന്നുമാത്രമാണു് എനിക്കു പറയാനുള്ളതു്.

രാമനാഥനുമായി ഇത്രയും സംഭാഷണം നടത്തിയതിനുശേഷം, അന്നു് അവിടെത്തന്നെ ആ യുവാവിനു് താമസിക്കാൻവേണ്ട ഏൎപ്പാടും ചെയ്തിട്ടു് ഇൻസ്പെക്ടർ സ്വഗൃഹത്തിൽനിന്നു പുറത്തേക്കിറങ്ങി. രാമനാഥൻ ആഹാരവും കഴിച്ചു് നിദ്രയിലേപ്പെട്ടു. എന്നാൽ ആ യുവാവിനെ നിദ്രാദേവി ഒന്നു സ്പൎശിക്കപോലും ചെയ്തില്ല. രാമനാഥൻെറ ഹൃദയം ചിന്താതരംഗങ്ങളെക്കൊണ്ടു് ക്ഷുഭിതമായിത്തീൎന്നു. ആ യുവാവു് ധൎമ്മസങ്കടത്തിലായി. സ്വാൎത്ഥലാഭത്തിനുവേണ്ടി താൻ അറിയുകയും കേൾക്കുകയും ചെയ്യാത്ത ഒരു കൊലക്കേസ്സിൽ, വിശിഷ്യ അന്യൎക്കു് ജീവഹാനിപോലും സംഭവിച്ചേക്കാവുന്ന ഒരു കേസ്സിൽ ആത്മവഞ്ചന ചെയ്യുകയോ വേണ്ടതു്, അതോ കയ്യിൽ കിട്ടിയിരിക്കുന്ന അവസരത്തെ വിനിയോഗിച്ചു് ദരിദ്രദേവതയുടെ കരാളവക്ത്രത്തിൽനിന്നും മുക്തിനേടുകയോ. ഈ ചിന്ത അയാളിൽ വ്യാപിച്ചതോടുകൂടെ ആ യുവാവിൻെറ ശരീരമാസകലം ഒരു ചൂടു വ്യാ

പിച്ചു. പോലീസിനു വഴിപ്പെടാത്തപക്ഷം അവർ വല്ല ദേഹോപദ്രവും ഏല്പിച്ചു് തന്റെ ജീവിതംതന്നെ നഷ്ടമാക്കിത്തീക്കുകയില്ലേ എന്നു് ആ ശുദ്ധഹൃദയൻ ഭയന്നു. ഈശ്വര! ഈ ആപത്തിൽനിന്നും രക്ഷനേടുന്നതിനുള്ള ഉപായം എന്തെന്നോർത്തു് ആ യുവാവു് വളരെനേരം അശ്രുപ്രവാഹം നടത്തി. ഉദ്യോഗമൊന്നുമില്ലാതെ സ്വപത്നിയോടുകൂടെ ദാരിദ്രപീഡ അനുഭവിക്കേണ്ടിവരുമല്ലോ എന്നും, പോലീസുകാർ തന്റെ ശരീരം മർദ്ദനങ്ങളെക്കൊണ്ടു് ഉപയോഗശൂന്യമാക്കുമല്ലോ എന്നും ഉള്ള വിചാരം രാമനാഥനിൽ കടന്നുകൂടിയപ്പോഴേയ്ക്കും, ഏതിനും അവരുടെ അഭിപ്രായമനുസരിച്ചു് പ്രവത്തിക്കുകതന്നെയാണു് നല്ലതെന്നു് വളരെ നേരത്തെ ആലോചനയുടെ ഫലമായി ആ യുവാവു് തീരുമാനിച്ചു.

---

## അദ്ധ്യായം ൧൨.

---

യാതൊരു തെളിവും കിട്ടാതെ, പോലീസ്സുകാർ വിഷമിച്ചുകൊണ്ടിരുന്ന കൊലക്കേസ്സു് കോടതിയിൽ ഊർജ്ജിതമായി വിചാരണ ആരംഭിച്ചു. രാമനാഥൻ ഇൻസ്പെക്ടരുടെ വസതിയിൽനിന്നും നിത്യവും കാറിൽവന്നു് കോടതിയിൽ സാക്ഷിപറഞ്ഞുകൊണ്ടിരുന്നു. ഈ കേസ്സു് കേൾക്കുന്നതിനായി നിരവധി ജനങ്ങൾ കോടതിവളപ്പിൽ സന്നിഹിതരാകുകപതിവായിരുന്നു. രാമനാഥനെ കാണുന്ന ജനങ്ങളെല്ലാം അവനെ ശപിച്ചിരുന്നു. കൽക്കത്താപട്ടണത്തിൽ കുപ്രസിദ്ധി നേടിയിട്ടുള്ളവരും ഈ കേസ്സിലെ പ്രതികളുമായ രണ്ടു

പേരെ തൂക്കിക്കൊല്ലുന്നതിനും മററു നാലുപേരെ ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്നതിനും മജിസ്ട്രേട്ട് വിധി പ്രസ്താവിച്ചു. കേസ്സിൻെറ വിധി പ്രസ്താവിക്കുന്ന ദിവസം കോടതി ജനനിബിഡമായിരുന്നു. ഭക്തജിയും അവിടെ സന്നിഹിതനായിരുന്നു. പുത്രനിർവിശേഷം രാമനാഥനെ സ്നേഹിച്ചിരുന്ന അദ്ദേഹത്തിനു് വിധി കേട്ടപ്പോൾ ആ യുവാവിനോട്ട് സീമാതീതമായ വെറുപ്പുണ്ടാകുകയും, താനാണല്ലോ ഈ മഹാപാപിയെ ഇവിടെ കൊണ്ടുവന്നു് ഈ നാശത്തിനെല്ലാം ഇടവരുത്തിയതെന്നോർത്തു് പശ്ചാത്തപിക്കുകയും ചെയ്തു തൻെറ ബുദ്ധിശൂന്യതയെപ്പററി ഓർത്തു് അശ്രുപൊഴിച്ചുകൊണ്ടു് ആ ആശ്രിതവത്സലൻ ഒരു വിധത്തിൽ സ്വഗൃഹത്തിൽ എത്തി ഒരു ചെറുകട്ടിലിന്മേൽ അഭയം പ്രാപിച്ചു. അദ്ദേഹത്തിൻെറ ഭാര്യയായ യശോദ ഈ വിവരം അറിഞ്ഞപ്പോൾ അത്യന്തം ദുഃഖിച്ചു അവരിരുവരും രാമനാഥനെപ്പററി ഓരോന്നു പറയുകയും കരയുകയും ചെയ്തുകൊണ്ടിരിക്കുന്നതിന്നിടയിൽ ഒരു കുതിരവണ്ടി ഗൃഹത്തിൻെറ വാതുക്കൽ വന്നുനിന്നു. ആ വണ്ടിയിൽ ആരാണെന്നറിയുവാനുള്ള ഉൽക്കണ്ഠയോടുകൂടി യശോദ സൂക്ഷിച്ചുനോക്കിയപ്പോൾ ഒരു യുവതിയും പത്തുപതിന്നാലു വയസ്സു പ്രായം വരുന്ന ഒരു ബാലനും വണ്ടിയിൽനിന്നും ഇറങ്ങി ഗൃഹത്തിലേക്കു വരുന്നതു കണ്ടു. അവർ ഗൃഹത്തിൻെറ വരാന്തയോടു സമീപിച്ചപ്പോൾ "ഭക്തജിയുടെ വീട്ടു് ഇതാണോ" എന്നു് ആ ചെറുബാലൻ ചോദിച്ച ചോദ്യത്തിനു് 'അതെ' എന്നു് യശോദ മറുപടി നല്കി. തദനന്തരം ആ ഗൃഹനായിക ഏററവും വിനയത്തോടുകൂടി അതിഥികളെ സൽക്കരിച്ചിരുത്തി. സംഭാഷണത്തിൽനിന്നും അവർ രാമനാഥൻെറ ഭാര്യയും സഹോദരനും

മാണെന്നു മനസ്സിലാക്കി. ഈ വിവരം മനസ്സിലായതോടുകൂടി ഭക്തജിയും സംഭാഷണത്തിൽ പങ്കുകൊണ്ടു. വണ്ടിയിൽവച്ചു് രാമനാഥനെ കണ്ടതുമുതൽ അതുപര്യന്തമുള്ള എല്ലാ കഥകളും ഭക്തജി സവിസ്തരം മനോരമയെ പറഞ്ഞു കേൾപ്പിച്ചു. ഇതെല്ലാം കേട്ടു് അനർഗ്ഗളമായ അശ്രുപ്രവാഹത്തോടുകൂടി, രാമനാഥൻ ഞായറാഴ്ചദിവസം കാപ്പികുടിയും കഴിഞ്ഞു ഗൃഹത്തിൽനിന്നും ഇറങ്ങിയതിനുശേഷം കല്ക്കത്തയിൽ വന്നതുവരെയുള്ള തൻെറ കഥകളും മനോരമ ഭക്തജിയെധരിപ്പിച്ചു ഇപ്രകാരം ഇരുകൂട്ടരും പരസ്പരം കഥകൾ പറയുകയും അശ്രു പൊഴിക്കുകയും ചെയ്തുകൊണ്ടിരുന്നു. രാമനാഥൻെറ ദുരഭിമാനം ഒന്നുമാത്രമാണു് ഈ ആപത്തുകൾ എല്ലാം ഉണ്ടാക്കിയതെന്നും, തന്നെ വാസ്തവസ്ഥിതികൾ ധരിപ്പിച്ചിരുന്നു എന്നുവരികിൽ നാടുവിടേണ്ട ആവശ്യംതന്നെ ഉണ്ടാകുകയില്ലായിരുന്നു എന്നും മനോരമ ദീനസ്വരത്തിൽ പറഞ്ഞു. രാമനാഥൻെറ കള്ളസ്സാക്ഷിനിമിത്തം ദരിദ്രരായ ആറ്റുകുട്ടംബങ്ങൾ നിത്യനരകത്തിലേപ്പെട്ടിരിക്കുകയാണെന്നും, ആ കുടുംബാംഗങ്ങൾ രാമനാഥനെ ശപിച്ചുകൊണ്ടിരിക്കുകയാണെന്നുംകൂടെ കേട്ടപ്പോൾ മനോരമ വാവിട്ടു നിലവിളിക്കുകയും ബോധശൂന്യയായി നിലംപതിക്കുകയും ചെയ്തു. യശോദ വളരെനേരം ശീതോപചാരം ചെയ്തതിനുശേഷമാണു് ആ തരുണി പൂർവ്വാവസ്ഥയെ പ്രാപിച്ചതു്. യാത്രകൊണ്ടും, ആഹാരം കഴിക്കായ്കകൊണ്ടും അത്യന്തം അവശയായിരുന്ന മനോരമയെ ഭക്തജിയും യശോദയുംകൂടെ സാന്ത്വനവചനങ്ങളാൽ സമാശ്വസിപ്പിച്ചതിനുശേഷം സ്നാനഭോജനാദികൾക്കായി നിർബന്ധിച്ചു. അവരുടെ നിർബന്ധമനുസരിച്ചു് അസാധ്വി കുളിയും ഭക്ഷണവും കഴിച്ചു.

തൻെറ ഭർത്താവിൻെറ അജ്ഞതനിമിത്തം ദുരിതമനുഭവിക്കുന്ന ചെറുകുടുംബങ്ങളെ സഹായിച്ചു് സമാശ്വസിപ്പിക്കണമെന്നുള്ളതായിരുന്നു മനോരമയുടെ പ്രധാനമായ ആലോചന. ഈ വിവരം അവൾ ഭക്തജിയെ അറിയിച്ചപ്പോൾ അദ്ദേഹം അവളുടെ അഭിപ്രായത്തിൽ അത്യധികം സന്തോഷിക്കുകയും അവളെ ആത്മനാ പ്രശംസിക്കുകയും ചെയ്തു. മനോരമയുടെ മോതിരം ആദ്യംതന്നെ സുലോചനക്കു് വിററുകഴിഞ്ഞിരുന്നു. ചന്ദ്രഹാരം മാത്രമാണു് അവളുടെ സമ്പത്തു്. അവൾ അതിനെ അഴിച്ചു് ഭക്തജിയെ ഏല്പിച്ചിട്ടു് അതുവിററു പണംകൊണ്ടുവരുന്നതിനപേക്ഷിച്ചു. ആ ദീനദയാലു മനോരമയുടെ അപേക്ഷയെ സസന്തോഷം സ്വീകരിക്കുകയും, ആ ആഭരണം വിററുകിട്ടിയതുക അവളെ ഏല്പിക്കുകയുംചെയ്തു. അന്നത്തെ ദിവസം അവിടെത്തന്നെ അവൾ വിശ്രമിച്ചു.

അന്നുരാത്രി മനോരമയ്ക്കു് തീരെ ഉറക്കമുണ്ടായില്ല. തിരിഞ്ഞും മറിഞ്ഞും കിടന്നും, കൂടക്കൂടെ എഴുന്നേററിരുന്നു് അശ്രുപ്രവാഹം നടത്തിയും അവൾ ഒരുവിധത്തിൽ നേരം വെളുപ്പിച്ചു. നേരം പുലൎന്നതോടുകൂടി നിത്യകൎമ്മങ്ങളും കഴിച്ചു് അവൾ ഭക്തജിയുമൊരുമിച്ചു്, കേസ്സിൽ തൂക്കിക്കൊല്ലാൻ വിധിച്ച പ്രതികളുടെ ഭവനത്തിലേക്കു് തിരിച്ചു. അവരുടെ ഭാൎയ്യമാൎക്കും കുട്ടികൾക്കും കൊടുക്കുന്നതിലേക്കായി ഏതാനം വസ്ത്രങ്ങളും ആഹാരസാധനങ്ങളും അവൾ നേരത്തെ തന്നെ വാങ്ങി സൂക്ഷിച്ചിരുന്നു. കൽക്കത്താപട്ടണത്തിൽ നിന്നും മൂന്നുമൈൽ വടക്കുഭാഗത്തായി ഒരു ചെറുഗ്രാമം സ്ഥിതിചെയ്യുന്നുണ്ടു്. അതിൽ അധിവസിക്കുന്നവരിൽ അധിക

ഭാഗവും 'തുകൽ' വ്യവസായം ചെയ്യുന്ന "ചമാർ" എന്ന ഒരു ജാതിക്കാരാണു്. ചെറിയ ചെറിയ കുടിലുകൾ കെട്ടിയാണു് ഈക്കൂട്ടർ താമസിക്കുന്നതു്. മലിനവും ദുർഗ്ഗന്ധപൂരിതവുമാണു് ആ ഗ്രാമം. ഭക്തജി പലരോടും ചോദിച്ചും അറിഞ്ഞും ഒരുവിധത്തിൽ ആ പ്രതികളുടെ കുടിലുകൾ കണ്ടുപിടിച്ചു. അഞ്ചാറുമാസക്കാലമായി ആ കുടിലുകൾ ദാരിദ്ര്യദേവതയുടെ അധിവാസമായിത്തീർന്നിരിക്കുകയാണു്. സ്ത്രീകൾക്കു് ശരിയായ വിധത്തിൽ നഗ്നത മറയ്ക്കുന്നതിനുപോലുമുള്ള സൌകര്യമില്ല കുട്ടികൾ പട്ടിണികൊണ്ടു് ഇപ്പോൾ തന്നെ മരിച്ചുപോയേക്കുമെന്നുള്ള അവസ്ഥയിലാണു് കഴിയുന്നതു്. മനോരമ ആ സ്ത്രീകളേയും കുട്ടികളേയും വിളിച്ചു് ആദ്യമായി അവരുടെ കൈവശമുണ്ടായിരുന്ന വസ്ത്രങ്ങളും ഭക്ഷണസാധനങ്ങളും കൊടുത്തു അതിനുശേഷം അവരുടെ ഭർത്താക്കന്മാരെ കേസ്സിൽനിന്നും വിടുവിക്കുന്നതിനുവേണ്ടി ഹൈക്കോടതിയിൽ അപ്പീൽകൊടുക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യുവരുന്നുണ്ടെന്നും, അവർ മടങ്ങിവരുന്നതുവരെ അവർക്കു് വേണ്ട സഹായങ്ങൾ എല്ലാം ചെയ്തുകൊടുക്കുന്നതാണെന്നുംപറഞ്ഞു് അവരെ സമാശ്വസിപ്പിച്ചു. അവിടെനിന്നും മടങ്ങുന്ന അവസരത്തിൽ ഇതുപോലെയുള്ള ഗ്രാമപ്രദേശങ്ങൾ ഉദ്ധരിച്ചു് മനുഷ്യസമുദായത്തെ ഉന്നമിപ്പിക്കുകയാണു് വേണ്ടതെന്നുള്ള തന്റെ അഭിപ്രായത്തെ ഭക്തജി മനോരമയെ ധരിപ്പിച്ചു.

ഗ്രാമം സന്ദർശിച്ചു് നിസ്സഹായരായ ആ കുടുംബാംഗങ്ങളെ സമാശ്വസിപ്പിച്ചതിനുശേഷം രാമനാഥനെ സന്ദർശിക്കുന്നതിനുള്ള ഉപായം അന്വേഷിക്കുകയായിരുന്നു മനോരമയുടെ അനന്തരപ്രവൃത്തി. കേസ്സിൽ തല്ക്കാലം പോലീസി

ന് വിജയം കരഗതമായെങ്കിലും, കേസ്സിൻെറ അപ്പീൽ അവധി കഴിയുന്നതുവരെ രാമനാഥനെ പുറത്തുവിടുന്നതിനും, അയാളെ ആരുമായി സന്ദർശിക്കുന്നതിനും അനുവദിക്കരുതെന്നു D. S. P. പ്രത്യേകമായി ഇൻസ്പെക്ടരെ ഏൾപ്പാടുചെയ്തിരുന്നു. അതനുസരിച്ച് ഇൻസ്പെക്ടരുടെ വസതിയോടു ഏററവും സമീപമുള്ള ഒരു ചെറുകെട്ടിടം വാടകക്കെടുത്തു് പോലീസിൻെറ മേൽനോട്ടത്തിൽ രാമനാഥനെ താമസിപ്പിച്ചിരിക്കുകയാണ്. ഭക്തജി പല ശ്രമങ്ങൾ ചെയ്തിട്ടും ആ യുവാവിനെ സന്ദർശിക്കുന്നതിനു് സാധിച്ചില്ല. അവസാനം ഒരുദിവസം മനോരമ ഇൻസ്പെക്ടരുടെ ഭാൎയ്യയെ സമീപിച്ചു് തൻെറ ഭൎത്താവിനെകണ്ടു് ചില കാൎയ്യങ്ങൾ അറിയിക്കാനുണ്ടെന്നും ആയതിലേക്കു് ഒരു സൌകൎയ്യമുണ്ടാക്കിത്തരണമെന്നും അപേക്ഷിച്ചു. ആ സ്ത്രീ തൻെറ ഭൎത്താവിൽതനിക്കുള്ള സ്വാധീനശക്തിയുപയോഗിച്ചു് പിറേറദിവസം ഇൻസ്പെക്ടരുടെ വസതിയിൽവച്ചു് മനോരമയ്ക്കു് സ്വഭൎത്താവിനെ കാണുന്നതിനുള്ള അവസരമുണ്ടാക്കിക്കൊടുത്തു. അവരുടെ വാക്കനുസരിച്ചു് മനോരമ പിറേറദിവസം ഇൻസ്പെക്ടരുടെ വസതിയിലെത്തി. ആ സമയത്തു് രാമനാഥനും അവിടെ സന്നിഹിതനായിരുന്നു. ഇരുവരും പരസ്പരം കണ്ടെങ്കിലും അവൎക്കു് ഒരു വാക്കുപോലും സംസാരിക്കുന്നതിനുള്ള ശക്തിയില്ലാതെ അവർ അജ്ഞാതരൂപത്തിൽ അശ്രുപ്രവാഹം നടത്തുകമാത്രമാണുണ്ടായതു്. ഈ നിലയിൽ അല്പനേരം കഴിച്ചതിനുശേഷം ആദ്യമായി മൌനഭഞ്ജനം ചെയ്തതു് മനോരമയായിരുന്നു.

മനോ:—നാഥ! ഏതു കാരണത്താലാണു് അങ്ങു് എന്നെ ഉപേക്ഷിച്ചു് ഇവിടെ വന്നുതാമസമാക്കിയതു്? അങ്ങ

യുടെ ഹൃദയം ഇത്ര കഠോരമായതെങ്ങിനെ? സുലോചനയ്ക്കു് കൊടുക്കേണ്ട പണത്തിന്റെ കാൎയ്യം എന്നെ ധരിപ്പിച്ചിരുന്നു എന്നുവരികിൽ ഞാൻ അപ്പോൾതന്നെ മോതിരം അവൾക്കു് കൊടുത്തു് മാനമായി കാൎയ്യങ്ങൾ തീൎക്കുമായിരുന്നല്ലൊ. അങ്ങയ്ക്കുവേണ്ടി പ്രാണനെപ്പോലും ഉപേക്ഷിക്കാൻ തയ്യാറുള്ള എന്നെ അവിടുന്നു് വിശ്വസിച്ചില്ലല്ലൊ. ആകട്ടെ വന്നതെല്ലാം വന്നു ഇനിഎങ്കിലും നാട്ടിലേക്കു പോകരുതോ!

രാമ:—ഞാനെങ്ങിനെ അങ്ങോട്ടുവരും? എന്നെ പോലീസുകാർ പിടികൂടുകയില്ലേ? അഭിമാനിയായ പിതാവിന്റെ മുഖത്തെങ്ങനെ നോക്കും?

മനോ:—എന്റെ കത്തു കിട്ടിയില്ലേ? അതിൽ എല്ലാസംഗതികളും വിശദമായി എഴുതിയിരുന്നല്ലൊ. തന്നെയുമല്ല, പണക്കുഴപ്പമുണ്ടായതു് മോഹൻദാസിനും സുലോചനയ്ക്കുമല്ലാതെ മാതാപിതാക്കന്മാൎക്കുപോലും അറിവില്ല. മോഹൻദാസ് വന്നു് എന്നെ വിവരം ധരിപ്പിച്ചയുടനെ ഞാൻ മോതിരം സുലോചനയ്ക്കു കൊടുത്തു് അവരോടു് രൂപാവാങ്ങി മോഹൻദാസിനെ ഏല്പിച്ചു. അതിനാൽ ആഫീസിൽ യാതൊരു കുഴപ്പംകൂടാതെയും പണത്തിന്റെ കാൎയ്യം മററുള്ളവർ അറിയാതെയും തന്നു. നമ്മൾ തമ്മിലോ, കുടുംബത്തിലുള്ള മററാളുകളുമായോ എന്തോ കലഹം ഉണ്ടായതിന്റെ ഫലമായ നാടുവിട്ടിരിക്കുന്നു എന്നാണു് ജനങ്ങളുടെ ധാരണ, അതുകൊണ്ടു് ഇനി നാട്ടിലേക്കുപോകാൻ മടിക്കേണ്ട ആവശ്യമൊന്നുമില്ല.

രാമ:—ജോലിഒന്നുമില്ലാതെ ഇനി അങ്ങോട്ടുവന്നാലും ജീവിക്കാൻവിഷമമല്ലെ? കൂടാതെ എനിക്ക് അടുത്തുതന്നെ ഒരു ഇൻസ്പെക്ടർജോലി കിട്ടുന്നതുമാണ്.

"ഇത്രയുംനാൾ ഈ പോലീസുകാരുടെ കളിപ്പാവയായി കഴിയാനുണ്ടായ കാരണമെന്തെ"ന്നുള്ള മനോരമയുടെ ചോദ്യത്തിനു മറുപടിയായി, രാമനാഥൻ സിനിമയ്ക്കു പുറപ്പെട്ടതു മുതൽ അതുപര്യന്തമുള്ള എല്ലാ സംഗതികളും വിശദമായി സ്വഭാര്യയെ പറഞ്ഞുകേൾപ്പിച്ചു തന്റെ പേരിൽ കേസ്സെടുക്കുകയും ദേഹോപദ്രവം ഏല്പിക്കുകയും ചെയ്യുമെന്നു ഇൻസ്പെക്ടർഭീഷണിപ്പെടുത്തിയതുകൊണ്ടും, ഇൻസ്പെക്ടരുദ്യോഗം തരാമെന്നു D. S. P. സമ്മതിച്ചതുകൊണ്ടുമാണ് പോലീസിന്നനുകൂലമായിസാക്ഷി പറയുവാനിടയായതെന്നുകൂടെ രാമനാഥനറിയിച്ചു. ഇതുകേട്ടിട്ട് ഒരുപെൺസർപ്പത്തിനെപ്പോലെ ചീറിക്കൊണ്ടു് മനോരമ തുടൻു. "ഇങ്ങനെയുള്ള ഒരു ഇൻസ്പെക്ടരുടെ ഭാര്യയായി ജീവിതം നയിക്കുന്നതിനെക്കാൾ മരണമാണ് എനിക്ക് ഏററവും സന്തോഷമായിട്ടുള്ളതു്. കള്ളസ്സാക്ഷിപറഞ്ഞു് നിരപരാധികളായ ജനങ്ങളുടെ ജീവഹാനിക്കുപോലും കാരണഭൂതനായിത്തീൎന്ന ഒരുവന്റെ പത്നീപദം അലങ്കരിക്കുന്നതിനെക്കാൾ എത്രയോ നല്ലതാണ് തെരുവുതോറും ഭിക്ഷ യാചിക്കുന്നതു്! ഏതൊരു പാപബീജമാണോ വിതച്ചിരിക്കുന്നതു് അതിനുള്ള പ്രായശ്ചിത്തം ഉടൻതന്നെ ചെയ്യാത്തപക്ഷം ആത്മഹത്യചെയ്തു് ജീവിതം നശിപ്പിച്ചു കളയു"മെന്നുകൂടി മനോരമ പറഞ്ഞപ്പോൾ രാമനാഥൻ അകപ്പാടെ വലിയ പരുങ്ങലിലായി. സ്വഭാര്യയുടെ ഇപ്രകാരമുള്ള വാക്കുകൾ കേട്ടിട്ട് രാമനാഥൻ പറഞ്ഞു,

"പോലീസുകാരുടെ വലയിൽ അകപ്പെട്ടതിനുശേഷം പരോപകാരതല്പരനായ ഭക്തജിയെ ഒരുപ്രാവശ്യം കാണുന്നതിനു പോലും അവർ എന്നെ സമ്മതിച്ചില്ല. ഇനി ഈ ആപത്തിൽനിന്നും രക്ഷനേടുന്നതിനു് നീ ഏതെങ്കിലും ഉപായം ഭക്തജിയുമായി ആലോചിച്ചു് ചെയ്യുന്നപക്ഷം ഞാൻ അതിനൊരുക്കമാണു്. സാധുക്കളായ ജനങ്ങളെ ദ്രോഹിക്കുന്നതിനു് എനിക്കു അല്പംപോലും ആഗ്രഹമുണ്ടായിരുന്നില്ല. ദേഹോപദ്രവത്തേയും മാനഭംഗത്തേയും ഭയന്നുമാത്രം ഞാൻ കള്ളസ്സാക്ഷി പറഞ്ഞുപോയതാണു്. ആദ്യം ഞാൻ അതിനു വിസമ്മതിച്ചപ്പോൾ ഇൻസ്പെക്ടർ എന്നെ പലവിധത്തിലും ഭീഷണിപ്പെടുത്തി ഭക്തജിയെക്കണ്ടു് എൻെറ അപരാധങ്ങൾ അദ്ദേഹത്തോടു് സമ്മതിക്കുകയും പ്രായശ്ചിത്തത്തിനുള്ള വഴി ആരായുകയും ചെയ്താൽകൊള്ളാമെന്നു് എനിക്കു് അതിയായ ആഗ്രഹം ഉണ്ടു്. ഞാൻ ഇപ്രകാരം ഒരു മഹാപരാധംചെയ്തുപോയല്ലോ എന്നുള്ള അറിവു് എനിക്കു് ഇപ്പോഴാണുണ്ടായതു്. മനോരമേ! എനിക്കു് അന്യരെ വഞ്ചിച്ചിട്ടുള്ള യാതൊരു ഉദ്യോഗത്തിലും ആശയില്ല. നീ പറഞ്ഞതുപോലെ ഉദ്യോഗമില്ലെങ്കിൽ ഞാൻ ഭിക്ഷ യാചിച്ചു് ജീവിതം നയിച്ചുകൊള്ളാം. എനിക്കുവേണ്ടി ഇത്രയും ക്ലേശങ്ങൾ അനുഭവിച്ച നീ ഭക്തജിയുമായി ആലോചിച്ചു് ഇതിനൊരുമാൎഗ്ഗം കണ്ടുപിടിക്കണം. ഞാൻ ചെയ്ത അപരാധത്തെക്കുറിച്ചുള്ള ഓൎമ്മ എനിക്കുണ്ടായതോടുകൂടി എൻെറ ശരീരമാസകലം വിറയ്ക്കുകയും തല കറങ്ങുകയും ചെയ്യുന്നതായി എനിക്കു തോന്നുന്നു" ഇത്രയും പറഞ്ഞിട്ടു് രാമനാഥൻ വിങ്ങിവിങ്ങി കരയാൻ തുടങ്ങി. മനോരമ സാന്ത്വനത്തോടെ ചി

നെ സാന്ത്വനവചനങ്ങളാൽ സമാശ്വസിപ്പിച്ചതിനു ശേഷം ഇൻസ്പെക്ടരുടെ ഭാര്യയോടു് യാത്രയും പറഞ്ഞു് ഭക്തജിയോടുകൂടി അവിടെനിന്നും മടങ്ങി.

---

## അദ്ധ്യായം പതിമൂന്നു്

---

പ്രഥമദർശനത്തിൽ തന്നെ രാമനാഥനെക്കുറിച്ചു് ഒരു ബഹുമാനം സുലോചനയ്ക്കു് തോന്നിയിരുന്നു. മനോരമയേയും രാമനാഥനേയും ഒരുമിച്ചു കാണുമ്പോൾ അവൾ അവരുടെ ദാമ്പത്യജീവിതത്തെപ്പററി പ്രശംസിക്കുകയും, അതേസമയത്തുതന്നെ തന്റെ ദൌർഭാഗ്യത്തെ ഓർത്തു് അജ്ഞാതരൂപത്തിൽ അശ്രുപൊഴിക്കുകയും ചെയ്തുവന്നിരുന്നു. സുന്ദരനും വിനോദപ്രിയനുമായ യുവാവുമായുള്ള നിത്യസാഹചര്യം കാംക്ഷിച്ചു മാത്രമായിരുന്നു വാസ്തവത്തിൽ സുലോചന, മനോരമയുമായി കൂടുതൽ അടുത്തതു ഇങ്ങനെ അവർ തമ്മിലുള്ള സ്നേഹം വർദ്ധിച്ചതിന്റെ ഫലമായിട്ടാണു് അവൾ രാമനാഥനെ മോതിരം വാങ്ങാൻ ഏല്പാടുചെയ്തതു്. രാമനാഥൻ പണത്തിനുവേണ്ടി അവളെ സമീപിച്ച സമയം അവൾ ഭർത്താവിനു് ഔഷധങ്ങൾ കൊടുക്കുന്നതിലും മററും വ്യാപൃതയായിരുന്നതിനാലാണു് ആ യുവാവിനെ നിരാശയോടെ മടക്കി അയച്ചതു്. എന്നാൽ രാമനാഥന്റെ പ്രത്യാഗമനം ഉണ്ടാകുമെന്നും, അപ്പോൾ അയാളെ സഹായിച്ചു് സംതൃപ്തി വരുത്തിക്കൊള്ളാമെന്നുമാണു് അവൾ കരുതിയിരുന്നതു്. രാമനാഥന്റെ അന്തർദ്ധാനത്തിനു ശേഷ

മാണു് യഥാർത്ഥസംഗതികൾ അവൾക്കും മനസ്സിലായതു്. ആ യുവാവു് അപ്രത്യക്ഷനായി എന്നുള്ള വാർത്താശ്രവണത്തിൽ തന്നെ സുലോചനയിൽ ഒരു ഭീതിയും സംഭ്രാന്തിയുമുളവായി. താൻ വലുതായ ഒരപരാധം ചെയ്തുപോയല്ലോ എന്നോർത്തു് അവൾ അത്യന്തം ദുഃഖിച്ചു. അവളുടെ ഹൃദയവ്യഥയുടെ കാഠിന്യംകൊണ്ടു്, രാമനാഥനെ അന്വേഷിച്ചു കണ്ടുപിടിക്കുന്നതിനു എത്ര പണം വേണമെങ്കിലും താൻ ചെലവാക്കിക്കൊള്ളാമെന്നു് സുലോചന സമ്മതിച്ചു. എന്നാൽ അഭിമാനത്തെ ഓർത്തു് മനോരമ അവളുടെ യാതൊരു സഹായങ്ങളും സ്വീകരിച്ചിരുന്നില്ല. മനോരമ കൽക്കത്തയിലേക്കു പുറപ്പെട്ടുന്ന അവസരത്തിൽ വക്കീൽ മനോഹരലാൽ രോഗപീഡയാൽ ശയ്യാവലംബിയായിത്തീർന്നിരിക്കയായിരുന്നല്ലോ. ഏകദേശം ഒരാഴ്ച കഴിഞ്ഞപ്പോഴേക്കു രോഗം മൂർദ്ധന്യദശയെ പ്രാപിക്കുകയും, തൽഫലമായി ഒരു ദിവസം സന്ധ്യാസമയമായതോടുകൂടി മനോഹരലാൽ തന്റെ യുവവധുവിനോടും ലോകത്തോടും അവസാനയാത്ര പറഞ്ഞു. സുലോചനയുടെ ഭാഗ്യതാരവും അസ്തമിച്ചു. അവൾ വലിയ കഷ്ടത്തിലായി. ഈ അവസരത്തിൽ അവളോടു സഹതാപം പ്രകടിപ്പിക്കുന്നതിനോ, അവളെ ഒന്നു് സമാശ്വസിപ്പിക്കുന്നതിനോ ആ ഗൃഹത്തിലുള്ള ഭൃത്യന്മാരല്ലാതെ വേറെ ഒരു വ്യക്തിപോലും ഉണ്ടായിരുന്നില്ല. കാൺപൂരിൽ വാസമാരംഭിച്ചതിനുശേഷം അവളുടെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുന്നതിനും, അവൾക്കു് അവശ്യം വേണ്ട സഹായസഹകരണങ്ങൾ നല്കുന്നതിനും ഉണ്ടായിരുന്ന ഏകവ്യക്തി മനോരമമാത്രമായിരുന്നു. ഈ ആപത്തുകാലത്തു് തന്റെ പ്രിയസഖിപോലും തന്നെ പിരിഞ്ഞുപോയതു് ദൌർഭാഗ്യത്തി

ന്റെ കൂട്ടത്തിൽതന്നെയാണല്ലോ എന്നോത്തു് അവൾ പല പ്രാവശ്യവും വാവിട്ടു ഉച്ചത്തിൽ നിലവിളിക്കുകയും നെഞ്ചത്തടിക്കുകയും മററും ചെയ്തു. അവസാനം ഭൃത്യന്മാരുടെ സഹായത്തോടുകൂടി ശവസംസ്കാരാദികമ്മങ്ങൾ നിവ്വഹിക്കപ്പെട്ടു. സുലോചനയുടെ മാതാപിതാക്കന്മാർ അവളുടെ ചെറുപ്രായത്തിൽ തന്നെ ഇഹലോകവാസം വെടിഞ്ഞിരുന്നു. വിവാഹകാലംവരെ സുലോചന ഒരു മാതുലന്റെ സംരക്ഷണയിലാണു് വളന്നിരുന്നതു്. അദ്ദേഹം തന്റെ ചുമതല ഏതെങ്കിലും വിധത്തിൽ ഒഴിക്കുവാൻ വേണ്ടിയാണു്, അവളുടെ പിതാവിനൊപ്പം പ്രായമുള്ള വക്കീൽ മനോഹരലാലിനു് അവളെ കല്യാണം കഴിച്ചുകൊടുത്തതു്. ഇതിനും പുറമെ വക്കീലിൽ നിന്നും പ്രതിഫലമായി ഒരു നല്ല സംഖ്യ വാങ്ങിക്കുകയും ചെയ്തിരുന്നു. ഈ സംഗതികൾ എല്ലാം സുലോചനയ്ക്ക അറിവുണ്ടായിരുന്നതുനിമിത്തം അവൾ ഭർത്തൃഗൃഹത്തിൽ വന്നതിനുശേഷം ആ മാതുലനു് ഒരു കത്തെഴുതുകയോ, പിന്നീടു് ആ ഗൃഹം സന്ദശിക്കുകയോ ചെയ്തിട്ടില്ല കാൺപൂരിൽ വാസമാരംഭിച്ചതോടുകൂടി അമിതമായ ഒരു സമ്പത്തിനവൾ അവകാശിയായിത്തീൻ. തന്നിമിത്തം സൌന്ദര്യസമ്പന്നമായ ശരീരത്തെ വിശേഷതരത്തിലുള്ള വസ്ത്രങ്ങളെക്കൊണ്ടും, രാജഭൂഷണങ്ങളെക്കൊണ്ടും അലംകരിക്കുന്നതിലും, ഐഹികസുഖങ്ങളെ കൂടുതലായി അനുഭവിക്കുന്നതിലുമായിരുന്നു സുലോചനയ്ക്കു് കൂടുതൽ ശ്രദ്ധയുണ്ടായിരുന്നതു് ഒരു വൃദ്ധന്റെ ഭാര്യയായിരുന്നതുകൊണ്ടും പാശ്ചാത്യപരിഷ്കാരത്തിലുള്ള അവളുടെ വിഭ്രമം കണ്ടും അയൽവാസികളായ സ്ത്രീപുരുഷന്മാർ അവജ്ഞയോടുകൂടിയാണു സുലോചനയെ വീക്ഷിച്ചുവന്നിരുന്നതു്. ഇങ്ങനെ കുസു

യാകലുഷിതരായ ജനങ്ങളുടെ ഇടയിൽ മനോരമ മാത്രമേ അവളുടെ ഒരു വിശ്വസ്തസഖിയായി ഉണ്ടായിരുന്നുള്ളൂ. ഈ ആപത്തുസമയത്ത് തൻെറ പ്രിയസഖിയുടെ സഹായവും ലഭിക്കുന്നില്ലല്ലൊ എന്നോർത്ത് അവർ അത്യന്തം ദുഃഖിക്കുകയും, ഇവിടെ വന്ന് തന്നെ സമാശ്വസിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി ഉടൻ വന്നുചേരണമെന്ന് കാണിച്ച് സുലോചന മനോരമയ്ക്ക് ഒരു കത്തെഴുതി അയയ്ക്കുകയും ചെയ്തു

ഭക്തജിയും മനോരമയുംകൂടെ കൽക്കത്തയിലെ അഭിഭാഷകരിൽ ക്രിമിനൽകേസ്സിന് ഏററവും പ്രശസ്തിനേടിയിരുന്ന രണ്ട് അഭിഭാഷകപ്രമാണികളുമായി കേസ്സിനെപ്പററി ആലോചിച്ചപ്പോൾ, ഹൈക്കോടതിയിൽ പ്രതികളെ വെറുതെ വിടുമെന്നും, ഇൻസ്പെക്ടരുടെ കുടിലതന്ത്രങ്ങൾക്കു തക്കതായ ശിക്ഷ അയാൾക്ക് ലഭിക്കുമെന്നും അഭിപ്രായപ്പെട്ടു. കേസ്സിൻെറ നടത്തിപ്പിനുവേണ്ടി ആദ്യമായിത്തന്നെ, തൻെറ ഭർത്താവ് ഉദ്യോഗാർത്ഥം കൽക്കത്തയിൽ വന്നതാണെന്നും, തല്ക്കാലം ഉദ്യോഗമൊന്നും ലഭിക്കായ്കനിമിത്തം ഒരു കച്ചവടം ആരംഭിച്ചു എന്നും, ഒരു ദിവസം സിനിമ കാണുവാൻ പോകുന്നവഴി ഇൻസ്പെക്ടരും, അനുചരന്മാരും കൂടെ അദ്ദേഹത്തിനെ ബലാൽ പിടിച്ച് പോലീസ് അധീനതയിൽ വച്ചിരിക്കുകയാണെന്നും, ഉടൻതന്നെ തൻെറ ഭർത്താവിനെ മോചിപ്പിക്കേണ്ടതാണെന്നും കാണിച്ച് മനോരമ ഭീമമായ ഒരു ഹർജി മജിസ്ട്രേട്ടിൽ കൊടുത്തു. രണ്ടാമതായി അന്യായമായി ഭർത്താവിനെ തടങ്കലിൽ വച്ചതുനിമിത്തം 6 മാസക്കാലമായി തനിക്ക് ചെലവിനു കിട്ടുന്നില്ലെന്നും, ആ നഷ്ടം ഇൻസ്പെക്ടർ തരേണ്ടതാണെന്നും കാണിച്ചു (സി

വിലയും ഒരു കേസ്സ് കൊടുത്തു. ഇതിനും പുറമേ രാമനാഥൻ മുകതനായാലുടൻ മാനനഷ്ടത്തിനും, കച്ചവടനഷ്ടത്തിനും കേസ്സ് കൊടുക്കേണ്ടതാണെന്നും അവർ തീരുമാനിച്ചു. പോലീസിനു വിപരീതമായും, കൊലക്കുററത്തിനു ശിക്ഷിച്ചവരെ സഹായിക്കുവാൻ വേണ്ടിയും, ഭക്തജിയുടെ ഉത്സാഹത്തിൽ ഒരു കമ്മററി രൂപീകരിച്ചുകൊണ്ടു് പട്ടണത്തിൽ ഒരു പണപ്പിരിവും ആരംഭിച്ചു. ഉദാരമതികളായ പൌരജനങ്ങൾ ധാരാളമായി സംഭാവന ചെയ്യുവാൻ തുടങ്ങി. ഒരാഴ്ചയ്ക്കുള്ളിൽ ഒരു ലക്ഷം ഉറുപ്പികയോളം പിരിഞ്ഞുകിട്ടി. ഈ കേസ്സ് കൽക്കത്താപട്ടണം മുഴുവൻ വ്യത്യായ ഒരു ഹാലിളക്കമുണ്ടാക്കി. കേസ്സ് ജഡ്ജിമൊഴി വിചാരണ തുടങ്ങുകയും, കൽക്കത്തയിലെ പ്രശസ്തരായ അഭിഭാഷകരിൽ പ്രതിഭാഗത്തുനിന്നും കേസ്സ് വാദിക്കുവാനാരംഭിക്കുകയും ചെയ്തതോടുകൂടി ഇൻസ്പെക്ടർ വലിയ പരുങ്ങലിയായി. മജിസ്രേട്ടിൽ കൊടുത്തിരുന്ന അപേക്ഷ അനുസരിച്ചു് രാമനാഥൻ ഉടൻതന്നെ സ്വതന്ത്രനായിത്തീർന്നു അയാൾ സ്വതന്ത്രനായതോടുകൂടി ഇൻസ്പെക്ടരുടേയും രണ്ടു കാൺസ്റ്റബിൾമാരുടേയും പേരിൽ മാനനഷ്ടത്തിനുള്ള കേസ്സ് കൊടുത്തു.

സുലോചനയുടെ സങ്കടകരമായ കത്തു് യഥാവസരം മനോരമയ്ക്കു് കിട്ടി. വക്കീൽ മനോഹരലാലിൻെറ മരണവാർത്ത അറിഞ്ഞു് അവൾ അത്യന്തം ദുഃഖിച്ചു. ഈ വിവരം ഭക്തജിയെ അറിയിച്ചപ്പോൾ ഉടൻതന്നെ കാൺപൂരിലേക്കു് പുറപ്പെടുകയാണു് ആവശ്യം എന്നുള്ള തൻെറ അഭിപ്രായത്തെ അദ്ദേഹം പ്രകടിപ്പിച്ചു. രാമനാഥനും ആ അഭിപ്രായത്തോടനുകൂലിച്ചു. മോഹനനേയും കൂട്ടിക്കൊണ്ടു് അട്ടു

ത്ത ദിവസത്തെ മെയിൽവണ്ടിക്ക് മനോരമ കാൺപൂരിലേ ക്ക് പുറപ്പെട്ടു. അവൾ അവിടെ എത്തിയ ഉടൻ ശ്വശ്രൂര നേയും ശ്വശ്രൂവിനേയും കണ്ടു് വിവരങ്ങൾ എല്ലാം ധരി പ്പിച്ചതിനുശേഷം തന്റെ സഖിയെ സന്ദർശിച്ചു് അവളെ അശ്വാസിപ്പിക്കുന്നതിലേക്കായി മനോഹരലാലിന്റെ ഗൃഹ ത്തിലേക്കു പോയി. മനോരമയെ കണ്ടയുടൻ അടക്കാൻ വയ്യാത്ത ദുഃഖത്താൽ സുലോചന വാവിട്ടു നിലവിളിക്കുക യും ഇടയ്ക്കിടെ പലതും പുലമ്പുകയും ചെയ്തുകൊണ്ടിരുന്നു. മനോരമയുടെ സാന്ത്വനവചനങ്ങളാൽ തെല്ലു് ആശ്വസി ച്ച സുലോചന ഇപ്രകാരം പറഞ്ഞു. "എനിക്കു ഇനി ഈ ലോകത്തിൽ ബന്ധുക്കളായിട്ടു ആരുംതന്നെ ഇല്ല. മരണം സംബന്ധിച്ചുള്ള ശേഷക്രിയകൾ കഴിയുന്നതുവരെ നീ എ ന്റെകൂടെത്തന്നെ താമസിക്കണം. അതു കഴിഞ്ഞാൽ ഞാനും നിന്നോടൊരുമിച്ചുപോരാം. ഈശ്വരസഹായംകൊണ്ടു് എ നിക്കു് ധനത്തിനു യാതൊരു കുറവുമില്ല. അതിനെ ലോകോപകാരപ്രദമായ കാൎയ്യങ്ങൾക്കായി ചെലവഴിച്ചു ജീ വിതശേഷം നയിക്കണമെന്നാണു് ഇനിയത്തെ എന്റെ ആഗ്രഹം. ഏകാകിനിയായി ഇവിടെ താമസിക്കുന്നതിൽ എനിക്കു തീരെ ഇഷ്ടമില്ല." മനോരമ വീണ്ടും സഖിയെ പലവിധ സാന്ത്വനോക്തികളെക്കൊണ്ടു് ആശ്വസിപ്പിക്കുക യും, കുറച്ചുദിവസം അവളുമൊരുമിച്ചു താമസിക്കാമെന്നു് സ മ്മതിക്കുകയും ചെയ്തു. മനോഹരലാലിന്റെ ശേഷക്രിയാദി കൾ യഥാവിധി നടത്തപ്പെട്ടു. സാധുക്കൾക്കു മൃഷ്ടാന്നഭോ ജനം, ബ്രാഹ്മണർ, സന്യാസിമാർ മുതലായവൎക്കു് ദാനം, ദക്ഷിണ മുതലായവ കൊടുത്തു അവരെ തൃപ്തിപ്പെടുത്തി. തദ നന്തരം പരേതന്റെ ആത്മശാന്തി വരുത്തുന്നതിലേക്കായി

പുരോഹിതന്മാരെ ക്ഷണിച്ചു വരുത്തി വേണ്ടുന്ന കർമ്മങ്ങളും ചെയ്യിച്ചു. നഗരവാസികളായ നിരവധി ജനങ്ങൾ ആ അടിയന്തിരത്തിൽ പങ്കുകൊള്ളുകയും, സുലോചന അവളുടെ കർത്തവ്യം യഥാവിധി അനുഷ്ഠിച്ചതിൽ നാട്ടുകാർ അവളെ അനുമോദിക്കുകയും ചെയ്തു. ഈവക ചടങ്ങുകളെല്ലാം നിർവ്വഹിച്ചതിനുശേഷം, വീട്ടുകാര്യങ്ങളുടെ മേലന്വേഷണത്തിന് വിശ്വസ്തനായ ഒരു ഭൃത്യനെ ഏർപ്പാടുചെയ്തിട്ട്. മനോരമയോടും, തൻെറ വേറൊരു ഭൃത്യനോടുംകൂടി സുലോചന കൽക്കത്തയിലേക്ക് യാത്രതിരിച്ചു.

സുലോചന കൽക്കത്തയിൽ എത്തിയ ഉടൻ അവരുടെ താമസസൌകര്യത്തിനായി പ്രതിമാസം മുപ്പതുറുപ്പികവാടകയുള്ളതും, ചെറുതും, എന്നാൽ മനോഹരവും, വേണ്ടത്ര സൌകര്യമുള്ളതുമായ ഒരു ഗൃഹം ഏർപ്പാടുചെയ്തു. സഖിയോടും കൂട്ടരോടുമൊരമിച്ചു അവൾ പുതിയ ഗൃഹത്തിൽ വാസമാരംഭിച്ചു സുലോചന കൽക്കത്തയിൽ വാസമുറപ്പിച്ചെങ്കിലും, തൻെറ ഭാവിജീവിതപരിപാടി ഏതുവിധത്തിലാണു കഴിച്ചുകൂട്ടേണ്ടതെന്ന് അവൾക്ക് യാതൊരു രൂപവും ഉണ്ടായിരുന്നില്ല. ഒരു ദിവസം ഇതിനെപ്പററി കേതജിയുമായി സംഭാഷണം നടത്തിയപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു. "ഈ ലോകജീവിതം സുഖദുഃഖസമ്മിശ്രമാണ്. സാധാരണക്കാർ ശാരീരികമായ സുഖത്തിലാണ് താല്പര്യം പ്രകടിപ്പിക്കാറുള്ളത്. ഐഹികസുഖത്തെ മനുഷ്യൻ എത്രമാത്രം കാംക്ഷിക്കുന്നുവോ അത്രയും അവന് ക്ലേശങ്ങളനുഭവിക്കാനിടയാകുന്നു അവൻ അനുഭവിക്കുന്ന ദുഃഖങ്ങളുടെ ഒരു നേരിയ നിഴലിനെയാണ് സുഖമായി കരുതിവരുന്നതു. ആത്മസംതൃ

പ്തിയാണ് യഥാത്ഥസുഖം. ആ സംതൃപ്തിക്കുവേണ്ടിയാണ് മനുഷ്യൻ ശ്രമിക്കേണ്ടതു്. ആശകഠം നശിക്കാത്തകാലത്തോളം സംതൃപ്തിക്കു വഴിയില്ല. ക്ഷേത്രങ്ങളിൽപോയി വിഗ്രഹാരാധന നടത്തുന്നതുകൊണ്ടോ, ഭജനകീത്തനങ്ങഠം പാടുന്നതുകൊണ്ടൊ അന്തര്യാമിയും, അവ്യക്തനുമായിരിക്കുന്ന ഈശ്വരനെ പ്രീതിപ്പെടുത്താൻ സാധിക്കുന്നതല്ല. 'ഹരിഭക്തി' എന്നു പറയുന്നതു് യഥാത്ഥത്തിൽ ലോകസേവനമാണ്. സാക്ഷാത് ഈശ്വരൻെറ മുമ്പിൽ പതിതരെന്നൊരു കൂട്ടരില്ല ഈശ്വരചൈതന്യം എല്ലാ ജീവജാലങ്ങളിലും ഒരുപോലെ പരിലസിക്കുന്നുണ്ടു്. ഈ വൈശിഷ്ട്യം ഗ്രഹിക്കുന്ന ഒരാളിനു് ഉച്ചനീചഭാവത്തിനവകാശമില്ല. പതിതരും അജ്ഞാനികളുമായ ജനങ്ങളെ ഉദ്ധരിച്ചു് അവരിൽ ജ്ഞാനപ്രകാശം പരത്തുന്ന ഒരുവനുമാത്രമേ ഈശ്വരസാക്ഷാത്കാരം ഉണ്ടാകാനവകാശമുള്ളു. ജീവജാലങ്ങളെ ഒരുപോലെ സ്നേഹിക്കുക എന്നതാണ് യഥാത്ഥപ്രേമം. ഈശ്വരനും പ്രേമസ്വരൂപനാണ്. അതുകൊണ്ടു് ഈശ്വരസേവയുടെ യഥാത്ഥരൂപം സഹജീവികളെ സ്നേഹിക്കുന്നതിലാണ് സ്ഥിതിചെയ്യുന്നതു്. ഈ തത്വം മനസ്സിലാക്കി ജീവിക്കുന്നതാണ് യഥാത്ഥ മനുഷ്യധമ്മം. എൻെറ അവസ്ഥ പറയുകയാണെങ്കിൽ ഞാൻ ഒരു കാലത്തു് ദുഷിക്കാവുന്നിടത്തോളം ദുഷിച്ചു കഴിഞ്ഞിരുന്നു. എനിക്കുണ്ടായിരുന്നധനം മുഴുവൻ ഞാൻ അധമ്മപ്രവൃത്തികഠംക്കായി വിനിയോഗിച്ചു. ആ ഭൂതകാലചരിത്രത്തിൻെറ സ്മരണഉണ്ടാകുന്നതോടുകൂടി ഞാൻ സ്വയം ലജ്ജിതനാകുകയും പശ്ചാത്താപാഗ്നിയിൽ വെന്തുരുകുകയുമാണ് ചെയ്യുന്നതു്. എൻെറ ഇപ്പോഴത്തെ ഈ ജീവിതവ്യതിയാനത്തിൽ മുമ്പൊരിക്കലും

ഉണ്ടാകാത്ത ഒരാനന്ദം ഞാൻ അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് നിസ്സ്വാത്ഥമായ ജീവിതവും, ഈശ്വരനിൽ ഉറച്ച ഭക്തിയും ഉണ്ടാകുന്നതിന്ന് നിങ്ങളെപ്പോലെയുള്ളവർ യത്നിക്കേണ്ടതാണാവശ്യം. അതിനുള്ള കഴിവും ധനസമ്പത്തും സുലോചനയ്ക്കുണ്ടെന്ന് എനിക്കറിയാം. അതു ന്യായമായ വിധത്തിൽ വിനിയോഗിക്കണമെന്നേയുള്ളു. അഭ്രുതപൂവ്മായ ഈ ഉപദേശം സുലോചനയ്ക്ക് ഒരു പ്രചോദനം നല്കി എങ്കിലും ജീവിതത്തിൻെറ സുന്ദരവശങ്ങറം യഥാത്ഥമായി അനുഭവിച്ചറിയാത്ത അവറം, ഭക്തൻെറ വാക്കുകേട്ട് പെട്ടെന്ന് മാനസാന്തരമുണ്ടാകാൻ സൌകയ്യം നല്കിയില്ല. എങ്കിലും സൽക്കമ്മങ്ങറംക്കായി ധനം ചെലവഴിക്കുന്നതിന് അവറംക്ക് സന്തോഷമാണുണ്ടായതു്.

ഈ സംഭാഷണം നടന്നതിൻെറ പിറേറദിവസംതന്നെ രാവിലെ ഭക്തജി, രാമനാഥൻ, മനോരമ, സുലോചന മുതലായവർ കൊലക്കേസ്സിലെ പ്രതികളുടെ ഗ്രാമം സന്ദശിക്കുന്നതിനായി തിരിച്ചു. അവിടത്തെ ചെറുകുടിലുകളും മലിനവസ്ത്രധാരികളായ സ്ത്രീപുരുഷന്മാരേയും, ദുഗ്ഗന്ധപൂരിതമായ സ്ഥലത്തേയും കണ്ടപ്പോറം മനുഷ്യർ ഈ രൂപത്തിലും താമസിക്കുമോ എന്നോത്തു് സുലോചന വല്ലാതെ അത്ഭുതപ്പെട്ടു. അവർ ആ ഗ്രാമം മുഴുവൻ ചുററിനടന്ന് പരിശോധിക്കുകയും, ഗ്രാമവാസികളെ വിളിച്ചുകൂട്ടി ശുചീകരണം, ഗാഹസ്ഥ്യജീവിതത്തിൽ അവർ അനുഷ്ഠിക്കേണ്ടധമ്മം മുതലായവയെപ്പററി സുലോചനയും ഭക്തജിയും ഉപദേശരൂപത്തിലും, എന്നാൽ ഫലിതസമ്മിശ്രമായും ഏകദേശം ഒരു മണിക്കൂർ അവരോട്ട് സംസാരിക്കയുണ്ടായി. ഗ്രാമീണർ

വേണ്ടവിധത്തിൽ സഹകരിക്കുന്നപക്ഷം അവരുടെ ഉന്നമനത്തിനുവേണ്ടി സർവ്വതോമുഖമായ ശ്രമങ്ങൾ ചെയ്യുന്നതാണെന്നും പറഞ്ഞപ്പോൾ ആ ഗ്രാമീണരിലുണ്ടായ ആനന്ദം വർണ്ണനാതീതമായിരുന്നു. നിഷ്കപടരും ശുദ്ധമാനസരുമായ ഗ്രാമീണർ അവരുടെ ദുഃഖകഥകൾ ഭക്തഝിയെ അറിയിക്കുകയും, അതിനു വേണ്ട നിവാരണമാർഗ്ഗങ്ങൾ ഉടൻതന്നെ ചെയ്യുന്നതാണെന്ന് അവർക്ക് ഉറപ്പു നല്കുകയും ചെയ്തതിനു ശേഷം ആ ചെറുസംഘം പട്ടണത്തിലേക്കു മടങ്ങി. അവിടെനിന്നും മടങ്ങുന്ന അവസരത്തിൽ സാംസാരികമായ സുഖഭോഗങ്ങളോട്ട് അവർക്ക് ഒരു വെറുപ്പു തോന്നുകയും, പതിതോദ്ധാരണത്തിൽ ഏർപ്പെട്ടു ജീവിതശേഷം നയിക്കണമെന്ന് അവർ ഓരോരുത്തരിലും ഒരു ചിന്ത കടന്നുകൂട്ടുകയും ചെയ്തു. ഈ അവസരത്തിൽ രമനാഥൻെറ ചിന്ത വേറൊരുവഴിക്ക് തിരിയുകയും പല പൂർവ്വസ്മരണകളും അയാളുടെ ഹൃദയത്തിൽ അങ്കുരിക്കുകയും ചെയ്തു. "ഫീസ്സ്" കൊടുക്കുവാൻ നിവൃത്തിയില്ലാതെ കാളേജു ഉപേക്ഷിച്ചപ്പോൾ, ആധുനികരീതിയിലും കുബേരകുചേലഭേദമെന്യേ ആക്കും വന്ന് അദ്ധ്യയനം നടത്തത്തക്ക സൌകര്യത്തോടുകൂടിയതുമായ ഒരു വിദ്യാമന്ദിരം സ്ഥാപിക്കുന്നതാണെന്ന് താൻ ഭീഷ്മപ്രതിജ്ഞ ചെയ്തിരുന്നു. എന്നാൽ തല്ക്കാലം അതു വിസ്മരിച്ച് ലൌകികാസക്തിമൂലം ഇഹലോകസുഖങ്ങളിൽ വ്യാമോഹിതനാകുകയാണ് ചെയ്തതു്. തൻെറ പ്രതിജ്ഞയും കർത്തവ്യവും വിസ്മരിച്ച്, വൈഷയികസുഖങ്ങളിൽ ഭ്രമിച്ച്, ഈവക അപത്തുകൾ എല്ലാം ഉണ്ടാക്കിത്തീർത്തല്ലൊ എന്നുള്ള ചിന്ത ആ യുവാവിൽ അങ്കുരിച്ചതോടുകൂടി, അതിനുള്ള പരിഹാരം ഉടൻതന്നെ ചെയ്തു തൻെറ പ്രതിജ്ഞയെ പരിപാലിക്കേണ്ടതാണെന്നുള്ള തീവ്ര

മായ ആഗ്രഹവും രാമനാഥനിൽ കടന്നുകൂടി. തൻെറ ആദശ്സാല്യത്തിനു് അനുകൂലമായ ഒരു പരിസരം ഇതുതന്നെയാണെന്നു് അയാൾക്കു തോന്നി. ഭക്തജിയും സുലോചനയും സഹായിക്കുന്നപക്ഷം ഇപ്പോൾ സന്ദശിച്ച ഗ്രാമത്തിൽതന്നെ ഒരു ആശ്രമം സ്ഥാപിക്കുന്നതിനും, താൻ സ്വപ്നംകണ്ട വിധത്തിലുള്ള ഒരു ധമ്മവിദ്യാപീഠം നടത്തിക്കൊണ്ടു പോകുന്നതിനും സാധിക്കുന്നതാണെന്നു് ആ യുവാവു് സങ്കല്പിച്ചു" ഈ ഉദ്ദേശം അയാൾ സുലോചനയെ അറിയിച്ചപ്പോൾ അവൾ രാമനാഥൻെറ ഇഷ്ടാനുസരണം പ്രവത്തിക്കുന്നതിനു് ഒരുക്കമാണെന്നും, ഉടൻതന്നെ അതിൻെറ നടത്തിപ്പിലേക്കു് ഉത്സാഹിച്ചുകൊള്ളുവാൻ പറയുകയും, അതിൻെറ നടത്തിപ്പിലേക്കു് ആവശ്യമുള്ള ധനം അപ്പോഴപ്പോൾ തന്നോടു വാങ്ങിക്കൊള്ളുന്നതിനും അവൾ രാമനാഥനോടു് പറഞ്ഞു.

---

## അദ്ധ്യായം ൧൮.

---

ഹൈക്കോടതിയിൽ കേസ്സ്വിചാരണ ആരംഭിച്ചതോടുകൂടി ഇൻസ്പെക്ടരുടെ കാര്യം ശോചനീയമായിത്തീൻ. കേസ്സിലെ പ്രതികൾ ഏററവും ദരിദ്രരും, ഹീനജാതിയിൽ പെട്ടവരുമാകകൊണ്ടു്, പണം ചെലവാക്കി കേസ്സ് അപ്പീൽ കൊടുക്കുവാൻ ഒരുങ്ങുകയില്ലെന്നാണു് ഇൻസ്പെക്ടർ കരുതിയിരുന്നതു്. കൽക്കത്തയിലെ സുപ്രസിദ്ധരായ രണ്ടു അഭിഭാഷകപ്രമാണികൾ കേസ്സുവാദിക്കുവാനൊരുമ്പെട്ടപ്പോൾതന്നെ കേസ്സിനു വേണ്ടത്ര പിൻബലമുണ്ടെന്നും, താൻ കുരുക്കിലാക്കി വച്ചിരുന്ന രാമനാഥൻ സാമാന്യനായ ഒരു വ്യ

ക്തിയല്ലെന്നും ഇൻസ്പെക്ടർക്ക് ബോദ്ധ്യമായി. ആദ്യത്തെ വിചാരണ കഴിഞ്ഞയുടൻ അയാൾ D S. P-യെ സമീപിച്ച് കേസ്സിൻെറ സ്ഥിതിഗതികളെല്ലാം ധരിപ്പിച്ചു. താൻ കഴിയുന്നത്ര സഹായങ്ങൾ ചെയ്തുതരുന്നതാണെന്ന് തല്ക്കാലം D. S. P. സമാധാനം പറഞ്ഞയച്ചു കേസ്സ് ഒന്നല്ല, മൂന്നാണ്. മാനനഷ്ടത്തിനു അയാൾ ആവശ്യപ്പെട്ടിരിക്കുന്ന സംഖ്യ കൊടുക്കണം. കളവടനഷ്ടം കൊടുക്കണം. ഈവക വിചാരങ്ങൾ ഇൻസ്പെക്ടറിൽ കടന്നുകൂടിയതോടുകൂടി ആ സാധുവിൻെറ കാര്യം വലിയ പരുങ്ങലിലായി എന്നേ പറയേണ്ടു. കേസ്സുവിസ്താരം മുറയ്ക്കു ആരംഭിച്ചതോടുകൂടി ദിവസേന കോടതിവളപ്പിലും പരിസരങ്ങളിലുമായി നിരവധി ജനങ്ങൾ തിങ്ങിക്കൂടിക്കൊണ്ടിരുന്നു. കൽക്കത്തയിൽ ഭക്തജിയോടുകൂടി ആഗതനായതും, ഭാര്യ, തന്നെ കണ്ടുപിടിക്കുന്നതിനുവേണ്ടി പത്രത്തിൽ ചതുരംഗപ്രശ്നം പരസ്യം ചെയ്തതും സിനിമയ്ക്ക് പോയതുമുതൽ ഇൻസ്പെക്ടരുടെ വസതിയിൽ നിന്നും മുക്തനായതുവരെയുള്ള സംഗതികളെ കാണിച്ചും ഒരു വിവരണപ്പത്രിക വക്കീൽമുഖാന്തിരം രാമനാഥൻ കോടതിയിൽ ഹാജരാക്കി. ആ സംഗതികളെ അടിസ്ഥാനമാക്കി ഇൻസ്പെക്ടരെ വിസ്തരിക്കാൻ തുടങ്ങിയപ്പോഴേക്കും, അയാളുടെ ശരീരം വിയർത്തൊഴുകുന്നതും, അയാൾ നിന്ന് നക്ഷത്രം എണ്ണുന്നതും കാണേണ്ട ഒരു കാഴ്ചതന്നെയായിരുന്നു. കേസ്സുവിസ്താരമെല്ലാം അവസാനിച്ചു. പ്രതികൾ നിർദ്ദോഷികളും, കേസ്സ് ഇൻസ്പെക്ടരുടേയും കൂട്ടരുടേയും കൃത്രിമത്തിൻെറ ഫലമാണെന്നും ജഡ്ജി വിധി പ്രസ്താവിച്ചു. പ്രതികൾ മുക്തരായി കോടതിയിൽനിന്നും പുറത്തിറങ്ങിയ ഉടനെ ജനസഞ്ചയം ഹർഷാരവങ്ങൾ മുഴക്കുകയും, അവരെ പുഷ്പ

മാല്യങ്ങൾ അണിയിച്ചു് പട്ടണത്തിലെ നാനാതെരുവീഥികളിൽക്കൂടെയും വലുതായ ഒരു ഘോഷയാത്ര നടത്തുകയും ചെയ്തു. ഭക്തജി, രാമനാഥൻ, മനോരമ മുതലായവൎക്കു് ഇപ്പോഴാണു് മനസ്സിനു ഒരുവിധം സമാധാനമുണ്ടായതു്. പ്രതികളെല്ലാം ഭക്തജിയോടും, രാമനാഥനോടും അവൎക്കുള്ള നന്ദിയെ പ്രകടിപ്പിച്ചുകൊണ്ടു് അവർ അവരുടെ ഗൃഹങ്ങളിലേക്കുപോയി. ഭക്തജിമുതലായവരുടെ സന്ദൎശനാനന്തരം ഗ്രാമത്തിനുണ്ടായ പരിവൎത്തനവും, അജ്ഞാതരായ ആളുകളിൽനിന്നും ബന്ധുജനങ്ങൾക്കു് ലഭിച്ച ആനുകൂല്യങ്ങളും പ്രതികൾക്കു് മനസ്സിലായി. തൽഫലമായി അവരുടെ ഹൃദയത്തിൽ പെട്ടെന്നു് ഒരു പരിവൎത്തനം സംഭവിച്ചതുപോലെ തോന്നി. കേസ്സിലെ പ്രതികൾക്കും മനോരമ മുതലായവൎക്കും മനസ്സമാധാനമുണ്ടായെങ്കിലും ഇൻസ്പെക്ടരും കൂട്ടരും ഇപ്പോഴും പരുങ്ങലിലാണു്. കൊലക്കേസ്സിൽനിന്നും ഒരുതരം താഴ്ത്തലോടുകൂടി രക്ഷപ്പെട്ടു എന്നുവരികിലും, അതിനെത്തുടൎന്നുള്ള രാമനാഥന്റെ മാനനഷ്ടക്കേസ്സിൽനിന്നും മുക്തിനേടുന്നതിനുള്ള ഉപായം കാണാതെ ഉഴലുന്ന ഇൻസ്പെക്ടർ അവസാനം ഭക്തജിയേയും, രാമനാഥനേയുംതന്നെ അഭയംപ്രാപിച്ചു. ഇൻസ്പെക്ടരെ മിക്കവാറും ഉദ്യോഗത്തിൽനിന്നുതന്നെ പിരിച്ചയച്ചേക്കുമെന്നു തോന്നുകയും, അങ്ങനെയാണെങ്കിൽ ഒരു കുടുംബംമുഴുവൻ ദാരിദ്ര്യദേവതയുടെ കരാളവക്ത്രത്തിൽ പെട്ടുപോകുമെന്നു് മനസ്സിലാക്കുകയും ചെയ്തതിനാൽ അപ്രകാരമുള്ള ഒരു പരിതഃസ്ഥിതിയിൽനിന്നും ഇൻസ്പെക്ടരെ ഒഴിവാക്കണമെന്നു് സൌജന്യമനസ്കരായ അവർ തീരുമാനിച്ചു. കേസ്സുകൾ രണ്ടും പിൻവലിച്ചു് ഇൻസ്പെക്ടരെ രക്ഷപ്പെടുത്തി. അന്നുമുതൽ ഭക്തജിയേയും രാമനാഥനേയും

കുറിച്ചുള്ള പ്രശസ്തി നാട്ടുമുഴുവൻ പരന്നു. ഈ ഉദാരമായ പ്രവൃത്തികൾമൂലം ഇൻസ്പെക്ടരിലും ചില പരിവത്തനങ്ങൾ ഉണ്ടാകാതിരുന്നില്ല യഥാൎത്ഥ രാജ്യസേവനം ഔദ്യോഗികജീവിതത്തിൽ എപ്രകാരമാണു് അനുഷ്ഠിക്കേണ്ടതെന്നു് അയാൾക്കു് ബോദ്ധ്യമായി. നീതിപരിപാലനത്തിൻെറ മാൎഗ്ഗങ്ങൾ കുതന്ത്രങ്ങളും നീചനടപടികളുംകൊണ്ടല്ലെന്നും, പ്രത്യുത, ബുദ്ധിപൂർവ്വവും ആലോചനാപരവുമായ പ്രവൎത്തനങ്ങൾകൊണ്ടാണെന്നും അയാൾക്കനുഭവപ്പെട്ടു.

പൂർവ്വനിശ്ചയമനുസരിച്ചു് ആശ്രമസ്ഥാപനത്തിനുവേണ്ടി ഗംഗാതീരത്തും 'ചമാർ'ജാതിക്കാർ നിവസിക്കുന്നതിനു സമീപവുമായി, സുലോചന അൻപതു് ഏക്കർ ഭൂമി വിലയ്ക്കു വാങ്ങിച്ചു. അതിൽ മനോഹരമായ ഒരാശ്രമവും ആശ്രമത്തോടു സമീപിച്ചുതന്നെ ഗ്രാമീണരായ ബാലികാബാലന്മാൎക്കു് സൗകൎയ്യമായി അദ്ധ്യയനം നടത്തുന്നതിനുള്ള വിശാലമായ ഒരു വിദ്യാമന്ദിരവും പണികഴിപ്പിച്ചു. നെയ്ത്തു് നൂൽനൂൽപ്പു്, തുന്നൽപണി, ഗോപാലനം ഇന്നിവകൾക്കു് സൗകൎയ്യപ്പെടത്തക്കവണ്ണം രണ്ടു മൂന്നു ചെറു കെട്ടിടങ്ങളും, ആശ്രമത്തിലെ പ്രവൎത്തകരുടെ താമസസൌകൎയ്യത്തിനുള്ള ചില ചെറുഭവനങ്ങളും പണികഴിപ്പിച്ചശേഷം ബാക്കിയുള്ള സ്ഥലം കൃഷിത്തോട്ടത്തിനും, പലവിധ വൃക്ഷലതാദികൾ നട്ടുപിടിപ്പിച്ചു് ഉദ്യാനമാക്കുന്നതിനും ഉപയോഗിച്ചു. വിദ്യാമന്ദിരത്തിൻെറ സകല ചുമതലകളും രാമനാഥനിലും സുലോചനയിലും നിക്ഷിപ്തമായി ആശ്രമവും മററു വിഭാഗങ്ങളും മനോരമയുടേയും യശോദയുടേയും നേതൃത്വത്തിൻകീഴിലും നടന്നുവന്നിരുന്നു. ഭക്തജി ഒരു പുരോഹിതൻെറ നിലയിൽ സൎവ്വോപരി ഒരുപദേഷ്ടാവായി കഴിഞ്ഞു. ദരിദ്രരും അനാ-

ഥരുമായ ബാലികാബാലന്മാരെ വിദ്യാലയത്തിൽ ചേർത്ത് അവരെ ആശ്രമത്തിൽത്തന്നെ താമസിപ്പിക്കുകയും, വിദ്യാഭ്യയനത്തോടുകൂടിത്തന്നെ, ഭാവിയിൽ അവരെ സ്വാശ്രയ ശീലരാക്കത്തക്കവണ്ണമുള്ള പദ്ധതി അനുസരിച്ച് കൈത്തൊഴിൽ, കൃഷി മുതലായവയും അഭ്യസിപ്പിക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്തു ആശ്രമം ഒരു നല്ല നിലയിൽ പ്രവർത്തനമാരംഭിച്ചതോടുകൂടി, പട്ടണത്തിൽനിന്നും യോഗ്യന്മാരും, പൊതുക്കാര്യപ്രസക്തരുമായ സ്ത്രീപുരുഷന്മാരെ ചേർത്തു ഒരു കമ്മററി രൂപീകരിക്കുകയും, അവരുടെ സദുപദേശങ്ങൾ അനുസരിച്ച് പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. ഭക്തജി അവസാനം ശേഷിച്ച തന്റെ സമ്പത്തായ ഗൃഹത്തെ വിററു ആ ധനം ആശ്രമത്തിനു് സംഭാവനചെയ്ത ശേഷം ആശ്രമത്തിൽതന്നെ സ്ഥിരവാസമുറപ്പിച്ചു. രാമനാഥന്റെ പിതാവു് പെൻഷൻ പററിയതോടുകൂടി, അനന്തര ജീവിതം ഈശ്വരഭജനത്തിൽ ചെലവഴിച്ച് ആത്മസംതൃപ്തി അടയണമെന്നുള്ള ഉദ്ദേശത്തോടുകൂടി അദ്ദേഹവും കുടുംബസഹിതം ആശ്രമത്തെ അഭയംപ്രാപിച്ചു ആശ്രമത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായതോടുകൂടി പല ഉദാരമതികളും ഗണ്യമായ തുക സംഭാവന ചെയ്യുകയും, തന്മൂലം ആശ്രമത്തിന്റെ ധനസ്ഥിതി ദൈനംദിനം വർദ്ധിക്കുവാൻ തുടങ്ങുകയും ചെയ്തു ഇങ്ങനെ ആ "സേവാശ്രമം" ആരേയും ആകർഷിക്കത്തക്കവിധത്തിൽ ആദർശപരവും ഉപകാരപ്രദവുമായ ഒരു സ്ഥാപനമായി പ്രശോഭിച്ചുവന്നു കൊലക്കേസ്സിലെ പ്രതികൾ, പോലീസ് ഇൻസ്പെക്ടർ മുതലായവർപോലും ഈ ആശ്രമത്തിലെ നിത്യസന്ദർശകരായിത്തീർന്നു എന്നുള്ള കാര്യവും പ്രത്യേകം പ്രസ്താവ്യമാണു്.

ആശ്രമപ്രവത്തനം കാര്യക്ഷമമായിത്തീന്നതോടുകൂടി രാമനാഥൻ, സുലോചന മുതലായവരുടെ ശ്രദ്ധ ഗ്രാമോദ്ധാരണത്തിൽ കേന്ദ്രീകരിച്ചിരുന്നു. സമീപമുള്ള ചമാർഗ്രാമം ആഴ്ചയിൽ രണ്ടുദിവസംവീതം സന്ദർശിച്ചു, ശുചീകരണത്തെപ്പററിയും, ഗാർഹസ്ഥ്യജീവിതം വിജയപ്രദമാക്കിത്തീക്കുന്നതിനു് അവർ അനുഷ്ഠിക്കേണ്ട സംഗതികളെപ്പററിയും പ്രഭാഷണങ്ങൾ നടത്തിവന്നിരുന്നു. തൊഴിൽപരമായി അവക്കു വേണ്ടുന്ന പ്രോത്സാഹനങ്ങൾ നല്കുന്നതിലേക്കായി സാരമായ ധനസഹായംചെയ്തു, അവരുടെ കുട്ടികളെ ആശ്രമത്തിൽകൊണ്ടുവന്നു് താമസിപ്പിച്ചു് വിദ്യാസമ്പന്നരാക്കുന്നതിനും ഉത്സാഹിച്ചുവന്നു. ഇതിനും പുറമെ അജ്ഞാനാന്ധകാരത്തിൽ മുഴുകി ഒരു മൃഗീയജീവിതം നയിച്ചുവന്നിരുന്ന അവക്കു് ആദ്ധ്യാത്മികരഹസ്യങ്ങളെപ്പററിയും കൂടെക്കൂടെ ഉപദേശങ്ങൾ നല്കിവന്നിരുന്നു. ആശ്രമത്തിലുള്ള പ്രാത്ഥനാമന്ദിരത്തിൽ പ്രാത്ഥനാസമയത്തു് അവരെക്കൂടെ പങ്കുകൊള്ളിക്കുന്നതിനും പുറമെ, ആത്മീയമായ അവരുടെ ഉന്നതിയെ ലാക്കാക്കി അവക്കു് നിത്യവും ഈശ്വരാരാധന നടത്തത്തക്ക സൌകര്യത്തിൽ ആ ഗ്രാമത്തിൽതന്നെ ഒരു പ്രാത്ഥനാമന്ദിരവും പണികഴിപ്പിച്ചു ഒരു ചുരുങ്ങിയ കാലത്തിനുള്ളിൽ ആ ഗ്രാമത്തിൽ മദ്യപാനം ചെയ്യുന്നവരോ, ദാരിദ്ര്യം അനുഭവിക്കുന്നവരൊ നിശ്ശേഷം നീങ്ങിയെന്ന നിലയിലായി. അവരുടെ കുട്ടികളും ഉത്സാഹത്തോടും, ശുചിയോടുംകൂടെ മററു കുട്ടികൾക്കു് ഒപ്പം വിദ്യാഭ്യാസം നടത്തുകയും, ഗ്രാമീണക്കും ഐഹികസുഖങ്ങൾ ഉച്ചനീചഭേദംകൂടാതെ അനുഭവിക്കാനുള്ള സൌകര്യം ലഭിക്കുകയും ചെയ്തു. സുലോചന രാമനാഥൻ മുതലായവരോടു് അവക്കുള്ള ഭക്തിയും ബ

ഹുമാനവും നാൾക്കുനാൾ വൎദ്ധിക്കുകയും, അവരെ ഉദ്ധരിക്കാൻവേണ്ടി ഈശ്വരൻ അയച്ച പ്രതിനിധികളാണെന്നുപോലുമുള്ള വിശ്വാസം ഗ്രാമീണരിൽ ഉറയ്ക്കുകയും ചെയ്തു.

---

## അദ്ധ്യായം ൧൭.

---

രാമനാഥനുമായുള്ള കൂടുതൽ സാഹചൎയ്യത്തിനുള്ള അവസരം ലഭിച്ചതോടുകൂടി സുശീലാപനയിൽ അന്തൎഭൂതമായിക്കിടന്നിരുന്ന ഭൌതികവാസന, ചാമ്പലിൽ പൊതിഞ്ഞുകിടക്കുന്ന തീക്കനൽ വായുസമ്പൎക്കം മററാലെന്നതുപോലെ പ്രജ്ജ്വലിതമായി. യൌവ്വനവതിയും വിദ്യാസമ്പന്നയുമായ അവൾക്ക് വൃദ്ധനായ തന്റെ ഭൎത്താവിനെ അത്യന്തം രോഗശയ്യയിൽവച്ചു കാണാനെ സാധിച്ചിട്ടുള്ളു. സ്ത്രീ എത്രതന്നെ നിയന്ത്രണശീലം പരിപാലിച്ചാലും, പലവിധ ത്യാഗങ്ങൾക്ക് വിധേയയായിരുന്നാലും, യൌവ്വനയുക്തനും സുന്ദരനുമായ പുരുഷനോടുകൂടി നിത്യസാഹചൎയ്യത്തിന് സൌകൎയ്യം ലഭിക്കുന്നപക്ഷം വഴിപിഴച്ചുപോകുക എന്നതു് ചിലപ്പോൾ സംഭവിച്ചു എന്നുവരാം. സ്വതേ രാമനാഥന്റെ സൌന്ദൎയ്യസമ്പത്തിൽ അഭിനിവേശം ജനിച്ചിരുന്ന അവൾക്ക് അയാളുമായുള്ള നിത്യസമ്പൎക്കംമൂലം മനസ്സിന് ചാഞ്ചല്യം സംഭവിക്കുകയും, തൽഫലമായി സ്ത്രീസഹജമായ ചില അസ്വാസ്ഥതകളുളവാകുകയും, ഹാവഭാവാദികളെക്കൊണ്ടു് ആ യുവാവിനെ തന്നിലേക്കു കൂടുതൽ ആകൎഷിക്കുകയും ചെയ്തു. യുവാവായ രാമനാഥനും ഭാവിഫലങ്ങളെപ്പററി ഒന്നുംതന്നെ ചിന്തിക്കാതെ അവളുടെ ഇഷ്ടത്തിനു വിധേയനായി

തീരേണ്ടിവന്നു. ഇഷ്ടസഖിയെ വേദനിപ്പിക്കുമല്ലോ എന്നുള്ള വ്യഗ്രത അവളെ ചിലപ്പോഴൊക്കെ അതിൽനിന്നും പിന്തിരിപ്പിക്കാതിരുന്നില്ല. എന്നാൽ രാമനാഥൻെറ സംസ്കാരശൂന്യതയും, ഏകാന്തതയിലുള്ള സാഹചര്യവും, യൌവ്വനദശയുടെ ഉന്മാദകഭാവവുംകൂടി സമ്മേളിച്ചപ്പോൾ ന്യായാന്യായവിവേചനശക്തിക്ക് സ്ഥാനമില്ലാതായി. എന്നാൽ സാംസാരികസുഖങ്ങളോട്ട് വലിയ പ്രതിപത്തി ഇല്ലാതേയും ലോകസേവനത്തെ പ്രധാനജീവിതോദ്ദേശമായും കരുതി ദിനങ്ങൾ പോക്കിവന്ന മനോരമയ്ക്ക് രാമനാഥൻെറയും സുലോചനയുടെയും പെരുമാററങ്ങളിൽ സ്ത്രീസഹജമായ ചില സംശയങ്ങൾ ജനിക്കുകയും, അവർ രഹസ്യമായി യഥാർത്ഥസ്ഥിതി അറിയുവാൻ ശ്രമിക്കുകയും ചെയ്തുവന്നിരുന്നു. ഒരു ദിവസം ഒരു നല്ല ചന്ദ്രികയുള്ള രാത്രി. ചന്ദ്രൻ തൻെറ അമൃതകിരണങ്ങളെ പൊഴിച്ച് ലോകത്തിനു സന്തോഷത്തെയും കുളൂർമയേയും പ്രദാനംചെയ്തുകൊണ്ടിരുന്നു. കുസുമസ്പർശിയായ മന്ദപവനൻ എങ്ങും വീശിക്കൊണ്ടിരുന്നു. ആശ്രമത്തിലുള്ള ഉദ്യാനത്തിൽ ആരോ രണ്ടുപേർ സൈ്വരവിഹാരം ചെയ്തുകൊണ്ടിരിക്കുന്നു. ഈ സമയത്ത് ഉദ്യാനത്തിലിരുന്നു് നർമ്മസല്ലാപാദികൾ നടത്തുന്നതാരായിരിക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടി മനോരമ ഉദ്യാനത്തിലേക്കുപോയി. അപ്പോൾ അവിടെക്കണ്ട കാഴ്ച മനോരമയെ സ്തബ്ധയാക്കിത്തീർത്തു. രാമനാഥൻ സുലോചനയുമൊരുമിച്ചു അവിടെ ഇരിക്കുന്നു. തൻെറ ഹൃദയനാഥൻ ഇപ്രകാരമൊരു സാഹസത്തിനു വിധേയനായല്ലോ എന്നോർത്ത ക്ഷണത്തിൽതന്നെ പെട്ടെന്നൊരന്ധകാരം അവളുടെ ചുററും വ്യാപിക്കുന്നതുപോലെ തോന്നി. അല്പനേരം അവൾ അസ്തപ്രജ്ഞയായി അവിടത്തന്നെ

നിന്നു. അവളുടെ ജീവിതാരാമത്തിൽ സുരഭിലസുന്ദരമായി ദർശിച്ച പുഷ്പങ്ങൾ കണ്ടകാകീർണ്ണമാണെന്നു് ആ ക്ഷണത്തിലാണു് അവൾക്കു് മനസ്സിലായതു് ഇനി ഈ മെയ്യ് തലോടുവാൻ ആ കരങ്ങളെ അനുവദിക്കുകയില്ലെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി ഒരു ഭ്രാന്തിയെപ്പോലെ അവൾ അവിടെനിന്നും പെട്ടെന്നു് അപ്രത്യക്ഷയായി. അവൾ ചെന്നുചേന്നതു് സമീപവർത്തിനിയായ പവിത്രഗംഗാതീരത്തായിരുന്നു.

പതിവനുസരിച്ചു് ആശ്രമപരിസരങ്ങളിൽ ചുററിനടക്കുന്ന ഭക്തജിക്കു് നദീതടത്തിൽ അല്പം അകലെയായി ഒരു ശബ്ദം കേൾക്കാനിടയായി. അപ്രതീക്ഷിതമായ ഈ ശബ്ദം എന്തെന്നറിയുവാൻ ഭക്തജി ഉടൻതന്നെ അവിടെ എത്തി. നദീജലത്തിൽ ആരോ ഒരാൾ പൊങ്ങുകയും താഴുകയും ചെയ്യുന്നതുകണ്ടു്, അപത്തിൽപ്പെട്ട ആളിനെ രക്ഷിക്കുവാൻ വേണ്ടി ഉടൻതന്നെ നദിയിൽചാടി ആ ശരീരത്തെ നിഷ്പ്രയാസം മുങ്ങിയെടുത്തുകൊണ്ടു് ഭക്തജി കരയ്ക്കുവന്നു. പൂനിലാവെളിച്ചത്തു് ആ മൃദുമെയ്യ് സൂക്ഷിച്ചുനോക്കിയപ്പോൾ മനോരമയാണെന്നു് അനുഗ്രഹത്തിനു് മനസ്സിലായി അദ്ദേഹം അന്ധാളിച്ചു് അല്പനേരം നിന്നുപോയി എങ്കിലും, ശ്വാസഗതി അവസാനിച്ചിട്ടില്ലെന്നറിഞ്ഞപ്പോൾതന്നെ ചില പ്രഥമശുശ്രൂഷകൾ ചെയ്തു് അവൾക്കു് ബോധമുണ്ടാക്കി. ഈ സാഹസത്തിനു് മുതിന്നതെന്താണെന്നു് ചോദിച്ചപ്പോഴാണു് ഭക്തജിക്കു് കാര്യം മനസ്സിലായതു് അദ്ദേഹം ഒരു ചെറുമന്ദസ്മിതത്തോടുകൂടി ഇപ്രകാരം പറഞ്ഞു "മകളെ! യൌവ്വനകാലത്തു് മനുഷ്യസഹജമായ ചാപല്യങ്ങൾ ചിലപ്പോൾ നിയന്ത്രണാധീനമല്ലെന്നുവരാം. ചുരുക്കം ചിലക്കു് അതു് സാധിച്ചു എന്നു വന്നേക്കാം. ഇതിനെല്ലാം നാം

അറിയുന്നതിലപ്പുറമായി ചില ഹേതുക്കൾ ഉണ്ട്. ഭർത്തൃജീവിതത്തിൽ സംതൃപ്തിയടയാത്ത സുലോചനയുടെ വാസന നിശ്ശേഷം നശിച്ചിട്ടില്ല അതിനൊരവസരം അവൾക്ക് ഇപ്പോൾ ലഭിച്ചുവെങ്കിൽ അതും ഈശ്വരേച്ഛിതമാണെന്നു കരുതി സമാധാനിക്കുക. സുലോചനയുടെ ഇപ്പോഴത്തെ ജീവിതചര്യയിൽനിന്നും ഒരു നവലോകത്തെ ആസ്പദമാക്കി പ്രയാണം ചെയ്യാനുള്ള മനോഭാവമാണു് ഉള്ളതെന്നു് എനിക്കറിവുണ്ട്. നിൻെറ കർമ്മശിഷ്ടം ഇതോടെ അവസാനിച്ചു എന്നു് ആശ്വസിക്കുക. ഭഗവദ്ഭക്തി ഉറച്ച നീ ഇത്തരം വ്യാമോഹങ്ങൾക്കു് അടിമപ്പെടരുതു്. ഇനിയുള്ള ജീവിതമെങ്കിലും ആ ജഗദീശ്വരങ്കൽ അർപ്പിച്ചു മുക്തിയടയുവാൻ ശ്രമിക്കുക. രാമനാഥനാണെങ്കിൽ അവൻെറ കർമ്മം ഇനിയും അവസാനിച്ചിട്ടില്ല പക്ഷെ, ജന്മാന്തരമിനിയും ഒന്നു വേണ്ടിവന്നേക്കാം അതാണു് ഈ ചാപല്യത്തിനു് അവനെ പ്രേരിപ്പിച്ചതു്. അതുകൊണ്ടു് സംസ്കാരസമ്പന്നയായ നീ അവരോടു് വിദ്വേഷം ഭാവിക്കരുതു്. ആത്മഹത്യക്കു് മുതിരുന്നതു് പാപകരമാണു്. അചഞ്ചലമായ ഈശ്വരഭക്തികൊണ്ടു് ഏതൊരാപത്തും താനെ ഒഴിഞ്ഞുപോകുമെന്നു് വിശ്വസിക്കുക പാപം ചെയ്യുന്നവരെല്ലാലും മുക്തരാക്കുന്നതിനു് ഈ വിശ്വാസം നമ്മെ സഹായിക്കും. അതുകൊണ്ടു് സർവ്വം ക്ഷമിച്ചു് അവർക്കു് മാപ്പുനല്കുക. ഈശ്വരൻ നിന്നെ അനുഗ്രഹിക്കും. ഈ കാര്യം മററാരുമറിയാനിടയാകാതെ നീ സമാധാനമായി കഴിയുക. ഇത്തരം പ്രവൃത്തികൾ നമ്മുടെ ആശ്രമത്തിൻെറ സൽപേരിനു് തീരാകളങ്കമാകും എന്നുള്ളതു് നീ തീരെ വിസ്മരിച്ചുപോയി അല്ലെങ്കിൽ ഈ സാഹസത്തിനു് ഒരുമ്പെട്ടുകയില്ലായിരുന്നു.

ഭക്തജിയുടെ വാക്കുകൾ സശ്രദ്ധം ശ്രവിച്ചുകൊണ്ടിരുന്ന മനോരമയ്ക്കു് ജ്ഞാനോദയം ഉണ്ടാകുകയും അവൾ പ്രശാന്തമായ മനോഭാവത്തോടുകൂടി ആശ്രമത്തിലേക്കു് യാത്രയാകുകയും ചെയ്തു. പിറേറദിവസംമുതൽ അവൾ ഈശ്വരഭജനത്തിൽ ദൃഢവ്രതയായിത്തീർന്നു. അടുത്തദിവസംതന്നെ ഭക്തജി സുലോചനയെ വിളിച്ചു് കാര്യഗൗരവമായി ചില ഉപദേശങ്ങൾ ചെയ്തു. അവൾക്കും അവളുടെ തെററു് മനസ്സിലായി. ക്ഷണികമായ സുഖത്തെ അഗ്രഹിച്ചു് മനുഷ്യർ വലുതായ ആപത്തിനെ സൃഷ്ടിക്കുന്നു എന്നുള്ള ബോധം സുലോചനയ്ക്കു് ഉണ്ടായതോടുകൂടി അവൾ രാമനാഥനുമായുള്ള വേഴ്ച ക്രമേണ മാററുകയും സാന്മാർഗ്ഗികമായ ജീവിതത്തിലേയ്ക്കു് കൂടുതൽ ശ്രദ്ധപതിപ്പിക്കുകയുംചെയ്തു. മനുഷ്യർക്കു് തെററു പററുമെന്നും, എന്നാൽ ആ തെററു് അവർക്കുതന്നെ തീർക്കാൻ സാധിക്കുമെന്നും, സുലോചനയുടെയും രാമനാഥൻെറയും അനന്തരജീവിതം ലോകത്തിനു് അനുഭവമായി. ഇങ്ങനെ കർമ്മകുശലരും, ഭഗവദ്ഭക്തരുമായിത്തീർന്ന ആ ആശ്രമവാസികൾ സൽക്കർമ്മനിരതരായി ലോകസേവനത്തിൽ ബദ്ധശ്രദ്ധരായി പരിപാവനമായ ജീവിതം നയിച്ചു് ആനന്ദമടഞ്ഞു. ലോകത്തിനു് ആദർശപരമായും കൽക്കത്താനിവാസികളുടെ ആരാധ്യമന്ദിരമായും "സേവാശ്രമം" നിസ്തുല്യകീർത്തിയോടുകൂടി നിതരാം പ്രശോഭിച്ചുകൊണ്ടിരിക്കുന്നു.

---

Printed at the V. V. Press, Quilon.

# ഞങ്ങളുടെ പുത്തൻ പ്രസിദ്ധീകരണങ്ങൾ.

| | | | |
|---|---|---|---|
| പ്രേമപ്രവാഹം അഥവാ ലീല യു. കെ. ശങ്കരമേനോൻ | 2 | 8 | 0 |
| നവകാന്തി—എൻ. ആർ. നായർ (പദ്യം) | 1 | 4 | 0 |
| മദിരോത്സവം—ചങ്ങമ്പുഴ (വർണ്ണചിത്രങ്ങളോടുകൂടിയത്) | 2 | 0 | 0 |
| സാന്ധ്യരാഗം—എൻ. ആർ. നായർ—ചെറുകഥകൾ | 1 | 0 | 0 |
| പൊന്തക്കാടുകൾ—(അരുണന്റെ ഹാസ്യലേഖനങ്ങൾ) | 0 | 12 | 0 |
| നിശാഗന്ധി—എസ്സ്. കെ പൊറ്റെക്കാട്ട് (പരിഷ്ക്കരിച്ച രണ്ടാം പതിപ്പ്) | 1 | 8 | 0 |
| കാൽച്ചിലമ്പ്—ഇ. എം. കോവൂർ—ചെറുകഥകൾ | 1 | 8 | 0 |
| ഹ്യയാൻസാങ്ങിന്റെ ഭാരതയാത്ര എം. കെ. കോരൻ | 1 | 8 | 0 |

മേഘമാല—എസ്സ്. കെ പൊറ്റെക്കാട്ട് (ചെറുകഥകൾ) രണ്ടാം പതിപ്പ്
മങ്ങിയ ചിത്രങ്ങൾ—സി. ബി കുമാർ—ചെറുകഥകൾ
വിഷകന്യക—എസ്സ്. കെ. പൊറ്റെക്കാട്ട്
} അച്ചടിയിൽ

പി. കെ. ബ്രദേഴ്സ്,
കോഴിക്കോട്.

241059

241059